34th Year of Service 2026

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

February 02, 2026 Vol. XXXIV No. 05

6 ഇന്ത്യ–യൂറോപ്യൻ യൂണിയൻ വ്യാപാരക്കരാർ ഒപ്പുവെച്ചു
8 ഇന്ത്യയെ ആക്രമിച്ചാൽ തിരിച്ചടിക്കും: രാഷ്ട്രപതി
11 ചെറിയ നോട്ടുകൾ മാത്രം കിട്ടുന്ന എടിഎമ്മുകൾ
17 മെത്രാഭിഷേക വാർഷികവും ന്യൂഇയർ ആഘോഷവും
34 അന്താരാഷ്ട്ര സഹകരണം ശക്തമാക്കണം

## ജനപ്രിയ പ്രഖ്യാപനങ്ങളില്ലാതെ കേന്ദ്രബജറ്റ്



ന്യൂഡൽഹി: കേരളമുൾപ്പെടെ അഞ്ച് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് വർഷമായിട്ടും ജനപ്രിയ പ്രഖ്യാപനങ്ങൾക്ക് മുതിരാതെ പ്രായോഗികതലത്തിലൂന്നി കേന്ദ്ര ബജറ്റ്.

എയിംസ് ഉൾപ്പെടെ വൻ പ്രഖ്യാപനങ്ങൾക്ക് കാതോർത്ത കേരളത്തിന് ആശ്വസിക്കാനുള്ളത് അപൂർവ ധാതു ഇടനാഴിയും കടലാമ കേന്ദ്രങ്ങളിലെ വിനോദ സഞ്ചാരപാതയും. ഏഴ് അതിവേഗ റെയിൽ ഇടനാഴികളും ഒരു ചരക്കുനീക്ക ഇടനാഴിയും 20 പുതിയ ദേശീയ ജലപാതകളും പ്രഖ്യാപിച്ചതിലും കേരളമില്ല.


കഴിഞ്ഞവർഷം വൻ ഇളവ് നൽകിയ ആദായ നികുതി നിരക്കിൽ തൊട്ടില്ല. ഫ്യൂച്ചർ, ഓപ്ഷൻ ഇടപാടുകൾക്ക് നികുതി കൂട്ടിയതോടെ ഓഹരിവിപണി കുത്തനെയിടിയുകയും ചെയ്തു. ധനമന്ത്രി നിർമലാ സീതാരാമന്റെ ഒൻപതാം ബജറ്റിനെ ചരിത്രപരമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വിശേഷിപ്പിച്ചപ്പോൾ, പ്രതിസന്ധികളോട് കണ്ണടയ്ക്കുന്നതും ജനവിരുദ്ധവുമായ ബജറ്റെന്ന് പ്രതിപക്ഷം കുറ്റപ്പെടുത്തി.

സമ്പന്ന ധാതുശേഖരമുള്ള കേരളം, ഒഡീഷ, ആന്ധ്രപ്രദേശ്, തമിഴ്നാട് സംസ്ഥാനങ്ങൾക്കാണ് അപൂർവ ധാതു ഇടനാഴികൾ സ്ഥാപിക്കാൻ പിന്തുണ നൽകുന്നത്.

കടലാമകളുടെ പ്രജനന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാര പാതയും കേരളമുൾപ്പെടെ മൂന്ന് തീരദേശ സംസ്ഥാനങ്ങൾക്ക് അനുവദിച്ചു.

ഓപ്പറേഷൻസിന്ദൂറിന് ശേഷമുണ്ടായ ആദ്യബജറ്റിൽ പ്രതിരോധ മേഖലയ്ക്കുള്ള വിഹിതം 15 ശതമാനം വർദ്ധിപ്പിച്ച് 7.85 ലക്ഷം കോടിയാക്കി. റോഡ്‌വികസനത്തിനുള്ള നീക്കിയിരിപ്പ് എട്ടുശതമാനം വർദ്ധിപ്പിച്ച് 3.09 ലക്ഷം കോടിയും (ശേഷം 34-ാം പേജിൽ)

## കേരളാ എക്സ്പ്രസ് മുൻ ന്യൂസ് എഡിറ്റർ തോമസ് വടക്കേൽ അന്തരിച്ചു



കോട്ടയം: മുതിർന്ന മാധ്യമപ്രവർത്തകൻ തോമസ് വടക്കേൽ (82) അന്തരിച്ചു. സംസ്കാരം നടത്തി. മുപ്പതു വർഷത്തോളം കേരളാ എക്സ്പ്രസ് കേരള ഘടകം എഡിറ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദീപികയിലൂടെ പത്രപ്രവർത്തനം ആരംഭിച്ച തോമസ് വടക്കേൽ കോട്ടയം പ്രസ്ക്ലബ് സെക്രട്ടറി, ഫിലിം ക്രിട്ടിക്സ് അസോസിയേഷന്റെ സ്ഥാപകാംഗം, പ്രസിഡണ്ട്, ദീപിക, കുട്ടികളുടെ ദീപിക എഡിറ്റർ എന്നീ നിലകളിലും പ്രവർത്തിച്ചു. കേരളാ എക്സ്പ്രസ്സിൽ അദ്ദേഹം എഴുതിയ എഡിറ്റോറിയലുകൾ പലതും ഏറെ ശ്രദ്ധ നേടിയിട്ടുണ്ട്.

ഭാര്യ: ദീനാമ്മ തോമസ് (മുൻ അദ്ധ്യാപിക അമലാംബിക കോളജ് കോട്ടയം, സെന്റ് ജോൺസ് കോളജ്, തിരുവല്ല). മക്കൾ: സിറിൾ തോമസ് വടക്കേൽ (യുകെ), ജോർജുകുട്ടി തോമസ് (യുകെ), അമൃത ബിജു നാല്പതാംകളം (രാമങ്കരി, ആലപ്പുഴ). മരുമക്കൾ: ബിജു നാല്പതാംകളം, സ്വപ്ന ചാക്കോ (യുകെ). കൊച്ചുമക്കൾ: ഏഞ്ചൽ ബിജു (എൽഎൽബി വിദ്യാർത്ഥി), ആൻ റോസ് ബിജു (പ്ലസ് വൺ വിദ്യാർത്ഥിനി), ഡാനിയൽ തോമസ് ജോർജ്, ജോയൽ ജെയിംസ് ജോർജ്, ജോഷ്വ തോമസ് ജോർജ് (മൂവരും യുകെയിൽ വിദ്യാർത്ഥികൾ).

കേരളാ എക്സ്പ്രസിനു വേണ്ടി കോ-ഓർഡിനേറ്റിംഗ് എഡിറ്റർ മാണി സാമുവൽ പരേതന്റെ ഭവനത്തിലെത്തി മൃതദേഹത്തിൽ റീത്ത് സമർപ്പിച്ചു. തോമസ് വടക്കേലിന്റെ നിര്യാണത്തിൽ കേരളാ എക്സ്പ്രസ് കുടുംബാംഗങ്ങളുടെ ആദരാഞ്ജലികൾ.

## ഗ്രാമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

ലോസാഞ്ചലസ്: 68-ാമത് ഗ്രാമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ടിബറ്റൻ ആത്മീയ ഗുരു ദലൈലാമയ്ക്കും അമേരിക്കൻ സംവിധായകൻ സ്റ്റീവൻ സ്പിൽബർഗിനും പുരസ്കാരങ്ങൾ. മികച്ച ഓഡിയോ ബുക്ക്, നരേഷൻ, സ്റ്റോറി ടെല്ലിങ് ആൻഡ് റെക്കോർഡിങ് എന്നീ പുരസ്കാരങ്ങളാണ് ദലൈലാമ നേടിയത്. അദ്ദേഹത്തിന്റെ ആദ്യ ഗ്രാമി പുരസ്കാരമാണിത്.

'മ്യൂസിക് ഫോർ ജോൺ വില്യംസ്' മികച്ച സംഗീത സിനിമയ്ക്കുള്ള പുരസ്കാരം സ്വന്തമാക്കിക്കൊണ്ട് സ്റ്റീവൻ സ്പിൽബർഗ് തന്റെ ആദ്യ ഗ്രാമി അവാർഡ് നേടി. ഇതോടെ എമ്മി, ഗ്രാമി, ടോണി, ഓസ്കർ എന്നീ പുരസ്കാരങ്ങൾ നേടിയ കലാകാരനായി സ്പിൽബർഗ്. ലോസാഞ്ചലസിലെ ക്രിപ്റ്റോ ഡോട്ട്കോം അരീനയായിരുന്നു ഗ്രാമിയുടെ പുരസ്കാരവേദി. നൂറ് വിഭാഗങ്ങളിലായാണ് ഇത്തവണ ഗ്രാമി പുരസ്കാര മത്സരം നടന്നത്. ഹാസ്യതാരവും എഴുത്തുകാരനും നടനുമായ ട്രെവർ നോവയായിരുന്നു അവതാരകൻ. തുടർച്ചയായി ആറാം തവണയാണ് ട്രെവർ ഗ്രാമിയുടെ അവതാരകനാകുന്നത്.

അമേരിക്കൻ റാപ്പർ കെൻഡ്രിക് ലാമർ മികച്ച റാപ്പ് പെർമോൻസ് ഉൾപ്പെടെ മൂന്ന് അവാർഡുകൾ സ്വന്തമാക്കി. ഗ്രാമി ചരിത്രത്തിൽ ഏറ്റവും കൂടുതൽ അവാർഡുകൾ നേടിയ ഹിപ്-ഹോപ് കലാകാരനാണ് ലാമർ. ആകെ 26 തവണ ലാമർ അവാർഡുകൾ സ്വന്തമാക്കിയിട്ടുണ്ട്. ഇത്തവണ ഏറ്റവും കൂടുതൽ നാമനിർദേശങ്ങൾ ലഭിച്ചതും ലാമറിനാണ്. ഒമ്പത് പുരസ്കാരങ്ങൾക്കായി ലാമറിനെ പരിഗണിച്ചു. ഇതിൽ മൂന്നെണ്ണം നേടി. ഏഴു നിർദ്ദേശങ്ങളുമായി ലേഡി ഗാഗയായിരുന്നു തൊട്ടു പിന്നിൽ. സബ്രിന കാർപെന്ററും ബാഡ് ബണ്ണിയും ആറ് പുരസ്കാരങ്ങൾക്കായി പരിഗണിക്കപ്പെട്ടു. ഫാരെൽ വില്യംസ് മുതൽ അലക്സ് വാറൻ, ലോള യങ് വരെ നിരവധി കലാകാരന്മാർ ഗ്രാമിയിൽ ഉജ്വല പ്രകടനം കാഴ്ചവെച്ചു. ഇന്ത്യൻ പ്രതീക്ഷകളായിരുന്ന അനുഷ്ക ശങ്കർ, സിദ്ധാന്ത് ഭാട്ടിയ. ചാരു സുരി എന്നിവർക്ക് പുരസ്കാരം നേടാനായില്ല.

## ദാദാസാഹിബ് ഫാൽക്കെ അവാർഡ് ജേതാവായ മോഹൻലാലിനെ സിഎംഎ പ്രസിഡണ്ട് ജോസ് മണക്കാട്ട് അഭിനന്ദിച്ചു



ചിക്കാഗോ: ഇന്ത്യൻ സിനിമയിലെ പരമോന്നത ബഹുമതിയായ ദാദാസാഹിബ് ഫാൽക്കെ അവാർഡ് ലഭിച്ച മഹാനടൻ മോഹൻലാലിനെ ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജോസ് മണക്കാട്ട് നേരിട്ട് സന്ദർശിച്ച് അഭിനന്ദിച്ചു. എറണാകുളത്തുള്ള മോഹൻലാലിന്റെ വസതിയിലെത്തിയാണ് അദ്ദേഹം ഈ ആദരവ് അറിയിച്ചത്.

നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനകളിലൊന്നായ ചിക്കാഗോ മലയാളി അസോസിയേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജോസ് മണക്കാട്ട് വിശദീകരിക്കുകയും സംഘടനയിലെ എല്ലാ അംഗങ്ങളുടെയും ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങളും ആശംസകളും മോഹൻലാലിന് കൈമാറുകയും ചെയ്തു. ചിക്കാഗോ മലയാളി സമൂഹത്തിന്റെ സ്നേഹവും അഭിമാനവും ഏറ്റുവാങ്ങിയ മോഹൻലാൽ, അസോസിയേഷന്റെ പ്രവർത്തനങ്ങളെ പ്രശംസിക്കുകയും സംഘടനയ്ക്ക് തന്റെ എല്ലാ ആശംസകളും അറിയിക്കുകയും ചെയ്തു. (ശേഷം 34-ാം പേജിൽ)

SUNNY FINANCIAL STRATEGIES, LLC

Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS SHOOK RESEARCH



Tom Sunny, CFP®, CLU®, RICP®

*Financial Planner & Wealth Advisor*

*Expert Guidance Through Life's Financial Transitions*

Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.

Support for complex financial moments, including:

- Financial Planning & Wealth Management
- Retirement Income Strategy
- 401(k) & IRA Investment Optimization
- Estate Planning & Trusts
- Risk Management & Insurance
- Tax Planning Strategies
- Business & Employee Benefits
- Social Security & Medicare

*Complimentary Financial Plan*
Retirement & Estate Review
No Cost • Limited Availability

*Let's Plan Your Brighter Financial Future*

847-414-9116 tom@sunnyfinancial.com
SunnyFinancial.com

SCAN TO LEARN MORE

475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

# SECURE TAX SERVICES

## DBA Small Business Accounting LLC

## Personal and Business Tax Services



Tino Simon Mundaplackil

Phone: 630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540

**Free Electronic Filing**

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**

**Home Visits Available**



Steve Crifase
Steve@Crifaselaw.com

# CRIFASE LAW FIRM, LTD.

**312-855-0511**

Free Consultation/Your Call Is Always Welcome Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

# രണ്ടാം പിണറായി സർക്കാരിന്റെ അവസാന ബജറ്റ്

തിരുവനന്തപുരം: കാലാവധി കഴിയാനിരിക്കേ ഇടക്കാല ബജറ്റിനു പകരം, വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രകടനപത്രിക പോലെ വമ്പൻ പ്രഖ്യാപനങ്ങളുമായി രണ്ടാം പിണറായി സർക്കാരിന്റെ അവസാന 'സമ്പൂർണ' ബജറ്റ്. ആദ്യത്തെ ആറ് പേജ് കേന്ദ്രസർക്കാരിനെ വിമർശിക്കാൻ നീക്കിവെച്ച ബജറ്റിൽ പ്രതീക്ഷിച്ചതുപോലെ ക്ഷേമപെൻഷൻ വർധനയും റബർ താങ്ങുവില വർധനയുമുണ്ടായില്ലെങ്കിലും സർക്കാർ ഉദ്യോഗസ്ഥരെ തത്കാലം പിടിച്ചുനിർത്താനുള്ള പൊടിക്കൈകൾ ഏറെ. ശമ്പളവർധനയ്ക്കു പകരം ശമ്പളപരിഷ്കരണ കമ്മീഷൻ പ്രഖ്യാപിച്ചു. ഡി.എ. കുടിശിക ഈ സർക്കാരിന്റെ കാലത്തുതന്നെ തീർക്കുമെന്നു വാഗ്ദാനം. ആദ്യ ഗഡു അടുത്തമാസം. പങ്കാളിത്ത പെൻഷൻ പദ്ധതിക്കു പകരം അഷ്വേഡ് പെൻഷൻ പദ്ധതി ഏപ്രിൽ ഒന്നുമുതൽ. അവസാനം വാങ്ങിയ അടിസ്ഥാനശമ്പളത്തിന്റെ 50 ശതമാനം പെൻഷൻ ഉറപ്പാക്കും.

ആശ വർക്കർമാരുടെ ഓണറേറിയം മുഖ്യമന്ത്രി പ്രഖ്യാപിച്ച 1000 രൂപയ്ക്കു പുറമേ 1000 രൂപ കൂടി വർധിപ്പിച്ചു. അംഗൻവാടി പ്രവർത്തകർ, സ്കൂൾ പാചകത്തൊഴിലാളികൾ, പ്രീ പ്രൈമറി അധ്യാപകർ, സാക്ഷരതാ പ്രേരകുമാർ എന്നിവരുടെ വേതനവും വർധിപ്പിച്ചു. ബിരുദതലംവരെ സൗജന്യ വിദ്യാഭ്യാസം, അപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യത്തെ അഞ്ചുദിവസം സൗജന്യചികിത്സ, വിദ്യാർത്ഥികൾക്കും വിവിധ മേഖലകളിലെ അസംഘടിത തൊഴിലാളികൾക്കും ഇൻഷുറൻസ് പരിരക്ഷ തുടങ്ങിയവ ജനപ്രിയപ്രഖ്യാപനങ്ങളിൽ ഇടംപിടിച്ചു. ശബരിമല മാസ്റ്റർ പ്ലാനിന് 30 കോടി രൂപയും പമ്പ ശുചീകരണപദ്ധതിക്ക് 30 കോടിയും വകയിരുത്തി. വയനാട് പുനരധിവാസ പദ്ധതിയിലെ ആദ്യഘട്ടം വീടുകൾ അടുത്തമാസം മൂന്നാംവാരം കൈമാറും. മെഡിസെപ്പിനു സമാനമായ ആരോഗ്യ പരിരക്ഷാപദ്ധതി പൊതു-സഹകരണ മേഖലകളിലേക്കും വ്യാപിപ്പിക്കും. കേരള നിയമസഭയുടെ ചരിത്രത്തിലെ നാലാമത്തെ ദൈർഘ്യമേറിയ ബജറ്റ് പ്രസംഗമാണ് മന്ത്രി കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ചത്.



ആശ വർക്കർമാർ-1000 രൂപ, അംഗൻവാടി വർക്കർമാർ-1000, ഹെൽപ്പർമാർ-500, പ്രീ-പ്രൈമറി അധ്യാപകർ-1000, സാക്ഷരതാ പ്രേരക്മാർ-1000, ലൈബ്രേറിയൻമാരുടെ അലവൻസ്-1000 രൂപ എന്നിങ്ങനെ പ്രതിമാസ വേതന വർധനവും പ്രതിദിനം സ്കൂൾ പാചകത്തൊഴിലാളി-25 രൂപ, കരാർ/ദിവസവേതന ജീവനക്കാർ-5 ശതമാനവും പത്രപ്രവർത്തകർ-1500 രൂപ, കാൻസർ, ലെപ്രസി, എയ്ഡ്സ്, ക്ഷയരോഗ ബാധിതർ-1000 രൂപ പ്രതിമാസ പെൻഷനും ഏർപ്പെടുത്തി.

സർക്കാർ ജീവനക്കാർക്ക് 12-ാം ശമ്പളപരിഷ്കരണ കമ്മീഷൻ. മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കും. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ശേഷിക്കുന്ന ഡി.എ, ഡിആർ ഗഡുക്കൾ പൂർണമായി നൽകും. ഒരു ഗഡു ഡി.എ. ഫെബ്രുവരിയിലെ ശമ്പളത്തിനൊപ്പം. ബാക്കി മാർച്ചിൽ. സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിങ് അഡ്വാൻസ് സ്കീം പുനഃസ്ഥാപിക്കും. അഷ്വേഡ് പെൻഷനിൽ ഡിആർ അനുവദിക്കും. നിലവിലെ എൻപിഎസിൽനിന്ന് അഷ്വേഡ് പെൻഷനിലേക്ക് മാറാൻ അവസരം. തലസ്ഥാനത്ത് വി.എസ്. അച്യുതാനന്ദൻ സ്മാരകകേന്ദ്രത്തിന് 20 കോടി. സിൽവർ ലൈനിനു പകരം അതിവേഗ റെയിൽപാതയായ തിരുവനന്തപുരം-കാസർഗോഡ് റീജണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം (ആർആർടിഎസ്) പ്രാരംഭപ്രവർത്തനങ്ങൾക്ക് 100 കോടി.

പഴയ പെട്രോൾ, ഡീസൽ ഓട്ടോറിക്ഷകൾ പൊളിച്ച് ഇലക്ട്രിക് ഓട്ടോകൾ വാങ്ങുന്നവർക്ക് ഒറ്റത്തവണ സ്ക്രാപ്പേജ് ബോണസ് 40,000 രൂപ. ഇ-ഓട്ടോറിക്ഷകൾ വാങ്ങാനുള്ള വായ്പകൾക്ക് രണ്ട് ശതമാനം പലിശയിളവ്. കട്ടപ്പന-തേനി തുരങ്കപാത സാധ്യതാപഠനത്തിന് 10 കോടി.

ഇസ്ലാമിക പണ്ഡിതനും സാമൂഹികപരിഷ്കർത്താവുമായിരുന്ന ഷെയ്ഖ് സൈനുദീൻ മഖ്ദൂം രണ്ടാമന്റെ പേരിൽ പൊന്നാനിയിൽ ചരിത്രഗവേഷണ കേന്ദ്രം സ്ഥാപിക്കാൻ മൂന്നുകോടി രൂപ നീക്കിവെച്ചു. അയ്യങ്കാളി പഠനകേന്ദ്രത്തിനും കാവാരികുളം കണ്ടൻ കുമാരൻ പഠനകേന്ദ്രത്തിനും മാർ ഇവാനിയോസ് മ്യൂസിയത്തിനും 1.5 കോടി വീതം വകയിരുത്തി.

ജില്ലാ ആശുപത്രികളിൽ ആർത്തവവിരാമ ക്ലിനിക്കുകൾ സ്ഥാപിക്കാൻ മൂന്നുകോടി. കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണന, വിതരണ ശൃംഖലയ്ക്ക് 22.27 കോടി. അപൂർവരോഗമായ സ്പൈനൽ മസ്കുലാർ അട്രോഫിക്ക് മരുന്ന് ലഭ്യമാക്കാൻ 30 കോടി.

തിരുവനന്തപുരം-അങ്കമാലി എം.സി. റോഡ് വികസനത്തിന് 5217 കോടിയുടെ കിഫ്ബി പദ്ധതി. കിളിമാനൂർ, നിലമേൽ, ചടയമംഗലം, ആയൂർ, പന്തളം, ചെങ്ങന്നൂർ പട്ടണങ്ങളിൽ ബൈപാസുകൾ, ജങ്ഷൻ വികസനം. ധനകാര്യഭരണസംവിധാനം ശക്തിപ്പെടുത്താൻ കൊച്ചിയിൽ ഫിനാൻസ് ടവർ. വിൽപ്പനനികുതി ചെക്ക്പോസ്റ്റുകളുടെ അടിസ്ഥാനസൗകര്യങ്ങൾ ജിഎസ്ടി നിരീക്ഷണസംവിധാനങ്ങളാക്കും.

കാർഷിക, അനുബന്ധമേഖലയ്ക്ക് 2071.95 കോടി, മുഖ്യമന്ത്രിയുടെ സ്ത്രീസുരക്ഷാപദ്ധതിക്ക് 3720 കോടി, മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് സ്കോളർഷിപ് പദ്ധതിക്കും ക്ഷേമപെൻഷൻ നൽകാൻ 14,500 കോടിയും ബജറ്റിൽ വകയിരുത്തി.

നികുതിദായകരെ ആദരിക്കാനും പുരസ്കാരം നൽകാനും അഞ്ചുകോടി, നേറ്റിവിറ്റി കാർഡ് പദ്ധതിക്ക് 20 കോടി, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ജനറൽ പർപ്പസ് ഫണ്ട് 3237 കോടി, മെയിന്റനൻസ് ഫണ്ട് 4316 കോടി, പ്ലാൻ ഫണ്ട് 10,189 കോടിയും വകയിരുത്തിയിട്ടുണ്ട്.

തദ്ദേശസ്ഥാപന ജനപ്രതിനിധികളുടെ ഓണറേറിയം വർധിപ്പിക്കും. മുൻജനപ്രതിനിധികൾക്കു ക്ഷേമനിധി ഏർപ്പെടുത്തും.

(ശേഷം 34-ാം പേജിൽ)

## നാട്ടിലെ ഭൂമി വിൽക്കാൻ പ്രവാസികൾക്ക് ഇനി കുരുക്കില്ല

ന്യൂഡൽഹി: പ്രവാസികൾ നാട്ടിലെ വീട് അല്ലെങ്കിൽ വസ്തു വിൽക്കുമ്പോൾ ഉള്ള ആദായനികുതി നടപടികളിലെ സങ്കീർണതകൾ ഇനി കുറയും.

വിൽപ്പന തുകയിൽ നിന്നും മുൻകൂർ നികുതി (ടിഡിഎസ്) അടയ്ക്കാനും തുക നിക്ഷേപിക്കാനും ഇതുവരെ ടാൻ (ടാക്സ് ഡിഡക്ഷൻ അക്കൗണ്ട്) നമ്പർ വേണമായിരുന്നു. ഈ നമ്പർ എടുക്കാൻ പ്രവാസികൾക്ക് ഏറെ ബുദ്ധിമുട്ട് നേരിട്ടിരുന്നു. മാത്രമല്ല ഇതു മൂലം ഇടപാടുകൾ വൈകാനും മുടങ്ങാനും ഇടവന്നിരുന്നു. ഇനി മുതൽ ടിഡിഎസ് പിടിക്കാൻ ടാൻ വേണ്ട, പകരം പാൻ (പെർമനന്റ് അക്കൗണ്ട് നമ്പർ) കാർഡ് മതിയാകും. പുതിയ ബജറ്റ് നിർദേശം പ്രവാസികൾക്ക് ഏറെ ആശ്വാസം പകരുന്നതാണ്. ഇനി ടാൻ നമ്പറിനു പകരം, വസ്തു വാങ്ങുന്ന ഇന്ത്യൻ പൗരന്റെ പാൻ അടിസ്ഥാനമാക്കിയുള്ള ചെല്ലാൻ ഉപയോഗപ്പെടുത്തി ടിഡിഎസ് ഇടപാടു നടത്താം എന്നാണ് ബജറ്റ് വ്യക്തമാക്കുന്നത്.

## മഹാരാഷ്ട്ര ആദ്യവനിതാ ഉപമുഖ്യമന്ത്രിയായി സുനേത്ര പവാർ

മുംബൈ: വിമാനാപകടത്തിൽ മരണമടഞ്ഞ എൻസിപി നേതാവ് അജിത് പവാറിന് പകരമായി ഭാര്യ സുനേത്ര പവാർ മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. രാജ്യസഭാംഗത്വം രാജിവെച്ചാണ് 62-കാരിയായ സുനേത്ര സംസ്ഥാന ഭരണനേതൃത്വത്തിലെത്തുന്നത്. ലോക്ഭവനിൽ നടന്ന ലളിതമായ ചടങ്ങിൽ ഗവർണർ ആചാര്യ ദേവ്രത് സത്യവാചകം ചൊല്ലിക്കൊടുത്തു.

അജിത് ദാദാ അമർ രഹേ എന്ന മുദ്രാവാക്യം വിളികളോടെയായിരുന്നു സത്യപ്രതിജ്ഞ. മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ്, ഉപമുഖ്യമന്ത്രി ഏക്നാഥ് ഷിൻഡേ, എൻസിപി നേതാവ് പ്രഫുൽ പട്ടേൽ, സുനൽ താത്കറേ, ഛഗൻ ഭുജ്ബൽ തുടങ്ങിയ പ്രമുഖർ ചടങ്ങിൽ സന്നിഹിതരായിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെ പ്രമുഖർ സ്ഥാനലബ്ധിയിൽ സുനേത്രയെ അഭിനന്ദിച്ചു.

നേരത്തെ എൻസിപി നിയമസഭാ കക്ഷി നേതാവായി സുനേത്രയെ തെരഞ്ഞെടുത്തിരുന്നു. സൗത്ത് മുംബൈയിലെ വിധാൻ സഭാ കോംപ്ലക്സിൽ അജിത് പവാറിന്റെ ഓഫീസിലായിരുന്നു യോഗം. ദിലീപ് വാൽസി പാട്ടീൽ ആണ് സുനേത്രയുടെ പേര് നിർദ്ദേശിച്ചത്.



ഭക്ഷ്യ, പൊതുവിതരണ മന്ത്രി ഛഗൻ ഭുജ്ബൽ നിർദേശത്തെ പിന്താങ്ങി. നിയമസഭയുടെ ഇരുസഭകളിലും അംഗമല്ലാത്തതിനാൽ ബാരാമതി ഉപതെരഞ്ഞെടുപ്പിൽ സുനേത്ര മത്സരിച്ചേക്കും.

രാഷ്ട്രീയപാരമ്പര്യമുള്ള കുടുംബത്തിൽ നിന്നാണെങ്കിലും സുനേത്ര പൊതുവേദികളിൽ അപൂർവമായി മാത്രമേ പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ബാരാമതിയിൽ മത്സരിച്ചതോടെയാണ് പൊതുരംഗത്ത് സജീവമായത്. എന്നാൽ, ഉറ്റബന്ധുവും ശരത് പവാറിന്റെ മകളുമായ സുപ്രിയ സുലെയോട് പരാജയപ്പെടുകയായിരുന്നു. പിന്നീട് രാജ്യസഭാംഗമായി സുനേത്രയെ തെരഞ്ഞെടുത്തു.

ഭരണത്തിനു പുറമെ അജിത് പവാർ വിഭാഗം എൻസിപിയെ ഒന്നിച്ചു നിർത്തുക എന്നതാണ് സുനേത്രയ്ക്കു മുന്നിലുള്ള പ്രധാന വെല്ലുവിളി. ശരത് പവാർ വിഭാഗവുമായുള്ള ലയനമാണ് മുന്നിലുള്ള മറ്റൊരു ദൗത്യം.

## കേരളം അപൂർവ ധാതുക്കളുടെ കലവറ; ഖനനത്തിനു തടസം ജനസാന്ദ്രത

തിരുവനന്തപുരം: ലോകത്തിലെ ഏറ്റവും സമ്പന്നമായ തോറിയം അടങ്ങിയ മോണോസൈറ്റ്, ഇൽമനൈറ്റ്, റൂട്ടൈൽ, ല്യൂക്കോക്സീൻ തുടങ്ങിയ ടൈറ്റാനിയം ധാതുക്കൾ, സിർക്കോൺ, അനുബന്ധ അപൂർവ ഭൂമി മൂലകങ്ങൾ എന്നിവയുടെ സാന്ദ്രത ചവറ-നീണ്ടകര-കായംകുളം തീരത്ത് കാണപ്പെടുന്നുണ്ട്. ഭൂഗർഭ ഖനനമോ വൻതോതിലുള്ള പാറപൊട്ടിക്കലോ ഇല്ലാതെ എളുപ്പത്തിൽ ഇവ ഖനനം ചെയ്യാനാകും. ഊർജ പരിവർത്തനം, പ്രതിരോധ നിർമാണം, ഇലക്ട്രോണിക്സ്, നൂതന ലോഹശാസ്ത്രം എന്നിവയ്ക്ക് ഒഴിച്ചുകൂടാനാകാത്ത വസ്തുക്കളാണിവ.

തന്ത്രപരമായ ധാതു പര്യവേക്ഷണത്തിനുള്ള ഇന്ത്യയുടെ പൈലറ്റ് സംസ്ഥാനമായി കേരളത്തെ ഔദ്യോഗികമായിത്തന്നെ നിശ്ചയിക്കണമെന്ന് ശശി തരൂർ എംപി മുമ്പ് ചൂണ്ടിക്കാട്ടിയിരുന്നു. പാർലമെന്റിൽ വിവാദമായ ശാന്തി ബില്ലിനെക്കുറിച്ച് എഴുതിയ ഒരു ലേഖനത്തിലായിരുന്നു തരൂർ ഇക്കാര്യം പറഞ്ഞത്. ലോകത്തിലെ ഏറ്റവും വലിയ മോണസൈറ്റ് കരുതൽ ശേഖരമുള്ള ഇന്ത്യ, ആഗോള തോറിയം വിഭവങ്ങളുടെ ഏകദേശം നാലിലൊന്ന് കൈവശം വെക്കുന്നു. അതിൽ ഭൂരിഭാഗവും കേരളത്തിലാണ്. തോറിയം വെറുമൊരു ധാതുവല്ല; നൂതന ബ്രീഡർ റിയാക്ടറുകൾ വഴി നൂറ്റാണ്ടുകളോളം ഇന്ത്യയെ ഊർജസ്വലമാക്കാൻ കഴിവുള്ള ഒരു ദീർഘകാല ഊർജ ആസ്തിയാണിതെന്നും അദ്ദേഹം വിശദീകരിച്ചിരുന്നു.

കണ്ണൂർ, കാസർഗോഡ്, തിരുവനന്തപുരം, കൊല്ലം, പാലക്കാട് ജില്ലകളിൽ ചൈനാക്ലേ, ചേർത്തല-അരൂക്കുറ്റി ഭാഗത്ത് സിലിക്ക മണൽ, പാലക്കാട് (വാളയാർ), കൊല്ലം, ആലപ്പുഴ, കോട്ടയം, മലപ്പുറം ജില്ലകളിൽ ചുണ്ണാമ്പുകല്ല്, എറണാകുളം, ഇടുക്കി, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ഗ്രാഫൈറ്റ്, കണ്ണൂർ, കാസർഗോഡ്, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ബോക്സൈറ്റ് എന്നിവയുടെയും നിക്ഷേപങ്ങളുണ്ട്.

കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇരുമ്പയിരും മലപ്പുറം, പാലക്കാട് ജില്ലകളിൽ ഫയർ ക്ലേ, ഗാർനെറ്റ്, സ്വർണം എന്നിവയും പാലക്കാട്ട് മാഗ്നസൈറ്റും കാണപ്പെടുന്നുണ്ട്.

എന്നാൽ, ഇത്തരം ധാതുക്കളുടെ ഖനനത്തിന് കേരളത്തിലെ ജനസാന്ദ്രത വലിയ തടസമാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന തീരമേഖലയിൽ ഖനനമുണ്ടാക്കുന്ന പരിസ്ഥിതി പ്രത്യാഘാതങ്ങളെക്കുറിച്ച് ജനങ്ങൾക്ക് വലിയ ആശങ്കയുണ്ട്. കരിമണൽ ഖനനത്തിലും കാഞ്ഞങ്ങാട്ട് ബോക്സൈറ്റ് ഖനനത്തിനുമടക്കം വലിയ പ്രതിഷേധമുയർന്നിരുന്നു. സുതാര്യവും സത്യസന്ധവുമായ പരിസ്ഥിതി ആഘാത പഠനങ്ങൾ നടത്തി ജനങ്ങളെ ബോധ്യപ്പെടുത്തിയാലേ ഖനനം സാധ്യമാകൂ എന്നതാണ് കേരളത്തിന്റെ അനുഭവം വ്യക്തമാക്കുന്നത്.

# ആദായനികുതി റെയ്ഡ്: കോൺഫിഡന്റ് ഗ്രൂപ്പ് ഉടമ സ്വയം വെടിവെച്ചു മരിച്ചു

ബംഗളൂരു: ദക്ഷിണേന്ത്യയിലെ പ്രമുഖ ബിൽഡറായ കോൺഫിഡന്റ് ഗ്രൂപ്പ് ഉടമ ഡോ. സി.ജെ. റോയ് സ്വയം വെടിയുതിർത്ത് ജീവനൊടുക്കി. ആദായ നികുതി വകുപ്പിന്റെ പരിശോധനയ്ക്കിടെ ബംഗളൂരു അശോക് നഗറിലുള്ള കമ്പനി ആസ്ഥാനത്താണ് സംഭവം. എച്ച്.എസ്.ആർ ലേഔട്ടിലെ നാരായണ ഹോസ്പിറ്റലിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

നികുതി വെട്ടിപ്പ് ആരോപണങ്ങളെത്തുടർന്നു മൂന്നു ദിവസമായി ഓഫീസുകളിലും വസതികളിലും കോൺഫിഡന്റ് ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു സ്ഥലങ്ങളിലും ആദായ നികുതി വകുപ്പ് പരിശോധന നടക്കുന്നുണ്ടായിരുന്നു. കൊച്ചിയിൽനിന്നുള്ള സംഘമാണ് റെയ്ഡിനെത്തിയത്. പല തവണ ഇൻകം ടാക്സ് അധികൃതർ റെയ്ഡിനെത്തിയപ്പോൾ സി.ജെ. റോയ് കോടതിയെ സമീപിച്ചിരുന്നു. റെയ്ഡിന്റെ പേരിൽ അദ്ദേഹം മാനസിക സംഘർഷത്തിലായിരുന്നെന്നും ജീവനക്കാർ അശോക് നഗർ പോലീസിനു മൊഴി നൽകി.

നികുതി വെട്ടിപ്പു സംബന്ധിച്ച പരാതിയിലായിരുന്നു റെയ്ഡ്. ജനുവരി 30-ന് രാവിലെ മുതൽ ഉദ്യോഗസ്ഥർ ചോദ്യം ചെയ്തു. വൈകിട്ട് പരിശോധന അവസാനിക്കുമ്പോൾ കസ്റ്റഡിയിലെടുക്കുമെന്ന ആശങ്കയുണ്ടായിരുന്നെന്നാണ് വിവരം. ഇതിനു പിന്നാലെയാണു വൈകിട്ട് അഞ്ചോടെ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട രേഖകൾ എടുക്കാനായി മുറിയിലേക്ക് പോയ റോയ് സ്വയം വെടിയുതിർത്തത്. ഈ സമയത്തും റെയ്ഡുകൾ പുരോഗമിക്കുന്നുണ്ടായിരുന്നു. സംഭവത്തിനുശേഷം രണ്ട് വാഹനങ്ങളിലായി ആദായ നികുതി ഉദ്യോഗസ്ഥർ മടങ്ങി.

അശോക് നഗർ പോലീസ് സംഭവസ്ഥലത്തെത്തി പരിശോധന നടത്തി. മൃതദേഹം നാരായണ ഹൃദയാലയയിൽ എത്തിച്ചെങ്കിലും പിന്നീട് ബൗറിങ് ആശുപത്രിയിലേക്കു മാറ്റി.

കൊച്ചി സ്വദേശിയായ റോയ് ജനിച്ചു വളർന്നത് ബെംഗളൂരുവിലാണ്. മെക്കാനിക്കൽ എഞ്ചിനീയറിങ് ബിരുദത്തിനുശേഷം സിറ്റ്സർലൻഡിലെ എസ്ബിഎസ് ബിസിനസ് സ്കൂളിൽ നിന്ന് ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ഡോക്ടറേറ്റ് നേടി. ബഹുരാഷ്ട്ര കമ്പനിയായ എച്ച്.പിയിലെ ജോലി രാജിവെച്ചാണ് ബിസിനസിലേക്ക് ഇറങ്ങിയത്.

കേരളത്തിനകത്തും പുറത്തും ഗൾഫിലുമായി നിരവധി സംരംഭങ്ങളാണ് റോയിക്കുള്ളത്. 2006-ൽ തുടക്കമിട്ട കോൺഫിഡന്റ് ഗ്രൂപ്പ് കേരളത്തിലും ബെംഗളൂരുവിലും റിയൽ എസ്റ്റേറ്റ് പ്രോജക്ടുകൾ നടപ്പിലാക്കിയാണ് വളർന്നത്. റിയൽ എസ്റ്റേറ്റ്, സിനിമാ നിർമാണം, ഹോസ്പിറ്റാലിറ്റി മേഖലക



ളിലാണു കോൺഫിഡന്റ് ഗ്രൂപ്പ് പ്രവർത്തിക്കുന്നത്. ബംഗളൂരു, കേരളം, ദുബായ് എന്നിവിടങ്ങളിൽ പാർപ്പിട സമുച്ചയങ്ങൾ, ഹോട്ടലുകൾ, ആശുപത്രികൾ എന്നിങ്ങനെ ഒട്ടേറെ സ്ഥാപനങ്ങൾ ഗ്രൂപ്പിനുണ്ട്.

കടരഹിത ബിസിനസ് എന്ന ആശയം പ്രായോഗികതലത്തിലെത്തിച്ച വ്യക്തിത്വമായിക്കൂടിയാണ് സി.ജെ. റോയിയെ ബിസിനസ് ലോകത്ത് അറിയപ്പെടുന്നത്. ബെംഗളൂരുവിൽ 3,000 കോടിയുടെ സയൺ ഹിൽസ് ഗോൾഡ് കൗണ്ടി പദ്ധതി ഒരു രൂപ പോലും കടമില്ലാതെയാണ് കോൺഫിഡന്റ് ഗ്രൂപ്പ് പൂർത്തിയാക്കിയത്. പറഞ്ഞുറപ്പിച്ച സമയത്തിനകം കൈമാറാത്ത ഒരു റസിഡൻഷ്യൽ പദ്ധതിപോലും കോൺഫിഡന്റ് ഗ്രൂപ്പിനില്ലെന്നും അതാണ് ഗ്രൂപ്പിനെ മറ്റു കമ്പനികളിൽ നിന്നു വേറിട്ടുനിർത്തുന്നതെന്നും അദ്ദേഹം ഒരിക്കൽ പറഞ്ഞിരുന്നു. നിലവിൽ കോൺഫിഡന്റ് ഗ്രൂപ്പിന് 200-ലേറെ ഉപഭോക്താക്കളുമുണ്ട്. റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി (റെറ) പ്രാബല്യത്തിൽവന്നശേഷം മാത്രം 70-ലേറെ പദ്ധതികളാണ് ഗ്രൂപ്പ് പൂർത്തീകരിച്ചത്.

കേരളം ഏതാനും വർഷംമുൻപ് നേരിട്ട മഹാപ്രളയാനന്തരം പൂർണമായും കോൺഫിഡന്റ് ഗ്രൂപ്പിന്റെ ചെലവിൽ അദ്ദേഹം 100 വീടുകൾ പ്രളയബാധിതർക്ക് നിർമിച്ചു കൈമാറിയിരുന്നു. 100-ലേറെ ഹൃദയശസ്ത്രക്രിയകൾക്കും അദ്ദേഹം സഹായം നൽകി. കാൻസർ രോഗികൾക്ക് ഉൾപ്പെടെയും സഹായം നൽകുന്നു. നിർധന കുടുംബങ്ങളിലെ നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും അദ്ദേഹം ലഭ്യമാക്കിയിരുന്നു.

കാസനോവ, മേം ഹൂ മൂസ, ഐഡന്റിറ്റി, മരയ്ക്കാർ, ലയൺ ഓഫ് ദ് അറേബ്യൻ സീ എന്നീ സിനിമകൾ അദ്ദേഹം നിർമിച്ചു. ഭാര്യ: ലിനി റോയ്. മക്കൾ: രോഹിത് റോയ്, റിയ മേരി റോയ്.

# ശാന്തി നിയമനങ്ങൾ; അന്തിമവിധിക്ക് വിധേയമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ശാന്തി നിയമനത്തിന് തന്ത്രവിദ്യാലയങ്ങളുടെ സർട്ടിഫിക്കറ്റ് യോഗ്യതയായി അംഗീകരിച്ച ഹൈക്കോടതിവിധിക്ക് എതിരായ ഹർജികളിൽ സുപ്രീംകോടതി നോട്ടീസ് അയച്ചു. നിലവിൽ നടക്കുന്ന നിയമനങ്ങൾ ഹർജികളിലെ അന്തിമവിധിക്ക് വിധേയമായിരിക്കുമെന്ന് സുപ്രീംകോടതി വ്യക്തമാക്കി. തിരുവിതാംകൂർ ദേവസ്വം ബോർഡ്, സംസ്ഥാന സർക്കാർ എന്നിവരുൾപ്പെടെയുള്ള എതിർകക്ഷികൾക്കാണ് നോട്ടീസ്. ദേവസ്വം ബോർഡും കേരള ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡും അംഗീകരിച്ച തന്ത്രവിദ്യാലയങ്ങൾ നല്കുന്ന സർട്ടിഫിക്കറ്റ് യോഗ്യതയായി അംഗീകരിക്കാം എന്നായിരുന്നു കേരള ഹൈക്കോടതി വിധി. എന്നാൽ, താന്ത്രിക് വിദ്യാഭ്യാസം നല്കുന്ന വിദ്യാലയങ്ങളെ വിലയിരുത്താനും അംഗീകാരം നല്കാനുമുള്ള വൈദഗ്ദ്ധ്യമോ നിയമപരമായ അധികാരമോ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഇല്ലെന്നാണ് ഹർജിക്കാരുടെ പ്രധാന വാദം. ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡിന് നിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ അധികാരം ഇല്ലെന്നും ഹർജിക്കാർ കോടതിയിൽ വാദിച്ചു. തന്ത്രവിദ്യാലയങ്ങളുടെ സർട്ടിഫിക്കറ്റ് യോഗ്യതയായി അംഗീകരിച്ച ഹൈക്കോടതി തന്ത്രിമാരുടെ സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കറ്റ് നല്കാൻ അനുമതി നല്കിയിട്ടില്ലെന്നും ഹർജിയിൽ ആരോപിച്ചിട്ടുണ്ട്. അഖില കേരള തന്ത്രിസമാജം, അഗ്നിശർമ്മൻ വാസുദേവൻ ഭട്ടതിരിപ്പാട് എന്നിവർ നല്കിയ ഹർജി ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവർ അടങ്ങിയ ബെഞ്ചാണ് പരിഗണിച്ചത്.

# മലബാർ സിമെന്റ്സ് അഴിമതി: മുൻ ചീഫ് സെക്രട്ടറി വിചാരണ നേരിടണമെന്ന് സുപ്രീം കോടതി

കൊച്ചി: മലബാർ സിമന്റ്സിലെ അഴിമതിക്കേസുകളുടെ വിചാരണ നടപടികൾ വൈകിപ്പിക്കാനുള്ള പ്രതികളുടെ നീക്കത്തിന് തിരിച്ചടി. കേസിൽ പ്രതിയായ മുൻ ചീഫ് സെക്രട്ടറി ജോൺ മത്തായിയും വിചാരണ നേരിടണമെന്നു സുപ്രീം കോടതി വിധിച്ചു.

2010-11-ലാണ് മലബാർ സിമെന്റ്സിൽ കോളിളക്കം സൃഷ്ടിച്ച കേസുകളുടെ കുറ്റപത്രം പാലക്കാട് വിജിലൻസ് ബ്യൂറോ തൃശൂർ വിജിലൻസ് കോടതിയിൽ സമർപ്പിച്ചത്. അതിൽ ശശീന്ദ്രൻ സാക്ഷിയായ മൂന്ന് കേസുകളിലും കമ്പനിയുടെ സിഎംഡിയും വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായിരുന്ന ജോൺ മത്തായി ഐഎഎസ് പ്രതിയായിരുന്നു.

കമ്പനിയുടെ ഇന്റേണൽ ഓഡിറ്ററും കമ്പനി സെക്രട്ടറിയുമായിരുന്ന വി. ശശീന്ദ്രൻ മൂന്ന് കേസുകളിലെയും മുഖ്യസാക്ഷിയായിരുന്നു. കുറ്റപത്രം സമർപ്പിച്ച് മൂന്നാം നാൾ 2011 ജനുവരി 24-നാണ് ശശീന്ദ്രനെയും രണ്ട് മക്കളെയും തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുന്നതിനും നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന മനുഷ്യാവകാശ സംരക്ഷണ കേന്ദ്രവും ശശീന്ദ്രന്റെ കുടുംബവും ദീർഘകാലമായി നടത്തിയ നിയമനടപടികളുടെ അന്തിമഫലമാണ് സുപ്രീം കോടതിയുടെ ഈ ഉത്തരവ്.

ഇതോടെ കരാറുകാരൻ വി.എം. രാധാകൃഷ്ണൻ ഉൾപ്പെടെ പ്രതികളായിട്ടുള്ളതും കുറ്റപത്രം സമർപ്പിച്ചതുമായ എട്ട് അഴിമതിക്കേസുകളുടെ വിചാരണ നടപടികളാണ് തൃശൂർ വിജിലൻസ് കോടതിയിൽ ആരംഭിക്കുക. നാൽപതോളം പ്രതികളാണ് ഇതിലുള്ളത്. ഉദ്യോഗസ്ഥരും ഇടനിലക്കാരും ഇതിൽ ഉൾപ്പെടും.

# നരവനയുടെ ഓർമക്കുറിപ്പിനെച്ചൊല്ലി പാർലമെന്റിൽ ബഹളം

ന്യൂഡൽഹി: കരസേനാ മുൻ മേധാവി മനോജ് മുകുന്ദ് നരവനയുടെ ഓർമ്മക്കുറിപ്പുകൾ രാഹുൽ ഗാന്ധി വായിച്ചത് ലോക്സഭയെ പ്രക്ഷുബ്ധമാക്കി. പുറത്തിറങ്ങാത്ത പുസ്തകം വായിക്കാനാവില്ലെന്ന് സ്പീക്കർ ഓംബിർള രാഹുലിനോട് പറഞ്ഞെങ്കിലും അദ്ദേഹം വഴങ്ങിയില്ല. രാഹുൽ സംസാരിക്കുന്നതിനിടെ പ്രതിരോധമന്ത്രി രാജ്നാഥ് സിങ് ഇടപെട്ടു. രാജ്നാഥ് സിങ്ങും രാഹുൽഗാന്ധിയും തമ്മിൽ തർക്കം നടക്കുന്നതിനിടെ രാഹുലിനെതിരെ ആഭ്യന്തരമന്ത്രി അമിത് ഷായും രംഗത്തെത്തി. നരവനയെ സർക്കാർ പുസ്തകം ഇറക്കാൻ അനുവദിച്ചില്ലെന്ന് രാഹുൽ സഭയിൽ ആരോപിച്ചു. സർക്കാരിനെതിരായ തന്റെ വിമർശനത്തിന് അടിവരയിടുന്നതിനായി രാഹുൽ മാസികയിൽ നിന്നുള്ള അച്ചടിച്ച പേജുകൾ പ്രദർശിപ്പിക്കുകയും അതിലെ ഭാഗങ്ങൾ വായിക്കുകയും ചെയ്തു. ദോക്ലാം വിഷയവും ചൈന ഭൂമി കയ്യേറി എന്നതടക്കമുള്ള വിമർശനമാണ് രാഹുൽ ആരോപിച്ചത്.

ആധികാരികമല്ലാത്തവ സഭയിൽ വായിക്കരുതെന്ന് ഓം ബിർള പറഞ്ഞു. സഭാചട്ടം പാലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വായിക്കാൻ അനുവദിക്കരുതെന്ന് രാജ്നാഥ് സിങ് ആവശ്യപ്പെട്ടു. എന്നാൽ, താൻ കൈയിലുള്ള മാഗസിനാണ് വായിക്കുന്നതെന്ന് രാഹുൽ ഗാന്ധി പറഞ്ഞു, ഇതാണ് ഭരണപക്ഷത്തിന്റെ നയമെങ്കിൽ പ്രധാനമന്ത്രി മോദിയെ സഭയിൽ സംസാരിക്കാൻ അനുവദിക്കില്ലെന്ന് കെ.സി. വേണുഗോപാൽ എംപി പറഞ്ഞു.

ബിജെപി എംപി തേജസ്വി സൂര്യ കോൺഗ്രസിന്റെ രാജ്യസ്നേഹത്തെയും സംസ്കാരത്തെയും ചോദ്യം ചെയ്തതോടെയാണ് തർക്കങ്ങൾക്ക് തുടക്കമായത് ഇതിനു മറുപടിയുമായി പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി സംസാരിക്കാൻ എഴുന്നേറ്റതോടെയാണ് സഭയിലെ അന്തരീക്ഷം കലുഷിതമായത്. മുൻ കരസേന മേധാവി ജനറൽ നരവനയുടെ പുറത്തിറങ്ങാത്ത പുസ്തകത്തിലെ പരാമർശങ്ങൾ ഉദ്ധരിച്ച് ചൈനയുടെ കടന്നുകയറ്റത്തെക്കുറിച്ച് സംസാരിക്കാൻ രാഹുൽ ശ്രമിച്ചതാണ് ഭരണപക്ഷത്തെ ചൊടിപ്പിച്ചത്. രാഹുൽ ഗാന്ധിയുടെ മൈക്ക് പല തവണ ഓഫാക്കിയത് സഭയിൽ പ്രതിഷേധത്തിനു കാരണമായി. ബഹളത്തെ തുടർന്ന് ലോക്സഭ നിർത്തിവെച്ചു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 05
February 02, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

ആരും കാണാനില്ലാത്തപ്പോഴും തെറ്റു ചെയ്യാതിരിക്കുന്നതാണ് സത്യസന്ധത.
**ജിം സ്റ്റൈവാൾ**

ജനങ്ങൾക്കു ശക്തി കുറവില്ല. പ്രവർത്തിക്കാനുള്ള മനസിനേ കുറവുള്ളൂ.
**വിക്ടർ ഹ്യൂഗോ**

# MEDICARE PLANS

QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com

# LUXURY HOME STAY IN

PULLAD/KUMBANAD/KOZHENCHERRY/THIRUVALLA



- Quiet and Safe Area
- Near Shopping Centers and Major Towns/Attractions
- 3 hr to Kochin and Thiruvananthapuram Airport
- 3 AC Bedrooms (one of them is a loft bedroom)
- Separate Studio for drivers
- 4 American-style Bathrooms
- Surveillance camera
- Car service/Chef/Security Personnel can be arranged
- Weekly and Monthly stays can be arranged
- If stay for large parties is needed, I can arrange other home stays also

Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in

Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547

# nella CONSULTING

ACCOUNTING | TAX | CONSULTING

TAX



# FOR ALL YOUR PERSONAL AND BUSINESS TAX SERVICES



**TOMY NELLAMATTAM, E.A.**
**Enrolled to Practice Before IRS**
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
**(847) 486-4112 (Office)**
**(847) 302-8556 (cell)**

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*

Partner
**ALVIN NELLA, CPA, MBA**

കേരളാ എക്സ്പ്രസ്

KERALA EXPRESS

അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക

Weekly Newspaper National Edition From Chicago

# സാമൂഹ്യക്ഷേമം ഉറപ്പാക്കുന്ന ബജറ്റ്

അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണ മുഖത്തേക്ക് ആവേശപൂർവം കടക്കുന്നതിനുള്ള കളമൊരുക്കലായി ധനമന്ത്രി കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ച രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ അവസാന ബജറ്റ് ഒറ്റനോട്ടത്തിൽ ബഹുതല സ്പർശിയായൊരു ബജറ്റാണ് അവതരിപ്പിക്കപ്പെട്ടത്. കുട്ടികൾ, വയോജനങ്ങൾ, സർക്കാർ ജീവനക്കാർ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പരിഗണിക്കാൻ ശ്രമമുണ്ടായി. സാമൂഹിക, പശ്ചാത്തല വികസനത്തിന് ഊന്നൽ നൽകി അവതരിപ്പിച്ച പദ്ധതികൾക്കാവശ്യമായ പണം എവിടെയെന്ന ചോദ്യം ഉയരുമ്പോഴും ജനപ്രിയ പ്രഖ്യാപനങ്ങളിലൂടെ കൈയടി നേടാൻ ധനമന്ത്രിക്കു കഴിഞ്ഞു. കേരളം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്കു കേന്ദ്രത്തെ കുറ്റപ്പെടുത്തിയും കേരളത്തിന്റെ സുസ്ഥിര വളർച്ചയ്ക്ക് ജനങ്ങളുടെ കൂട്ടായ്മ വഹിക്കുന്ന പങ്ക് എടുത്തുപറഞ്ഞുമാണ് മന്ത്രി ബജറ്റ് അവതരിപ്പിച്ചത്.

ആശാവർക്കർമാരുടെ പ്രതിമാസ വേതനം 1000 രൂപ കൂട്ടിയതുപോലുള്ള നന്മകൾ തീർച്ചയായും ഈ ബജറ്റിലെ പ്രകാശമാണ്. വെയിലും മഴയും കൊണ്ട്, സെക്രട്ടേറിയറ്റ് നടയിൽ ദീർഘകാലം സമരം ചെയ്തിട്ടും ആശമാരോട് ഇറ്റു കരുണ കാണിക്കാതിരുന്ന സർക്കാരിന് ഈ വേതനവർധനയ്ക്കുള്ള മനസ്സു വരാൻ തെരഞ്ഞെടുപ്പു വേണ്ടിവന്നുവെന്നു മാത്രം! അങ്കണവാടി വർക്കർമാരുടെയും ഹെൽപർമാരുടെയും പ്രീപ്രൈമറി അദ്ധ്യാപകരുടെയും സാക്ഷരതാ പ്രേരക്മാരുടെയുമൊക്കെ പ്രതിമാസ വേതനത്തിലും സ്കൂൾ പാചകത്തൊഴിലാളികളുടെ ദിവസവേതനത്തിലും വർധന വരുത്തിയതും ആശ്വാസകരം.

ഇന്ത്യയിൽ ആദ്യമായി വയോജനങ്ങൾക്കായി പ്രത്യേക ബജറ്റ് രേഖ അവതരിപ്പിക്കാനായതും സർക്കാർ നേട്ടമായി ഉയർത്തിക്കാണിക്കുന്നു. മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി കെഎഫ്സി വഴി 100 കോടി രൂപയുടെ പുതിയ പദ്ധതി പ്രഖ്യാപിക്കപ്പെട്ടു. അതേസമയം, ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന എല്ലാ സ്കൂൾ കുട്ടികൾക്കുമായി അപകട-ജീവിത ഇൻഷുറൻസ് പദ്ധതി പ്രഖ്യാപിക്കുകയും 15 കോടി രൂപ വകയിരുത്തുകയും ചെയ്തു.

കേരളം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറച്ചുവെച്ച് ജനങ്ങളെ കബളിപ്പിക്കുന്ന പൊള്ളയായ പ്രഖ്യാപനങ്ങളാണ് ബജറ്റിലുള്ളതെന്ന് പ്രതിപക്ഷം വിമർശിക്കുന്നു. പദ്ധതി നിർവഹണത്തിലെ കുറവ് ചൂണ്ടിക്കാട്ടിയ പ്രതിപക്ഷം അതുകൊണ്ടുതന്നെ പുതിയ പ്രഖ്യാപനങ്ങൾക്ക് വിശ്വാസ്യതയില്ലെന്നും വാദിക്കുന്നു.

സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം യഥാസമയം നടപ്പാക്കാൻ സർക്കാരിന് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ അതിനുള്ള കമ്മീഷനെ നിയോഗിക്കാൻ ബജറ്റ് വരെ കാത്തിരിക്കേണ്ടിയിരുന്നോ എന്ന ചോദ്യം സ്വാഭാവികം. സർക്കാർ ജീവനക്കാർക്ക് അടുത്ത മാസം മുതൽ ക്ഷാമബത്ത കുടിശിക നൽകുകയുമാണ്. തെരഞ്ഞെടുപ്പു മുന്നിൽക്കണ്ട്, പങ്കാളിത്ത പെൻഷൻ പിൻവലിച്ച് തമിഴ്നാട് മാതൃകയിൽ ശമ്പളത്തിന്റെ പകുതി പെൻഷൻ തുക ഉറപ്പാക്കുന്ന അഷ്വേഡ് പെൻഷൻ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇതിൽ വ്യക്തതയില്ല.

വന്യജീവി ആക്രമണം നേരിടാൻ വിവിധ പദ്ധതികൾക്കായി മുൻവർഷത്തെക്കാൾ 29.6 കോടി രൂപ വർധിപ്പിച്ച് 100 കോടിയാക്കിയെങ്കിലും കഴിഞ്ഞതവണ അനുവദിച്ച തുകയിൽ പകുതിപോലും ചെലവിട്ടില്ല എന്നതല്ലേ യാഥാർത്ഥ്യം? വയനാട്, കുട്ടനാട്, ഇടുക്കി, കാസർകോട് തുടങ്ങി പാക്കേജുകളുടെ പരമ്പരതന്നെ പതിവുപോലെ പ്രഖ്യാപിച്ചതു കേൾക്കുമ്പോൾ, മുൻപു ലക്ഷ്യം കാണാതെപോയ സമാന പാക്കേജുകളെക്കുറിച്ച് ഓർമിക്കുന്നവരെ കുറ്റം പറയുന്നതെങ്ങനെ?

കേന്ദ്രാനുമതി ലഭിക്കാതെയും ജനവികാരം കണക്കിലെടുക്കാതെയും സിൽവർലൈൻ പദ്ധതിക്കായി ഇറങ്ങിത്തിരിച്ചു സർക്കാർ നഷ്ടമാക്കിയത് 51.26 കോടി രൂപയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പു പ്രചാരണ വേളകളിൽ നീളേ നിവർത്തിയിരുന്ന സിൽവർലൈൻ പദ്ധതി മറന്ന്, റീജനൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം (ആർആർടിഎസ്) റെയിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. അതേസമയം, തൊട്ടുമുൻപു കേന്ദ്രം മറ്റൊരു സമാന പദ്ധതി പ്രഖ്യാപിച്ചിരിക്കെ, ഇതുസംബന്ധിച്ച് ആശയക്കുഴപ്പമേറെ.

തദ്ദേശ തെരഞ്ഞെടുപ്പിലുണ്ടായ തിരിച്ചടി ബജറ്റിലെ ആവേശവും ആത്മവിശ്വാസവും ചോർത്തിയതു പ്രകടമാണ്. കേൾവിസുഖം മാത്രം ലക്ഷ്യമാക്കി, പ്രായോഗിക നിർവഹണത്തെപ്പറ്റി ആലോചിക്കാതെയാണു പല പ്രഖ്യാപനങ്ങളും. വിവിധ മേഖലകളിൽ ആശ്വാസം പകരുന്ന കരുതൽ പ്രഖ്യാപനങ്ങളുണ്ടെന്ന വസ്തുതയെ മറച്ചുകൊണ്ടുതന്നെ ചോദിക്കട്ടെ: പൊള്ളയായ അവകാശവാദങ്ങളും ആത്മാർത്ഥയില്ലാത്ത പ്രീണനങ്ങളും കേരളത്തിനു മനസ്സിലാകില്ലെന്നാണോ സർക്കാർ കരുതുന്നത്?

# ഇന്ത്യ-യൂറോപ്യൻ യൂണിയൻ വ്യാപാരക്കരാർ ഒപ്പുവെച്ചു



ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാരക്കരാർ ഒപ്പുവെച്ചശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി യൂറോപ്യൻ കൗൺസിൽ പ്രസിഡണ്ട് അന്റോണിയോ കോസ്റ്റയ്ക്കും യൂറോപ്യൻ കമ്മീഷൻ പ്രസിഡണ്ട് ഉർസുല ഫോൺ ദെർ ലെയ്നിനുമൊപ്പം.

ന്യൂഡൽഹി: ലോക വ്യാപാര ഇടപാടുകളുടെ മാതാവ് (മദർ ഓഫ് ഓൾ ഡീൽസ്) എന്നു വിശേഷിപ്പിച്ച ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാരക്കരാർ (ഫ്രീ ട്രേഡ് എഗ്രിമെന്റ്-എഫ്ടിഎ) ഒപ്പുവെച്ചു. തന്ത്രപരമായ പ്രതിരോധ പങ്കാളിത്ത കരാറിലും മൊബിലിറ്റി കരാറിലും ഇരുപക്ഷവും ഒപ്പുവെച്ചു. അടുത്ത വർഷം ആദ്യം കരാർ പ്രാബല്യത്തിലാകും.

ആഗോള ജിഡിപിയുടെ 25 ശതമാനമുള്ള 190 കോടി ജനങ്ങളുടെ സംയോജിത വിപണിയായ ഇന്ത്യ-യൂറോപ്യൻ യൂണിയൻ (ഇയു) വ്യാപാര ഉടമ്പടിയാണ് ഒപ്പുവെച്ചത്.

കടൽക്കൊള്ളയെ നേരിടാൻ ഇന്ത്യയും യൂറോപ്യൻ യൂണിയനും സംയുക്ത നാവിക അഭ്യാസങ്ങൾ നടത്തും. സുരക്ഷ, പ്രതിരോധം, കണക്റ്റിവിറ്റി, സുസ്ഥിരത, സാങ്കല്പികവിദ്യ, നവീകരണം, സമൃദ്ധി എന്നിവ മുതൽ ആഗോള പ്രശ്നങ്ങൾ വരെയുള്ള മേഖലകൾ തന്ത്രപരമായ സഹകരണത്തിലുണ്ട്.

അരക്ഷിതലോകത്ത് സുരക്ഷിതത്വം നൽകുന്ന ഉടമ്പടികൂടിയാണ് യൂറോപ്യൻ യൂണിയനുമായുള്ള തന്ത്രപരമായ ബന്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വിശേഷിപ്പിച്ചു. നിയമങ്ങളും ചട്ടങ്ങളും അടിസ്ഥാനമാക്കിയുള്ള ലോകക്രമം സംരക്ഷിക്കുന്നതിനും ഇന്ത്യയും ഇയു രാജ്യങ്ങളും പ്രതിജ്ഞാബദ്ധമാണെന്നും മോദി പറഞ്ഞു. അമേരിക്കൻ പ്രസിഡണ്ട് ഡോണൾപ് ട്രംപിന്റെ ഏകപക്ഷീയ നടപടികൾക്കെതിരെയുള്ള മറുപടി കൂടിയാണിത്. ഇന്ത്യയ്ക്കും 27 യൂറോപ്യൻ രാജ്യങ്ങൾക്കും ഒരുപോലെ നേട്ടമാകുന്നതും ചരിത്രപരവും എന്നാണു കരാറിനെ വിശേഷിപ്പിക്കുന്നത്.

യൂറോപ്യൻ കൗൺസിൽ പ്രസിഡണ്ട് അന്റോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡണ്ട് ഉർസുല ഫോൺദെർ ലെയ്നുമായി പ്രധാനമന്ത്രി മോദി ഡൽഹിയിൽ നടത്തിയ ചർച്ചയെത്തുടർന്നാണ് വ്യാപാരക്കരാർ ഒപ്പുവെച്ചത്. ജനുവരി 26-നു നടന്ന ഇന്ത്യയുടെ 77-ാം റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ ഇരുവരെയും മുഖ്യാതിഥികളായി സ്വീകരിച്ചിരുന്നു.

ലോകത്തിലെ ഏറ്റവും വികസിതമായ 27 രാജ്യങ്ങളുടെ വ്യാപാര ബ്ലോക്കുമായി ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയായ ഇന്ത്യയുമായി ബന്ധിപ്പിക്കുന്ന നാഴികക്കല്ലാകും കരാർ. 2007 മുതൽ നടത്തിയ ശ്രമങ്ങൾക്കൊടുവിലാണ് ഇന്ത്യ-ഇയു കരാർ യാഥാർത്ഥ്യമായത്. 2013-ൽ സ്തംഭിച്ചതിനു ശേഷം, 2022 ജൂണിലാണ് ചർച്ചകൾ പുനരുജ്ജീവിപ്പിച്ചത്. ആഗോള വ്യാപാരത്തിന്റ മൂന്നിലൊന്നു ഭാഗവും ഇതിലൂടെയാകും.

ഇന്ത്യയുടെ 22-ാമത്തെ സ്വതന്ത്ര വ്യാപാരക്കരാറാണ് യൂറോപ്യൻ യൂണിയനുമായി ഒപ്പുവെച്ചത്. ജപ്പാൻ, യുകെ, ഓസ്ട്രേലിയ, ന്യൂസിലൻഡ്, യുഎഇ, ഒമാൻ, സിംഗപ്പൂർ, മലേഷ്യ, ദക്ഷിണ കൊറിയ, ആസിയാൻ രാജ്യങ്ങൾ, മൗറീഷ്യസ്, സാർക് രാജ്യങ്ങളുമായുള്ള സൗത്ത് ഏഷ്യൻ ഫ്രീ ട്രേഡ് ഏരിയ (സാഫ്റ്റ) തുടങ്ങിയവയാണു നേരത്തേയുള്ളവ.

ഫാർമസ്യൂട്ടിക്കൽസ്, എഞ്ചിനീയറിംഗ് സാധനങ്ങൾ, ഓട്ടോമോട്ടീവ് ഘടകങ്ങൾ, ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിലെ കയറ്റുമതി വർധിപ്പിക്കുന്നത് ഇന്ത്യയ്ക്കു നേട്ടമാകും. അമേരിക്കൻ തീരുവ ബാധിച്ച തുണിത്തരങ്ങൾ, ആഭരണങ്ങൾ, തുകൽ വസ്തുക്കൾ തുടങ്ങിയവയ്ക്ക് 27 വികസിത രാജ്യങ്ങളിൽ ബദൽ വിപണി തുറക്കും. തണിത്തരങ്ങൾക്കുള്ള 10 ശതമാനം തീരുവ കരാർ നടപ്പിലാകുന്നതോടെ ഇല്ലാതാകും.

ഇന്ത്യൻ ഐടി, സേവന കയറ്റുമതിക്കും വിദഗ്ദ്ധ പ്രഫഷണലുകളുടെ കുടിയേറ്റത്തിനും കരാർ സഹായകമാകും. അമേരിക്കയെ ആശ്രയിക്കുന്നതു കുറയുകയും ചെയ്യും. സോളാർ അടക്കം പുനരുപയോഗ ഊർജ ഘടകങ്ങൾ പോലെയുള്ള ഇന്ത്യൻ വ്യവസായങ്ങൾക്കും അനുകൂല വിപണി ലഭിക്കും.

വിമാനം, ഓട്ടോമൊബൈൽസ്, ഇലക്ട്രിക്കൽ മെഷീനറികൾ, മദ്യം, വൈനുകൾ, പാനീയങ്ങൾ, കെമിക്കൽസ് തുടങ്ങിയവയുടെ ഇന്ത്യയിലേക്കുള്ള കയറ്റുമതിയാണ് യൂറോപ്യൻ യൂണിയന്റെ ലക്ഷ്യം. വിമാനഭാഗങ്ങൾ, വജ്രങ്ങൾ, ആഡംബര വസ്തുക്കൾ ബ്രാൻഡഡ് ഉത്പന്നങ്ങൾക്ക് ഇന്ത്യയിൽ പുതു വിപണി കണ്ടെത്താനാകും,

# കപ്പൽ നിർമ്മാണത്തിൽ ഇന്ത്യ അഞ്ചാമത്തെ രാജ്യമാകും

കൊച്ചി: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മറൈൻ എൻജിനിയേഴ്സ് ഓഫ് ഇന്ത്യയുടെ (ഐഎംഇഐ) നേതൃത്വത്തിൽ കൊച്ചിൻ മറൈൻ സെമിനാർ തുടങ്ങി. കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ ഓൺലൈനായി ഉദ്ഘാടനം നിർവഹിച്ചു.

2047-ഓടെ കപ്പൽ നിർമ്മാണത്തിലും ഉടമസ്ഥാവകാശത്തിലും ലോകത്തിലെ അഞ്ചാമത്തെ വലിയ രാഷ്ട്രമായി ഇന്ത്യ മാറുമെന്ന് മന്ത്രി പറഞ്ഞു. ഒരു മാതൃവ്യവസായമെന്ന നിലയിൽ കപ്പൽ നിർമ്മാണത്തിന് വലിയ തോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ദേശീയ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താനും കഴിയും. വളർച്ച സുസ്ഥിരമായിരിക്കണം, സമുദ്ര പരിസ്ഥിതിയുടെ സംരക്ഷണവും ഭാവി തലമുറകൾക്ക് സുരക്ഷിതമായ ജീവിതസാഹചര്യങ്ങളും ഉറപ്പാക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. താജ് വിവാന്തയിൽ നടക്കുന്ന സെമിനാറിൽ കേന്ദ്ര തുറമുഖ കപ്പൽ ഗതാഗത, ജലപാത മന്ത്രാലയം ജോയിന്റ് സെക്രട്ടറി ആർ. ലക്ഷ്മണൻ മുഖ്യപ്രഭാഷണം നടത്തി. കൊച്ചിൻ ഷിപ്പ് യാർഡ് എംഡി മധു എസ്. നായർ മുഖ്യാതിഥിയായി. ഐഎംഇഐ കൊച്ചി ബ്രാഞ്ച് ചെയർമാൻ സാജൻ പി. ജോൺ, ഡിജി ഷിപ്പിംഗ് ചീഫ് സർവേയർ അജിത്കുമാർ സുകുമാരൻ, കൊച്ചിൻ പോർട്ട് അതോറിറ്റി ചെയർപേഴ്സൺ ബി. കാശി വിശ്വനാഥൻ, ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗ് മാനേജിങ് ഡയറക്ടർ പി.കെ. മിശ്ര, ഐഎംഇഐ പ്രസിഡണ്ട് കൗശിക് സിങ് എന്നിവർ പ്രസംഗിച്ചു.


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# ഇന്ത്യയെ ആക്രമിച്ചാൽ തിരിച്ചടിക്കും: രാഷ്ട്രപതി

ന്യൂഡൽഹി: കേന്ദ്രസർക്കാരിന്റെ സാമൂഹിക സുരക്ഷാ പദ്ധതികളിലൂടെ 95 കോടി പേർക്കു പ്രയോജനം ലഭിക്കുന്നുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. കഴിഞ്ഞ ദശകത്തിൽ 25 കോടി ആളുകളെ ദാരിദ്ര്യത്തിൽനിന്ന് മോദി സർക്കാർ കരകയറ്റിയതായും നാലു കോടി വീടുകൾ സർക്കാർ നിർമ്മിച്ചിട്ടുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു.

ഇന്ത്യയുടെ ദ്രുതഗതിയിലുള്ള പുരോഗതി ആഗോളതലത്തിൽ ചർച്ചയാണെന്നും രാജ്യത്തു ക്രിയാത്മക മാറ്റമുണ്ടെന്നും മുർമു പറഞ്ഞു. ഇന്ത്യയ്ക്കെതിരെയുള്ള ഏതൊരു ആക്രമണത്തിനും ശക്തമായ തിരിച്ചടിയുണ്ടാകുമെന്നും ഓപ്പറേഷൻ സിന്ദൂർ ഉദാഹരണമാണെന്നും അവർ ഓർമ്മിപ്പിച്ചു. ഇന്ത്യയുടെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി മിഷൻ സുദർശൻ ചക്രയുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പാർലമെന്റ് ബജറ്റ് സമ്മേളനത്തിനു തുടക്കം കുറിച്ച് ലോക്സഭയുടെയും രാജ്യസഭയുടെയും സംയുക്ത സമ്മേളനത്തിൽ നയപ്രഖ്യാപന പ്രസംഗം നടത്തുകയായിരുന്നു രാഷ്ട്രപതി.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയെച്ചൊല്ലി പ്രതിപക്ഷ ഇന്ത്യ സഖ്യം എംപിമാർ രാഷ്ട്രപതിയുടെ പ്രസംഗത്തിനിടെ പ്രതിഷേധിച്ചു.

യൂറോപ്യൻ യൂണിയനുമായുള്ള സ്വതന്ത്ര വ്യാപാരക്കരാർ സേവന, ഉത്പാദന മേഖലകളെ ഉത്തേജിപ്പിക്കുമെന്നും യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും രാഷ്ട്രപതി കൂട്ടിച്ചേർത്തു. സർക്കാരിന്റെ സാ



മ്പത്തിക പരിഷ്കാരങ്ങൾ 'റിഫോംസ് എക്സ്പ്രസ്' ദരിദ്രർക്കും മധ്യവർഗത്തിനും പ്രയോജനം ചെയ്യുന്നുണ്ട്. ചരിത്രപരമായ ജിഎസ്ടി പരിഷ്കരണം പൗരന്മാർക്ക് ഒരു ലക്ഷം കോടി രൂപയുടെ ലാഭം ഉറപ്പാക്കി. ആദായനികുതി നിയമ പരിഷ്കാരത്തിലൂടെ 12 ലക്ഷം രൂപ വരെയുള്ള വരുമാനം നികുതിയിൽ നിന്നൊഴിവാക്കി.

മാവോയിസ്റ്റ് അക്രമം ഉടൻ ഇല്ലാതാകുമെന്നു മുർമു അറിയിച്ചു. പിന്നാക്ക സമുദായങ്ങളുടെ ക്ഷേമമമാണു സർക്കാരിന്റെ മുൻഗണന. വിവിധ ക്ഷേമപദ്ധതികളിലൂടെ സ്ത്രീകളെ ശക്തീകരിക്കുന്നു. ലോകത്തിലെ രണ്ടാമത്തെ വലിയ മത്സ്യോത്പാദന രാജ്യമാണ് ഇന്ത്യ.

റെയിൽവേ 100 ശതമാനം വൈദ്യുതീകരണത്തോടടുക്കുന്നു. അതിവേഗ വന്ദേഭാരത് സർവീസുകൾ മുതൽ പുതിയ രാജധാനി ട്രെയിനുകൾ വരെയുള്ള റെയിൽവേ വികസനത്തിന് ആക്കം കൂട്ടുന്നു. നിലവിൽ 150 വന്ദേ ഭാരത് ട്രെയിനുകൾ ഓടുന്നുണ്ട്. വന്ദേ ഭാരത് സ്ലീപ്പർ സുപ്രധാന നേട്ടമാണ്.

# ട്രെയിൻ വൈകിയതിൽ പരീക്ഷ നഷ്ടപ്പെട്ട കുട്ടിക്ക് നഷ്ടപരിഹാരം

ലഖ്നൗ: ട്രെയിൻ രണ്ടര മണിക്കൂർ വൈകിയതിനാൽ പ്രവേശ പരീക്ഷ എഴുതാൻ കഴിയാതിരുന്ന വിദ്യാർത്ഥിനിക്ക് റെയിൽവേ 9.10 ലക്ഷം നഷ്ടപരിഹാരം നൽകണം. ഏഴുവർഷം നീണ്ട നിയമ പോരാട്ടത്തിനുശേഷം ഉത്തർ പ്രദേശിലെ ബസ്തി സ്വദേശിനിയായ സമൃദ്ധിക്ക് നഷ്ടപരിഹാരം നൽകാനാണ് ജില്ലാ ഉപഭോക്തൃ കമ്മീഷന്റെ വിധി. 45 ദിവസത്തിനകം തുക നൽകണമെന്നും വീഴ്ച വരുത്തിയാൽ 12 ശതമാനം പലിശകൂടി നൽകണമെന്നും ഉത്തരവിലുണ്ട്.

ലഖ്നൗവിലെ ജയ്നാരായണൻ പി.ജി. കോളജിലാണ് വിദ്യാർത്ഥിനിക്ക് എൻട്രൻസ് പരീക്ഷാകേന്ദ്രം അനുവദിച്ചത്. ലഖ്നൗവിൽ രാവിലെ 11 മണിക്ക് എത്തേണ്ടിയിരുന്ന ബസ്തിയിൽനിന്നുള്ള ഇന്റർസിറ്റി എക്സ്പ്രസ് ബുക്ക് ചെയ്തു. എന്നാൽ, ഏകദേശം രണ്ടര മണിക്കൂർ വൈകിയാണ് എത്തിയത്. പരീക്ഷാകേന്ദ്രത്തിൽ ഉച്ചയ്ക്ക് 12.30-ന് മുൻപ് റിപ്പോർട്ട് ചെയ്യണമെന്നായിരുന്നു നിർദേശം.

## തെരുവുനായ വിഷയം:

# സംസ്ഥാനങ്ങൾ സ്വീകരിച്ച നടപടികൾ അപര്യാപ്തമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾ സ്വീകരിച്ച നടപടികൾ അപര്യാപ്തമെന്ന് നിരീക്ഷിച്ച് സുപ്രീംകോടതി.

പൊതു ഇടങ്ങളിൽനിന്ന് തെരുവുനായകളെ നീക്കം ചെയ്യുന്നതിന് സംസ്ഥാനങ്ങൾ മതിയായ നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത, എൻ.വി. അഞ്ജരിയ എന്നിവരുടെ ബെഞ്ച് നിരീക്ഷിച്ചു.

തെരുവുനായ വിഷയത്തിൽ സുപ്രീംകോടതി സ്വമേധയാ സ്വീകരിച്ച കേസിൽ വാദം തുടരുന്നതിനിടയിലാണു നിരീക്ഷണം. നായപ്രേമികളുടെയും സംസ്ഥാനങ്ങളുടെയും അതിക്രമം നേരിട്ടവരുടെയും ഉൾപ്പെടെ വിശദമായ വാദമാണ് മൂന്നംഗ ബെഞ്ചിന് മുന്നിൽ നടക്കുന്നത്. സംസ്ഥാന സർക്കാരുകൾ സമർപ്പിച്ച ചില കണക്കുകളിലും സുപ്രീംകോടതി ആശ്ചര്യം പ്രകടിപ്പിച്ചു. ആസാമിൽ മാത്രം 2024-ൽ നായ്ക്കളുടെ കടിയേറ്റ ഒന്നര ലക്ഷം കേസുകൾ റിപ്പോർട്ട് ചെയ്തെങ്കിലും തെരുവുനായ സംരക്ഷണത്തിനായി ഒരു സെന്റർ മാത്രമാണ് സംസ്ഥാനത്തുള്ളതെന്ന കാര്യം ഞെട്ടിക്കുന്നതാണെന്ന് കോടതി പറഞ്ഞു.

ഗുജറാത്തിൽ ഇത്തരം സെന്റർ ഉണ്ട് എന്നത് സംബന്ധിച്ച യാതൊരു വിവരവുമില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. കഴിഞ്ഞ രണ്ട് മാസത്തിനിടയിൽ ജാർഖണ്ഡിൽ 1.6 ലക്ഷം തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്തിയെന്ന കണക്ക് സംസ്ഥാനം പെരുപ്പിച്ചു കാണിക്കുന്നതായിരിക്കാമെന്നും കോടതി നിരീക്ഷിച്ചു. കേരളത്തിലെയും ഗോവയിലെയും ബീച്ചുകളിലെ തെരുവുനായ്ക്കളുടെ സാന്നിധ്യം വാദത്തിനിടയിൽ അമിക്കസ്ക്യൂറി ഗൗരവ് അഗർവാൾ ചൂണ്ടിക്കാട്ടി. ആത്യന്തികമായി വിനോദസഞ്ചാരമേഖലയെ ഇത് ബാധിക്കുമെന്ന് കോടതിയും വ്യക്തമാക്കി.

# വിവരാവകാശ നിയമം പുനഃപരിശോധിക്കുന്നു

ന്യൂഡൽഹി: യുപിഎ ഭരണകാലത്ത് നടപ്പാക്കിയ വിവരാവകാശനിയമം പുനഃപരിശോധിക്കാൻ നിർദേശിച്ച് സാമ്പത്തികസർവേ. രഹസ്യസ്വഭാവമുള്ള റിപ്പോർട്ടുകളും കരട് അഭിപ്രായങ്ങളും വിവരാവകാശനിയമപ്രകാരം നൽകരുതെന്നാണ് ധനമന്ത്രി നിർമല സീതാരാമൻ ജനുവരി 29-ന് വ്യാഴാഴ്ച പാർലമെന്റിൽ അവതരിപ്പിച്ച സാമ്പത്തികസർവേ നിർദേശിക്കുന്നത്. ഇങ്ങനെ വിട്ടുനൽകേണ്ടിവരുന്നത് ഭരണനിർവഹണത്തെ തടസ്സപ്പെടുത്തുന്നുവെന്നാണ് കണ്ടെത്തൽ. വിവരാവകാശനിയമത്തെ സാരമായി ബാധിക്കുന്ന നിർദേശമാണിതെന്ന് വിലയിരുത്തുന്നു.

യുപിഎ ഭരണകാലത്ത് നടപ്പാക്കിയ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി റദ്ദാക്കിയതിനുപിന്നാലെയാണ് സാമ്പത്തിക അവലോകനരേഖയിൽ പുതിയ ശിപാർശയെന്നത് ശ്രദ്ധേയമാണ്. അധികാരസ്ഥാപനങ്ങളിൽ സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കാനും അഴിമതി തടയാനും ജനാധിപത്യപ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം കൂട്ടാനും ലക്ഷ്യമിട്ടാണ് 2005-ൽ വിവരാവകാശനിയമം കൊണ്ടുവന്നത്. ഇതിൽ കാലോചിതമായ പുനഃപരിശോധന ആവശ്യമാണെന്നും നിയമത്തിന്റെ യഥാർത്ഥലക്ഷ്യം നിറവേറ്റാനുതകുന്ന വിധത്തിൽ പരിഷ്കരണം വേണമെന്നും നിർദേശിക്കുന്നു.

ഒരു നയതീരുമാനം അന്തിമമാക്കുന്നതിന് മുന്നോടിയായി നടക്കുന്ന ചർച്ചകളുടെ കുറിപ്പുകളും കരട് നിർദേശങ്ങളും പുറത്തുവിടുന്നത് ഒഴിവാക്കണം. സർവീസ് രേഖകൾ, സ്ഥലംമാറ്റം, രഹസ്യറിപ്പോർട്ടുകൾ തുടങ്ങി പൊതുജനങ്ങളെ നേരിട്ടു ബാധിക്കാത്ത വിഷയങ്ങളെ വിവരാവകാശ നിയമത്തിൽനിന്നൊഴിവാക്കണം. നയതീരുമാനങ്ങളുടെ വിശ്വാസ്യത സംരക്ഷിച്ചുനിർത്തി നിയമം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോവുകയാണ് ലക്ഷ്യം. ഇതൊരു നിർദേശം മാത്രമാണെന്നും സർവേ പറയുന്നു. ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ ഇതാവശ്യമാണെന്നും പറയുന്നു.

ഉത്തരവാദിത്വമുള്ള പൗരരെ വളർത്തിയെടുക്കുന്നതിന് സഹായിക്കുന്ന വിവരങ്ങൾ പുറത്തുവിടാം. അതേസമയം, ഔദ്യോഗികമായ ചില സ്വകാര്യതകൾ സംരക്ഷിക്കപ്പെടണം. ഇതുരണ്ടും ഒരുമിപ്പിച്ച് പോകുമ്പോഴാണ് വിവരാവകാശ നിയമത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നത്.

പൗരരുടെ അറിയാനുള്ള അവകാശം ഇന്ത്യയുടെമാത്രം സവിശേഷമായ കാര്യമല്ല. ലോകത്തെ ആദ്യത്തെ അറിയാനുള്ള സ്വാതന്ത്ര്യനിയമം നടപ്പാക്കിയത് 1766-ൽ സ്വീഡനാണ്. 1966-ൽ യുഎസും 2000-ത്തിൽ യുകെയും ഇത് നടപ്പാക്കിയെന്നും സർവേയിൽ ചൂണ്ടിക്കാട്ടി.






# 12th Anniversary In Heaven

**February 6, 2026**



*In Loving Memory of*

## GEORGE PUTHUMANA

Sorrowing
Puthumana Family, Chicago

*You have gone from our home,
but the pleasant memories of you will
always be cherished in our hearts.
We miss you very much*

# In Loving Memory of

| 14th Death Anniversary | 5th Death Anniversary |
|---|---|
| 1-31-2026 | 2-10-2026 |



**THOMAS NARICHIRAYIL**



**ANNAKUTTY NARICHIRAYIL**

*Inserted by : Sorrowing Family*

# ഇ. ശ്രീധരന്റ പദ്ധതി തള്ളി; കെ റെയിലിനു പകരം ആർആർടിഎസ്

തിരുവനന്തപുരം: തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 583 കിലോമീറ്റർ നീളത്തിൽ റീജണൽ റാപിഡ് ട്രാൻസിറ്റ് സിസ്റ്റം (ആർആർടിഎസ്) പദ്ധതി നടപ്പാക്കാൻ മന്ത്രിസഭാ യോഗം തത്വത്തിൽ അംഗീകാരം നൽകി.

പദ്ധതിക്കായി സംസ്ഥാനത്തിന്റെ താത്പര്യം അറിയിച്ച് കേന്ദ്ര സർക്കാരിന് ഔപചാരികമായി കത്തയയ്ക്കും. അതിനാവശ്യമായ കൂടിയാലോചനകൾ ആരംഭിക്കാനും ഗതാഗത വകുപ്പിനെ മന്ത്രിസഭ ചുമതലപ്പെടുത്തി. കേന്ദ്രസർക്കാരുമായി ചർച്ചകൾക്കുശേഷം കേന്ദ്രത്തിന്റെ തത്വത്തിലുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് ധാരണാപത്രത്തിൽ ഏർപ്പെടും. പദ്ധതിയുടെ സാങ്കേതിക-സാമ്പത്തിക കാര്യങ്ങൾ, വായ്പാസ്രോതസുകൾ എന്നിവ സംബന്ധിച്ച അന്തിമാനുമതി നൽകുന്നതിനു ഗതാഗത വകുപ്പ് മന്ത്രിസഭയുടെ പരിഗണനയ്ക്കു സമർപ്പിക്കും. തിരുവനന്തപുരം മുതൽ കാസർഗോഡു വരെ ഉയർന്ന വേഗതയിലുള്ള റെയിൽ കണക്റ്റിവിറ്റി ലക്ഷ്യമിട്ട കെ റെയിൽ പദ്ധതി റെയിൽവെയുടെ സാങ്കേതിക എതിർപ്പുകൾ കാരണം മുന്നോട്ടു പോകുവാൻ സാധിച്ചിട്ടില്ല. കൂടാതെ ചില പ്രദേശങ്ങളിൽ ജനങ്ങളുടെ എതിർപ്പുകളും ഉണ്ടായി.

ഇതുവരെയും സംസ്ഥാനം സമർപ്പിച്ച ഡിപിആറിന് റെയിൽവെയുടെ അനുമതി ലഭ്യമാക്കിയിട്ടില്ല. അതിനാൽ കെ- റെയിലിനു പകരം ആർആർടിഎസ് പദ്ധതി നടപ്പാക്കാൻ മന്ത്രിസഭാ യോഗം തത്വത്തിൽ അംഗീകാരം നൽകുകയായിരുന്നു.

റീജണൽ റാപിഡ് ട്രാൻസിറ്റ് സിസ്റ്റം പ്രായോഗികവും സാമൂഹികവുമായി അംഗീകരിക്കാവുന്ന അതിവേഗ റെയിൽവേ സംവിധാനമാണ്.

ഡൽഹി-മീററ്റ് ആർആർടിഎസ് കോറിഡോർ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. മണിക്കൂറിൽ 160-180 കിലോമീറ്റർ വരെ വേഗം, കുറഞ്ഞ സ്റ്റേഷൻ ഇടവേള, ഉയർന്ന യാത്രാശേഷി എന്നിവ ആർആർടിഎസിനെ കേരളത്തിനും അനുയോജ്യമാക്കുന്നു. പുറമെ മീററ്റ് മെട്രോ എന്നത് ആർആർടിഎസുമായി സംയോജിപ്പിച്ചാണ് പ്രവർത്തിക്കുന്നത്. ഈ സംവിധാനം പൂർണമായും ഗ്രേഡ് - സെപ്പറേറ്റഡ് (തൂണുകളിൽ കൂടി) ആയി നടപ്പാക്കാൻ കഴിയും.

സംസ്ഥാനത്തിന്റെ ജനസാന്ദ്രതയും പരിസ്ഥിതി പരിരക്ഷ ആവശ്യമായ ഭൂപ്രകൃതിയും കണക്കിലെടുത്ത്, തറനിരപ്പിൽ കൂടെയുള്ള മോഡലിന് പകരം തൂണുകൾ വഴിയുള്ള മോഡലാണ് സ്വീകരിക്കുന്നത്. ഇതിലൂടെ ഭൂമിയേറ്റെടുപ്പ് ഗണ്യമായി കുറയ്ക്കാനും പ്രകൃതിദത്ത ജലപ്രവാഹം തടസ്സപ്പെടുന്നത് ഒഴിവാക്കാനും ചില പ്രദേശങ്ങളിൽ ഉയർന്നുവന്ന അഭിപ്രായ വ്യത്യാസങ്ങൾ കുറയ്ക്കാനും സാധിക്കും.

പദ്ധതിച്ചെലവിന്റെ 20% സംസ്ഥാന സർക്കാർ, 20% കേന്ദ്രസർക്കാർ, ശേഷിക്കുന്ന 60% അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ദീർഘകാല വായ്പ എന്ന നിലയിലാണ് ഡൽഹി ആർആർടിഎസ് നടപ്പാക്കുന്നത്. ഇതേ മാതൃകയാണ് കേരളത്തിലും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഘട്ടം ഘട്ടമായി പദ്ധതി നടപ്പാക്കുക വഴി സംസ്ഥാനത്തിന് സാമ്പത്തിക ഭാരം കുറയ്ക്കാനും കഴിയും.

ആദ്യഘട്ടമായി തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ഫേസ് ഒന്നിനൊപ്പം തിരുവനന്തപുരം മെട്രോയും കൂടാതെ കൊച്ചി മെട്രോയുടെ സംയോജിപ്പിക്കലും ഒരേ സമയക്രമത്തിൽ സമാന്തരമായി ആരംഭിക്കും. 284 കിലോമീറ്റർ വരുന്ന ആദ്യഘട്ടം 2027-ൽ നിർമ്മാണം ആരംഭിച്ച് 2033-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

രണ്ടാം ഘട്ടമായി തൃശൂർ മുതൽ കോഴിക്കോട് വരെ മലബാർ ലൈനും അതോടൊപ്പം കോഴിക്കോട് മെട്രോയും നടപ്പാക്കും.

മൂന്നാം ഘട്ടമായി കോഴിക്കോട് മുതൽ കണ്ണൂർ വരെ കണ്ണൂർ ലൈൻ വികസിപ്പിക്കുന്നതും അവസാനഘട്ടമായി കണ്ണൂർ മുതൽ കാസർഗോഡ് ലൈനും പൂർത്തിയാക്കുന്നതിനുമാണ് നിർദ്ദേശമുള്ളത്.

ഏകദേശം 12 വർഷത്തിനുള്ളിൽ സംസ്ഥാനത്തുടനീളമുള്ള സമ്പൂർണ എആർടിഎസ് ശൃംഖല (തിരുവനന്തപുരം - കോഴിക്കോട് മെട്രോ ഉൾപ്പെടെ) യാഥാർത്ഥ്യമാക്കാൻ സാധിക്കും.

# മലയാറ്റൂർ ഫൗണ്ടേഷൻ പ്രഥമ പുരസ്കാരം അരുന്ധതി റോയിക്ക്

തിരുവനന്തപുരം: ഫാസിസ്റ്റ് വർഗീയശക്തികളും നിർമിത ബുദ്ധി കോർപ്പറേറ്റുകളും ഇന്ത്യയുടെ സമസ്ത മേഖലകളിലും വൻ അധിനിവേശം നടത്തുന്ന ഈ ഘട്ടത്തിൽ കേരളം അതീവ ജാഗ്രത പുലർത്തണമെന്ന് ഇന്ത്യൻ എഴുത്തുകാരി അരുന്ധതി റോയ്. കേരളത്തിൽ ഇപ്പോൾ നടന്ന തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലെ ബിജെപിയുടെ നേട്ടം ഏറെ ദുഃഖകരമാണെന്നും അരുന്ധതി റോയ് അഭിപ്രായപ്പെട്ടു.




മലയാറ്റൂർ ഫൗണ്ടേഷന്റെ പ്രഥമ സമഗ്ര സംഭാവനാ പുരസ്കാരം ജനുവരി 28-ന് ഏറ്റുവാങ്ങി പ്രസംഗിക്കുകയായിരുന്നു അരുന്ധതി. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഹാളിൽ നടന്ന ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറിയും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ടുമായ കെ. ജയകുമാർ അരുന്ധതി റോയിക്ക് പുരസ്കാരം സമ്മാനിച്ചു. പ്രശസ്ത സാഹിത്യകാരൻ മലയാറ്റൂർ രാമകൃഷ്ണന്റെ സ്മരണാർത്ഥം പ്രവർത്തിക്കുന്ന സംഘടനയാണ് മലയാറ്റൂർ ഫൗണ്ടേഷൻ.

ഉത്തരേന്ത്യയിൽ ജീവിക്കുന്ന ഒരാളെന്ന നിലയിൽ അവിടെ നടക്കുന്ന വർഗീയ കലഹങ്ങൾ ദിവസവും എന്റെ ഹൃദയം തകർക്കുകയാണ് - അരുന്ധതി റോയ് പറഞ്ഞു. വർഗീയത ആളിക്കത്തിക്കുക വളരെ എളുപ്പമാണ്. കേരളത്തിൽ ഈ അഗ്നി കൊളുത്താനുള്ള ശ്രമങ്ങൾ മലയാളികൾ ചെറുത്തുനിൽക്കണം. സാംസ്കാരികമായും ബൗദ്ധികമായും വിദ്യാഭ്യാസപരമായും ഉയർന്ന നിലവാരത്തിൽ നിൽക്കുന്നവരാണ് മലയാളികൾ.

വർഗീയ ഫാസിസ്റ്റ് ശക്തികൾക്ക് കീഴടങ്ങാത്ത ലോകത്തിലെ തന്നെ ചുരുക്കം ചില ഇടങ്ങളിൽ ഒന്നാണ് കേരളം.

എന്നാൽ ഏത് നിമിഷവും വർഗീയ അധിനിവേശത്തിന്റെ കരങ്ങൾ കേരളത്തിലും ആഴ്ന്നിറങ്ങും. ഈ സത്യം കേരളം തിരിച്ചറിയേണ്ടതുണ്ട് - അരുന്ധതി റോയ് ചൂണ്ടിക്കാട്ടി.

# കുട്ടികളെ കാറിന്റെ ബോണറ്റിലിരുത്തി സാഹസിക യാത്ര; അച്ഛനെതിരേ കേസ്

പാമ്പാടി: കുട്ടികളെ കാറിന്റെ ബോണറ്റിൽ ഇരുത്തി സാഹസികയാത്ര നടത്തിയ പിതാവിനെതിരേ പോലീസ് കേസെടുത്തു. പാമ്പാടി പള്ളിക്കത്തോട് റോഡിൽ വട്ടുകളം ആലപ്പാട്ടുപടിയിലാണ് രണ്ട് കുട്ടികളെ അപകടകരമായ രീതിയിൽ കാറിന് മുന്നിലിരുത്തി അച്ഛൻ യാത്ര നടത്തിയത്. വട്ടുകളം ഇരട്ടക്കുളത്തിൽ ജ്യോതിഷിനെതിരേയാണ് കേസ്.

26-ന് വൈകിട്ട് 5.15നാണ് സംഭവം. റോഡിലൂടെ സാഹസികമായി വാഹനം ഓടിക്കുന്നതിന്റെ സി.സിടി.വി ദൃശ്യങ്ങൾ പുറത്തുവന്നതിന്റെ അടിസ്ഥാനത്തിൽ പാമ്പാടി പോലീസ് നടത്തിയ അന്വേഷണത്തിലാണ് ജ്യോതിഷിനെ തിരിച്ചറിഞ്ഞത്. അശ്രദ്ധമായി വാഹനമോടിച്ചതിനാണ് കേസ്. വാഹനം കസ്റ്റഡിയിലെടുത്തു.





## ഗവേഷണത്തിനായി മരുന്നുനിർമാണം; ടെസ്റ്റ് ലൈസൻസ് വേണ്ട

ന്യൂഡൽഹി: ഗവേഷണങ്ങൾക്കായി കുറഞ്ഞ അളവിൽ മരുന്നുകൾ നിർമിക്കുന്നതിന് ഫാർമസ്യൂട്ടിക്കൽ കമ്പനികൾക്ക് ഇനി ടെസ്റ്റ് ലൈസൻസ് നേടേണ്ടതില്ല. ഇതിനായി ഡ്രഗ്സ് & ക്ലിനിക്കൽ ട്രയൽസ് നിയമങ്ങൾ ആരോഗ്യ മന്ത്രാലയം ഭേദഗതി ചെയ്തു. സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷന്(സിഡിഎസ്സിഒ) ഓൺലൈനായി അപേക്ഷ നൽകിയാൽ മരുന്നു നിർമാണം അനുവദിക്കും. സിഡിഎസ്സിഒയുടെ ജോലിഭാരം കുറയ്ക്കുന്നതിനൊപ്പം ഗവേഷണനടപടികൾ ലഘൂകരിക്കുകയാണ് ലക്ഷ്യം. എന്നാൽ കീമോതെറപ്പിയിലും മാനസികരോഗ ചികിത്സയിലും ഉപയോഗിക്കുന്നതടക്കം ഉയർന്ന അപകടസാധ്യതയുള്ള മരുന്നുകൾക്ക് ഇളവുണ്ടാകില്ല.

## കടലാക്രമണം ഇനി സവിശേഷ ദുരന്തം

തിരുവനന്തപുരം: കേരളത്തിന്റെ തീരമേഖലയിൽ അടിക്കടിയുണ്ടാകുന്ന കടലാക്രമണത്തെ സവിശേഷ ദുരന്തമായി സർക്കാർ പ്രഖ്യാപിച്ചു. കടലേറ്റം മൂലം നാശമുണ്ടാകുന്ന പ്രദേശങ്ങളിൽ പ്രകൃതി ദുരന്തബാധിതർക്ക് നല്കുന്ന തരത്തിലുള്ള ധനസഹായം നല്കാനാകുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് മന്ത്രിസഭാ തീരുമാനം. വേലിയേറ്റസമയത്ത് അതിരും കടന്ന് കരയിലേക്ക് കയറുന്ന തിരമാലയും അതുമൂലമുണ്ടാകുന്ന വെള്ളപ്പൊക്കവും കാരണം ജീവനും സ്വത്തിനും ജീവനോപാധികൾക്കും അടിസ്ഥാന സൗകര്യങ്ങൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങളുമാണ് കടലേറ്റ ദുരന്തമായി നിർവചിച്ചിട്ടുള്ളത്.

# ചെറിയ നോട്ടുകൾ മാത്രം കിട്ടുന്ന എടിഎമ്മുകൾ സ്ഥാപിക്കുന്നു

പരവൂർ: ചെറിയ മൂല്യമുള്ള കറൻസികൾ മാത്രം വിതരണം ചെയ്യുന്നതിന് പുതിയ എടിഎമ്മുകൾ സ്ഥാപിക്കുന്നു. ദൈനംദിന ഇടപാടുകൾക്കായി ഇപ്പോഴും ചെറിയ തുകകളെ ആശ്രയിക്കുന്ന വ്യക്തികൾക്ക് 10, 20, 50 രൂപ നോട്ടുകൾ എളുപ്പത്തിൽ ലഭ്യമാക്കുക എന്നതാണ് പുതിയ എടിഎമ്മുകൾ സ്ഥാപിക്കുന്നതിന് പിന്നിലെ പ്രധാന ലക്ഷ്യം.

ദിവസ വേതനക്കാർ, തെരുവ് കച്ചവടക്കാർ/ചെറുകിട കടയുടമകൾ, യാത്രക്കാർ തുടങ്ങിയവർ ഇപ്പോഴും പതിവ് വാങ്ങലുകൾക്കും കൊടുക്കലുകൾക്കും ചെറിയ തുകകളാണ് ഉപയോഗിക്കുന്നത്. എന്നാൽ ഇപ്പോൾ ഇത്തരം ചെറിയ തുകകളുടെ കറൻസികൾ എടിഎമ്മുകളിൽ ലഭ്യമല്ല. ഇപ്പോൾ ഇന്ത്യയിലെ ഭൂരിഭാഗം എടിഎമ്മുകളിൽ 500, 200, 100 രൂപ നോട്ടുകൾ മാത്രമാണ് ലഭിക്കുന്നത്. ഇതിൽതന്നെ കൂടുതലും 500 രൂപ നോട്ടുകൾ മാത്രമാണ് മിക്ക എടിഎമ്മുകളിലുമുള്ളത്. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാണ് ചെറിയ തുകയ്ക്കുള്ള നോട്ടുകൾ മാത്രം ലഭിക്കുന്ന എടിഎമ്മുകൾ സ്ഥാപിക്കുന്നത്. കൂടാതെ 500 രൂപ അടക്കമുള്ള വലിയ തുകയുടെ നോട്ടുകൾ ചെറിയ തുകയുടെ നോട്ടുകളായി മാറ്റി വാങ്ങാൻ സൗകര്യമുള്ള ഹൈബ്രിഡ് എടിഎമ്മുകളും ഇതോടൊപ്പം സ്ഥാപിക്കുന്നതും അധികൃതരുടെ പരിഗണനയിലാണ്.

ചെറിയ നോട്ടുകൾ മാത്രം വിതരണം ചെയ്യുന്ന പുതിയ എടിഎമ്മുകൾ മുംബൈയിൽ പൈലറ്റ് പ്രോജക്ടായി പ്രവർത്തനം തുടങ്ങി. പ്രാദേശിക മാർക്കറ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് ഡിപ്പോകൾ, ആശുപത്രികൾ, സർക്കാർ ഓഫീസുകൾ എന്നിവയ്ക്ക് സമീപമാണ് പുതിയ എടിഎമ്മുകൾ പരീക്ഷണ അടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ളത്. ഈ ശ്രമത്തെ പിന്തുണയ്ക്കുന്നതിനായി ചെറിയ മൂല്യമുള്ള നോട്ടുകൾ കൂടുതലായി അച്ചടിക്കുന്ന കാര്യവും റിസർവ് ബാങ്കിന്റെ പരിഗണനയിലാണ്. ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി മാത്രം ലഭിച്ചാൽ മതി.

ഇടപാടുകാരെ സംബന്ധിച്ചിടത്തോളം പുതിയ എടിഎമ്മുകൾ ഗുണകരമാണെങ്കിലും പദ്ധതി വെല്ലുവിളികൾ നിറഞ്ഞതായിരിക്കും എന്നാണ് ഇന്ത്യയിലെ വിവിധ ബാങ്കുകളുടെ കണക്കുകൂട്ടൽ.

പുതിയ മെഷീനുകൾ സ്ഥാപിക്കുന്നതിനും അവ പരിപാലിക്കുന്നതിനും ഉയർന്ന ചെലവുകൾ വഹിക്കേണ്ടിവന്നേക്കാം എന്നതാണ് ബാങ്കുകളുടെ പ്രധാന ആശങ്ക.

# ലക്ഷദ്വീപിൽനിന്നു കൊച്ചിയിലേയ്ക്ക് കോസ്റ്റ് ഗാർഡിന്റെ രക്ഷാദൗത്യം

കൊച്ചി: ലക്ഷദ്വീപിലെ അഗത്തിയിൽനിന്ന് ഹൃദയാഘാതം സംഭവിച്ചയാളെ അടിയന്തര ചികിത്സയ്ക്കായി



ഹൃദയാഘാതം സംഭവിച്ചയാളെ അടിയന്തര ചികിത്സയ്ക്കായി ലക്ഷദ്വീപിലെ അഗത്തിയിൽനിന്ന് ഇന്ത്യൻ കോസ്റ്റ് ഗാർഡ് കൊച്ചിയിലെത്തിക്കുന്നു.

കൊച്ചിയിൽ എത്തിച്ച് കോസ്റ്റ് ഗാർഡിന്റെ ജീവൻരക്ഷാ ദൗത്യം. ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിലാണ് അതിവേഗ മെഡിക്കൽ ഇവാകേഷൻ നടത്തിയത്. തിങ്കളാഴ്ച രാത്രിയോടെയായിരുന്നു സംഭവം. കോസ്റ്റ ഗാർഡിന്റെ ഡോർണിയർ വിമാനത്തിലാണ് അമ്പത്തിയഞ്ചുകാരനായ രോഗിയെ കൊച്ചിയിലെത്തിച്ചത്. വിമാനത്തിൽ മൊബൈൽ ഇന്റൻസീവ് കെയർ യൂണിറ്റ് (എംഐസിയു) ക്രമീകരിച്ചായിരുന്നു നടപടികൾ.

26-നാണ് ഹൃദയാഘാതമുണ്ടായത്. വിദഗ്ധ ചികിത്സ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ലക്ഷദ്വീപിലെ രോഗികളെ കൊച്ചിയിലെത്തിക്കുന്നതിന് സാധാരണയായി ഹെലികോപ്റ്ററുകളോ എയർ ആംബുലൻസുകളോ ആണ് ഉപയോഗിക്കാറുള്ളതെങ്കിലും അടിയന്തര സാഹചര്യം കണക്കിലെടുത്ത് സമയം ലാഭിക്കുന്നതിനായി കോസ്റ്റ് ഗാർഡിന്റെ ഡോണിയർ വിമാനം ഉപയോഗിക്കുകയായിരുന്നു. വിമാനത്തിനുള്ളിൽ തന്നെ എംഐസിയു സജ്ജീകരിച്ചു. രാത്രികാലത്തെ കാലാവസ്ഥാ വെല്ലുവിളികളും കടലിനു മുകളിലൂടെയുള്ള യാത്രയും പരിഗണിച്ചാണ് ഹെലികോപ്റ്ററിനു പകരം വേഗമേറിയ ഡോണിയർ വിമാനം തെരഞ്ഞെടുത്തതെന്ന് കോസ്റ്റ് ഗാർഡ് അധികൃതർ വ്യക്തമാക്കി.

കൊച്ചിയിലെത്തിച്ച രോഗിയെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഈ മാസം നടത്തുന്ന രണ്ടാമത്തെ മെഡിക്കൽ ഇവാക്വേഷൻ ദൗത്യമാണിത്. കഴിഞ്ഞ ഒരു വർഷത്തിനിടെ അഗത്തിയിൽ നിന്ന് നടത്തുന്ന നാലാമത്തെ രാത്രികാല ദൗത്യവും.

# കേരള ശാസ്ത്ര പുരസ്കാരം ഡോ. ടെസി തോമസിന്



തിരുവനന്തപുരം: 2024-ലെ കേരള ശാസ്ത്രപുരസ്കാരത്തിന് ഡിആർഡിഒ (ഡിആർഡിഒ ഏറോനോട്ടിക്കൽ സിസ്റ്റംസ്) മുൻ ഡയറക്ടർ ജനറൽ ഡോ. ടെസി തോമസിനെ തെരഞ്ഞെടുത്തു. ഇന്ത്യയുടെ മിസൈൽ വനിത എന്നു വിശേഷിപ്പിക്കപ്പെടുന്ന ഡിആർഡിഒ ശാസ്ത്രജ്ഞയായ ഡോ. ടെസി തോമസിനെ പ്രതിരോധ ഗവേഷണ വികസന മേഖലയിലെ സംഭാവനകൾ മാനിച്ചാണ് അവാർഡിനായി തെരഞ്ഞെടുത്തത്.

ഫെബ്രുവരി ഒന്നിന് എറണാകുളം സെന്റ് ആൽബർട്സ് കോളജിൽ സംഘടിപ്പിക്കുന്ന കേരള സയൻസ് കോൺഗ്രസിന്റെ ഉദ്ഘാടനച്ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിക്കും. രണ്ടു ലക്ഷം രൂപയുടെ കാഷ് പ്രൈസും പ്രശസ്തി പത്രവും കാനായി കുഞ്ഞിരാമൻ രൂപകൽപന ചെയ്ത ശിൽപവും അടങ്ങിയതാണ് കേരള ശാസ്ത്ര പുരസ്കാരം.

അഗ്നി-അഞ്ച് ഭൂഖണ്ഡാന്തര മിസൈലിന്റെ മുഖ്യശില്പിയും പദ്ധതി മേധാവിയുമാണ് ടെസി തോമസ്. ഇന്ത്യയുടെ ഗൈഡഡ് മിസൈൽ വികസന പദ്ധതികളുടെ ഡയറക്ടർ പദവിയിലെത്തിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി, ആദ്യ മലയാളി, ആദ്യ വനിത എന്നീ വിശേഷണങ്ങളുമുണ്ട്. പ്രതിരോധ ഗവേഷണ രംഗത്തും ഇന്ത്യയുടെ മിസൈൽ വികസനത്തിലും ദീർഘകാലം സേവനംചെയ്ത ഡോ. ടെസി തോമസ് നിരവധി അംഗീകാരങ്ങൾ നേടിയിട്ടുണ്ട്.



# അജിത് പവാർ ഓർമയായി

ബാരാമതി: മാനത്ത് തീഗോളമായി പൊലിഞ്ഞ ബാരാമതിയുടെ 'ദാദ' അജിത് പവാറിന് കണ്ണീരിൽ കുതിർന്ന യാത്രാമൊഴി. വിമാനാപകടത്തിൽ കൊല്ലപ്പെട്ട മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാറിന്റെ സംസ്കാരം പൂർണ സംസ്ഥാന ബഹുമതികളോടെ നടന്നു. അജിത്തിന്റെ സ്വദേശമായ പൂന ബാരാമതിയിലെ വിദ്യാ പ്രതിഷ്ഠാൻ മൈതാനിയിലായിരുന്നു അന്ത്യചടങ്ങുകൾ. അജിത് ദാദയ്ക്കു മരണമില്ലെന്ന അനുയായികളുടെ മുദ്രാവാക്യങ്ങൾ ഉച്ചത്തിലലയടിച്ചുയരുമ്പോൾ അജിത്തിന്റെ മക്കളായ പാർഥും ജയ്യും ചിതയ്ക്കു തീ കൊളുത്തി.

ചടങ്ങിൽ കേന്ദ്രമന്ത്രിമാരായ അമിത് ഷാ, നിതിൻ ഗഡ്കരി, മുരളീധർ മൊഹോൾ, മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ്, ഉപമുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ, മുതിർന്ന എൻസിപി (എസ്പി) നേതാവും അജിത്തിന്റെ പിതൃസഹോദരനുമായ ശരദ് പവാർ, ബിജെപി പ്രസിഡണ്ട് നിതിൻ നബിൻ തുടങ്ങിയ നേതാക്കൾ സംബന്ധിച്ചു. അജിത്തിന്റെ ഗ്രാമമായ കഠേവാഡിയിൽനിന്നു ബാരാമതിയിലേക്കുള്ള വിലാപയാത്രയിൽ ആയിരങ്ങളാണ് പങ്കെടുത്തത്.

എൻസിപി വർക്കിംഗ് പ്രസിഡണ്ടും മുൻ കേന്ദ്ര മന്ത്രിയുമായ പ്രഫുൽ പട്ടേലും സംസ്കാരചടങ്ങിൽ പങ്കെടുത്തു. സംസ്കാരച്ചടങ്ങുകൾ പൂർത്തിയാകുമ്പോഴും ഇരിപ്പിടത്തിൽ മൗനമായി തുടർന്ന ശരദ് പവാർ കണ്ണീർ കാഴ്ചയായി. നേരത്തേ, ശിവസേന (യുബിടി) അദ്ധ്യക്ഷനും മുൻ മുഖ്യമന്ത്രിയുമായ ഉദ്ധവ് താക്കറെ, എംഎൻഎസ് മേധാവി രാജ് താക്കറെ എന്നിവർ കഠേവാഡിയിലെ അജിത് പവാറിന്റെ വസതിയിൽ പുഷ്പാർച്ചന നടത്തി. മുൻ മുഖ്യമന്ത്രിമാരായ സുശീൽ കുമാർ ഷിൻഡെ, അശോക് ചവാൻ,



സംസ്ഥാന കോൺഗ്രസ് പ്രസിഡണ്ട് ഹർഷവർധൻ സപ്കൽ, നടൻ റിതേഷ് ദേശ്മുഖ് എന്നിവരും ആദരാഞ്ജലി അർപ്പിച്ചു.

അജിത് പവാർ സഞ്ചരിച്ച യാത്രാവിമാനം ജനുവരി 28-ന് ബുധനാഴ്ച രാവിലെ 8.10-നു മുംബൈയിൽനിന്ന് പറന്നുയർന്ന് അരമണിക്കൂറിനുശേഷം ലാൻഡിങ് ശ്രമത്തിനിടെ ബാരാമതി വിമാനത്താവളത്തിന് സമീപം തകർന്നുവീഴുകയായിരുന്നു.

അജിത്തിന്റെ പേഴ്സണൽ സെക്യൂരിറ്റി ഓഫീസർ വിദീപ് ജാവദ്, പൈലറ്റുമാരായ സുമിത് കപൂർ, ഷംഭവി പാഠക്, ഫ്ളൈറ്റ് അറ്റൻഡന്റ് എന്നിവരും അപകടത്തിൽ മരിച്ചതായി ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ അറിയിച്ചു. ഭാര്യ സുനേത്ര പവാർ. മക്കൾ: ജയ്, പാർഥ്. അടുത്തമാസം നടക്കുന്ന തദ്ദേശ തെരഞ്ഞെടുപ്പിനു മുന്നോടിയായുള്ള യോഗങ്ങളിൽ പങ്കെടുക്കാനായി പോവുകയായിരുന്നു അജിത് പവാർ. വിഐപികളുടെ യാത്രയ്ക്കും മറ്റും ഉപയോഗിക്കുന്ന ലിയർജെറ്റ് 45 എന്ന ചെറുവിമാനമാണ് അപകടത്തിൽപ്പെട്ടത്.

വിഎസ്ആർ എന്ന കമ്പനിയാണു സർവ്വീസ് നടത്തിയിരുന്നത്. ലാൻഡിങ്ങിനു ശ്രമിച്ചപ്പോൾ ആദ്യതവണ റൺവേ കാണുന്നതിൽ പ്രശ്നമുണ്ടായിരുന്നെന്നാണു സൂചന. ആകാശത്ത് ഒന്നു ചുറ്റിയിട്ട് രണ്ടാമതും ലാൻഡിങ്ങിനു ശ്രമിക്കുമ്പോഴായിരുന്നു അപകടം.

# കെ.എം. ഷാജിക്ക് അയോഗ്യതയില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: മുസ്‌ലിം ലീഗ് നേതാവ് കെ.എം. ഷാജിക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അയോഗ്യതയില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി. 2016-ൽ അഴീക്കോട്ട് കെ.എം. ഷാജിയുടെ തെരഞ്ഞെടുപ്പ് റദ്ദാക്കിക്കൊണ്ട് ആറു വർഷത്തെ അയോഗ്യത വിധിച്ച ഹൈക്കോടതി നടപടി അധികാരപരിധി മറികടന്നുള്ളതാണെന്ന് സുപ്രീംകോടതി നിരീക്ഷിച്ചു. അയോഗ്യത പ്രഖ്യാപിക്കാൻ രാഷ്ട്രപതിക്കാണ് അധികാരം എന്ന വാദം അംഗീകരിച്ചുകൊണ്ടാണ് സുപ്രീംകോടതിയുടെ നടപടി.

2016-ലെ നിയമസഭയുടെ കാലാവധി അവസാനിച്ചതിനാൽ ഹർജിക്ക് പ്രസക്തി നഷ്ടപ്പെട്ടു എന്ന് ജസ്റ്റിസ് ബി.വി. നാഗരത്ന അദ്ധ്യക്ഷയായ ബെഞ്ച് പറഞ്ഞു. അതിനാൽ തെരഞ്ഞെടുപ്പ് റദ്ദാക്കിയ ഹൈക്കോടതിയുടെ നടപടികളിലേക്കു കടക്കാതെ സുപ്രീംകോടതി ഹർജി തീർപ്പാക്കി. എതിർ സ്ഥാനാർത്ഥിയായിരുന്ന എം.വി. നികേഷ്കുമാറിന്റെ പരാതിയിലാണ് ഷാജിയുടെ തെരഞ്ഞെടുപ്പ് 2018-ൽ ഹൈക്കോടതി റദ്ദാക്കിയത്.

മതസ്പർധ വളർത്തുന്ന ലഘുലേഖകൾ വിതരണം ചെയ്തെന്നായിരുന്നു പരാതി. ഇതിനെതിരായ അപ്പീലിൽ ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തുകൊണ്ട് ഷാജിക്ക് നിയമസഭാംഗമായി തുടരാൻ അനുമതി നല്കിയിരുന്നു.

# വിവാദ യുജിസി ചട്ടങ്ങൾ സുപ്രീംകോടതി മരവിപ്പിച്ചു

ന്യൂഡൽഹി: കാമ്പസുകളിൽ ജാതിവിവേചനം ഇല്ലാതാക്കാൻ യുജിസി കൊണ്ടുവന്ന ചട്ടങ്ങൾ നടപ്പാക്കുന്നത് മരവിപ്പിച്ച് സുപ്രീംകോടതി. അപകടകരമായ ഫലം ഉണ്ടാക്കുന്നതും സമൂഹത്തെ ഭിന്നിപ്പിക്കുന്നതുമാണ് ചട്ടങ്ങളെന്ന് വാക്കാൽ നിരീക്ഷിച്ചാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ ബെഞ്ചിന്റെ നടപടി. ചട്ടങ്ങൾ ചോദ്യം ചെയ്തുള്ള ഹർജികളിൽ കോടതി കേന്ദ്രത്തിന്റെയും യുജിസിയുടെയും മറ്റും മറുപടിയായി.

ചട്ടങ്ങളുടെ ഭാഷ അവ്യക്തവും ദുരുപയോഗം ചെയ്യാൻ സാദ്ധ്യതയുള്ളതുമാണെന്ന് ചീഫ് ജസ്റ്റിസ് പറഞ്ഞു. ജാതിരഹിത സമൂഹത്തിനായി നമ്മൾ നേടിയതിൽ നിന്ന് പിന്നോട്ടു പോകുകയാണോയെന്നും അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. ചട്ടങ്ങളിൽ നിന്ന് റാഗിംഗിനെ എന്തുകൊണ്ട് ഒഴിവാക്കി എന്നും കോടതി ചോദിച്ചു. പ്രമുഖ നിയമജ്ഞർ അടങ്ങുന്ന സമിതി ചട്ടങ്ങൾ പരിശോധിക്കണമെന്നും കോടതി പറഞ്ഞു. വിവേചനാപരമായ സമീപനമാണ് ചട്ടത്തിൽ സ്വീകരിക്കുന്നതെന്നും സംവരണേതര വിഭാഗങ്ങൾക്ക് പരിരക്ഷയില്ലെന്നും ചൂണ്ടിക്കാട്ടിയുള്ള ഹർജികളാണ് കോടതി പരിഗണിച്ചത്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തുല്യത ഉറപ്പാക്കാനായി ജനുവരി 13-നാണ് യുജിസി 'പ്രൊമോഷൻ ഓഫ് ഇക്വിറ്റി ഇൻ ഹയർ എജ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ്' ചട്ടങ്ങൾ വിജ്ഞാപനം ചെയ്തത്. ജാതിവിവേചനം നേരിട്ട് ജീവനൊടുക്കിയ രോഹിത് വെമൂല, പായൽ താദ്വി എന്നീ വിദ്യാർത്ഥികളുടെ മരണത്തിനു പിന്നാലെ വിഷയം പരിഗണിച്ച സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരമായിരുന്നു ഉപദേശസ്വഭാവത്തിലുള്ള 2012-ലെ യുജിസി ചട്ടങ്ങൾക്ക് പകരമായി പുതിയതിറക്കിയത്.

എല്ലാ കോളജുകളിലും സർവകലാശാലകളിലും തുല്യാവസര കേന്ദ്രങ്ങൾ തുടങ്ങണമെന്നും തുല്യതാ സമിതികൾ രൂപവൽക്കരിച്ച് എസ്.സി, എസ്.ടി, ഒ.ബിസി, വനിത, ഭിന്നശേഷി പ്രാതിനിധ്യം ഉറപ്പാക്കണമെന്നും പുതിയ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരുന്നു. നിരീക്ഷണ സംവിധാനം നിർബന്ധവുമാക്കി. എന്നാൽ സമിതിയിൽ ജനറൽ വിഭാഗത്തിന്റെ പ്രാതിനിധ്യമില്ലാത്തത് വിവേചനാപരമാണെന്നും വ്യാജപരാതികളിൽ നടപടിക്ക് വ്യവസ്ഥയില്ലെന്നും ചട്ടത്തെ എതിർക്കുന്നവർ വാദിക്കുന്നു.

# വനം തടസ്സമാകില്ല; ഖനനം ഭാഗികമായി അനുവദിക്കും

ന്യൂഡൽഹി: ഖനന ലേലത്തിലൂടെ നൽകുന്ന ധാതുബ്ലോക്കുകളിൽ വനമേഖല ഉൾപ്പെട്ടാൽ കമ്പനികൾക്ക് ബാധകമായ നടപടിക്രമങ്ങൾ കേന്ദ്രം ലളിതമാക്കാനൊരുങ്ങുന്നു. വനമേഖല ഒഴിവാക്കി ബാക്കി സ്ഥലത്ത് ഖനനം ചെയ്യാൻ അനുവദിക്കുന്ന തരത്തിലാണ് മാറ്റം. ഇതിനായി 2015-ലെ ധാതുലേലം സംബന്ധിച്ച ചട്ടം ഭേദഗതി ചെയ്യും. കരടുരൂപത്തിന്മേൽ സംസ്ഥാനങ്ങളിൽ നിന്നടക്കം. അഭിപ്രായം തേടി. ലേലത്തിനു ശേഷം ഖനനം അതിവേഗം തുടങ്ങാൻ ലക്ഷ്യമിട്ടാണ് ഭേദഗതി.

നിലവിൽ ഒരു ഖനന ബ്ലോക്കിലെ ചെറിയൊരു ഭാഗം പോലും വനമായി അടയാളപ്പെടുത്തിയാൽ വനാനുമതി ലഭിക്കുന്നതുവരെ കാത്തിരിക്കണം. പല പദ്ധതികളും പ്രവർത്തനമാരംഭിക്കാൻ വർഷങ്ങളോളം നീളുന്ന സ്ഥിതിയുണ്ട്.

ഇത് പരിഹരിക്കാനായി വനവും വനേതര ഭാഗവും വേർതിരിച്ച് ഖനന ലീസ് അനുവദിക്കും. വനമേഖല ധാതു ബ്ലോക്കിന്റെ ഏതെങ്കിലുമൊരു വശത്തായിരിക്കണം. ധാതുവിന്റെ അളവ് ഈ ഭാഗത്ത് 20 ശതമാനത്തിലും താഴെയായിരിക്കണം. അങ്ങനെയെങ്കിൽ വനമൊഴിച്ചുള്ള ഭാഗത്ത് ഖനനം തുടങ്ങാം. വനാനുമതി കിട്ടിയശേഷം ഈ ലീസുകൾ ഒരുമിപ്പിക്കും. എന്നാൽ വനത്തോട് ചേർന്ന ഭാഗത്തുള്ള ലേലം മറ്റ് നിബന്ധനകളില്ലാതെ ആരംഭിക്കുന്നതിൽ പരിസ്ഥിതി പ്രവർത്തകർക്ക് ആശങ്കയുണ്ട്.

ഖനനം വേഗത്തിലാക്കാനായി കമ്പനികൾക്ക് ലെറ്റർ ഓഫ് ഇന്റന്റ് ഓൺലൈനായി നൽകുന്ന സംവിധാനവുമുണ്ടാകും. സംസ്ഥാനങ്ങളുമായി ചേർന്ന് കേന്ദ്രം ഏകീകൃത ഖനന പോർട്ടൽ തുടങ്ങാനും പദ്ധതിയുണ്ട്.







K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# ന്യൂയോർക്ക് മലയാളി അസോസിയേഷന് (NYMA) പുതിയ സാരഥികൾ

ലാജി തോമസ്

ന്യൂയോർക്ക്: അമേരിക്കയിലെ മലയാളി സംഘടനകളിൽ സജീവ സാന്നിദ്ധ്യമായ ന്യൂയോർക്ക് മലയാളി അസോസിയേഷന്റെ (NYMA) 2026 പ്രവർത്തനവർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

പ്രമുഖ സംരംഭകനും സാമൂഹിക പ്രവർത്തകനുമായ രാജേഷ് പുഷ്പരാജനെ പ്രസിഡണ്ടായി എതിരില്ലാതെ തെരഞ്ഞെടുത്തു. ജനുവരി 11-ന് ഞായറാഴ്ച ന്യൂയോർക്കിലെ കേരള കിച്ചൻ റെസ്റ്റോറന്റിൽ വെച്ച് നടന്ന വാർഷിക ജനറൽ ബോഡി യോഗത്തിലാണ് പുതിയ നേതൃത്വത്തെ പ്രഖ്യാപിച്ചത്. പ്രസിഡണ്ട് ബിബിൻ മാത്യു തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ രണ്ട് വർഷക്കാലം വേണ്ട സപ്പോർട്ട് തന്ന കമ്മിറ്റി അംഗങ്ങൾക്കും ബോർഡിനും നന്ദി അറിയിച്ചു സംസാരിച്ചു.



അസോസിയേഷന്റെ ബോർഡ് ചെയർമാൻ ലാജി തോമസിന്റെ നേതൃത്വത്തിൽ നടന്ന മികച്ച ഒരുക്കങ്ങൾ ഈ വർഷത്തെ പൊതുയോഗത്തെ ശ്രദ്ധേയമാക്കി. തെരഞ്ഞെടുപ്പ് നടപടികൾ സുതാര്യവും സൗഹാർദ്ദപരവുമായി നടത്തുന്നതിൽ അദ്ദേഹം മുഖ്യപങ്കുവഹിച്ചു.

കായിക-സാമൂഹിക, സാംസ്കാരിക മേഖലകളിൽ സജീവമായ എൻവൈഎംഎ ന്യൂയോർക്കിലെ മലയാളി സമൂഹത്തിനിടയിൽ പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യം നല്കുന്ന സംഘടനയാണ്. എൻവൈഎംഎ പ്രത്യേകിച്ച് സംഘടനയുടെ ആഭിമുഖ്യത്തിൽ നടക്കാറുള്ള എൻവൈഎംഎ കപ്പ് ക്രിക്കറ്റ് ടൂർണമെന്റും മറ്റ് പ്രോഗ്രാമുകൾ, ചാരിറ്റി പ്രവർത്തനങ്ങളും നോർത്ത് അമേരിക്കയിലെ മലയാളികൾക്കിടയിൽ ഏറെ ശ്രദ്ധേയമാണ്.

നിലവിലെ ബോർഡ് ചെയർമാൻ ലാജി തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 2026 വർഷത്തെ പുതിയ ഭാരവാഹികളായി പ്രസിഡണ്ട് -രാജേഷ് പുഷ്പരാജൻ, വൈസ് പ്രസിഡണ്ട്-തോമസ് സക്കറിയ, സെക്രട്ടറി-പ്രേം കൃഷ്ണൻ, ജോയിന്റ് സെക്രട്ടറി-ജോജി മാത്യു, ട്രഷറർ-തോമസ് പായിക്കാട്ട്, ജോയിന്റ് ട്രഷറർ-ജോർജ് ഡേവിഡ് എന്നിവരെയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി സാം തോമസ്, ഡഗ്ലിഷ് വടക്കേമണ്ണിൽ, ജിൻസ് ജോസഫ്, സാബു ജോസഫ്, ഷാജി മാത്യു, ജോർജ് ജോസഫ്, ടിൻസൻ പീറ്റർ, പിആർഒ ആയി ജേക്കബ് മാനുവൽ, ഓഡിറ്റേഴ്സായി ജോസ് ബേബി, നൂപ കുര്യൻ എന്നിവരെയും തെരഞ്ഞെടുത്തു.

അസോസിയേഷന്റെ ഭാവിപ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നല്കാൻ ബിബിൻ മാത്യുവിനെ ബോർഡ് ചെയർമാനായി തെരഞ്ഞെടുത്തു. മാത്യു ജോഷ്വ, ജേക്കബ് കുര്യൻ, ലാജി തോമസ്, കുര്യൻ സ്കറിയ എന്നിവരാണ് ബോർഡ് അംഗങ്ങൾ.

ന്യൂയോർക്കിലെ മലയാളികൾക്കിടയിൽ ഐക്യം വർദ്ധിപ്പിക്കുന്നതിനും രണ്ടാം തലമുറയിലെ മലയാളി യുവാക്കളെ സംഘടനയുടെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുമുള്ള വിപുലമായ പദ്ധതികൾക്ക് പുതിയ കമ്മിറ്റി മുൻഗണന നല്കുമെന്ന് നിയുക്ത പ്രസിഡണ്ട് രാജേഷ് പുഷ്പരാജൻ അറിയിച്ചു.

സെക്രട്ടറി ജേക്കബ് കുര്യൻ മീറ്റിംഗിൽ പങ്കെടുത്ത ഏവർക്കും നന്ദി അറിയിച്ചു.




## ടെക്സസിൽ എച്ച്-1ബി വിസയ്ക്ക് നിയന്ത്രണം

ഓസ്റ്റിൻ: യുഎസിലെ ടെക്സസിൽ സർക്കാർ ഏജൻസികളിലും സർവകലാശാലകളിലും ഉൾപ്പെടെ പുതിയ എച്ച്-1ബി വിസ അപേക്ഷകൾ മരവിപ്പിക്കാൻ ഗവർണറുടെ ഉത്തരവ്. അമേരിക്കക്കാർക്ക് ജോലിലഭ്യത ഉറപ്പുവരുത്താനും വിസ പദ്ധതിയിലെ ദുരുപയോഗവും കണക്കിലെടുത്താണ് പുതിയ എച്ച്-1 ബി വിസ അപേക്ഷകൾ മരവിപ്പിക്കാൻ റിപ്പബ്ലിക്കൻ ഗവർണറായ ഗ്രേഗ് ആബട്ട് നിർദേശം നൽകിയത്. 2027 മേയ് 31 വരെ ടെക്സസിൽ പുതിയ എച്ച്1 ബി വിസ അപേക്ഷകർക്കുള്ള നിയന്ത്രണം തുടരും. സമാനമായി രീതിയിൽ ഫ്ളോറിഡയും പൊതു സർവകലാശാലകളിലെ വിസ അപേക്ഷകൾ അടുത്ത ജനുവരി വരെ നിർത്തിവെക്കാൻ നീക്കം നടത്തുന്നുണ്ട്.

ഇനിമുതൽ ടെക്സസ് വർക്ക്ഫോഴ്സ് കമ്മീഷന്റെ രേഖാമൂലമുള്ള അനുമതിയില്ലാതെ സംസ്ഥാന ഏജൻസികൾക്കോ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കോ പുതിയ എച്ച്-1 ബി അപേക്ഷകൾ നൽകാൻ കഴിയില്ല.

ഫെഡറൽ എച്ച്-1 ബി വിസയുടെ ദുരുപയോഗത്തെക്കുറിച്ചുള്ള സമീപകാല റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും അമേരിക്കയിലെ ജോലികൾ നാട്ടുകാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുമാണ് പുതിയ എച്ച്-1 ബി വിസ അപേക്ഷകൾ മരവിപ്പിക്കാൻ ഉത്തരവിട്ടതെന്ന് ഗവർണർ വ്യക്തമാക്കി. ഇതുസംബന്ധിച്ച് എല്ലാ സർക്കാർ ഏജൻസികൾക്കും നിർദേശം നൽകിയതായും അദ്ദേഹം പറഞ്ഞു.

യോഗ്യതയുള്ള അമേരിക്കൻ തൊഴിലാളികളെ നിയമിക്കാൻ ശ്രമിക്കാതെ വിദേശ തൊഴിലാളികളെ കുറഞ്ഞ ശമ്പളത്തിൽ നിയമിക്കുന്നതിനായി ചിലർ എച്ച്-1 ബി വിസ പദ്ധതി ദുരുപയോഗം ചെയ്യുന്നതായാണ് ഗവർണറുടെ ആരോപണം.

വിസകൾ നിർത്തലാക്കുന്ന ഈ പുതിയ തീരുമാനം ഇന്ത്യക്കാർക്ക് മറ്റൊരു തിരിച്ചടിയാണ്. പ്യൂ റിസർച്ച് സെന്ററിന്റെ കണക്കനുസരിച്ച്, യുഎസിലെ 52 ലക്ഷം ഇന്ത്യക്കാരിൽ 5,70,000 പേരും ടെക്സസിലാണ് താമസിക്കുന്നത്. ന്യൂജേഴ്സി (4,40,000), ന്യൂയോർക്ക് (3,90,000), ഇല്ലിനോയിസ് (2,70,000) എന്നിവയാണ് ഇന്ത്യക്കാർ കൂടുതലുള്ള മറ്റു സംസ്ഥാനങ്ങൾ.

യുഎസിലെ എച്ച്-1 ബി വിസയുടെ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും ഇന്ത്യക്കാരാണ്. 2024 സാമ്പത്തിക വർഷത്തിൽ അനുവദിച്ച വിസകളിൽ 71 ശതമാനവും ഇന്ത്യൻ പൗരന്മാർക്കായിരുന്നു.

എന്നാൽ, 2025-ലെ കണക്കുകൾ പ്രകാരം ഇന്ത്യൻ ഐടി കമ്പനികൾക്ക് വിസ അനുവദിച്ചതിൽ 37 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. പുതിയ വിസ അപേക്ഷകർക്കായി ട്രംപ് ഭരണകൂടം ഏർപ്പെടുത്തിയ ഒരു ലക്ഷം ഡോളറിന്റെ ഫീസും ഇതിനെ ബാധിച്ചു.

## അവസാന ബന്ദിയും ഇസ്രയേലിൽ തിരിച്ചെത്തി; ടെൽ അവീവിലെ കൗണ്ട്ഡൗൺ ക്ലോക്ക് നിലച്ചു

ടെൽ അവീവ്: 2003 ഒക്ടോബർ ഏഴിലെ ഭീകരാക്രമണത്തിൽ പലസ്തീൻ ഭീകരർ ഗാസയിലേക്കു തട്ടിക്കൊണ്ടുപോയ അവസാന ഇസ്രേലിയുടെ മൃതദേഹവും വീണ്ടെടുത്തു. റാൻ ഗാവിൽ എന്ന ഇരുപത്തിനാലുകാരന്റെ മൃതദേഹം ഇസ്രയേലിൽ എത്തിച്ചു. ഇതിനു പിന്നാലെ ടെൽ അവീവ് നഗരത്തിലെ ബന്ദികളുടെ ചത്വരത്തിൽ സ്ഥാപിച്ചിരുന്ന കൗണ്ട് ഡൗൺ ക്ലോക്ക് 844-ാം ദിവസം നിശ്ചലമായി.

പോലീസുകാരനായിരുന്ന റാൻ ഗാവിൽ പരിക്കേറ്റ് വിശ്രമത്തിലായിരിക്കേയാണു ഹമാസും ഇസ്‌ലാമിക് ജിഹാദും അടക്കമുള്ള പലസ്തീൻ ഭീകരർ തെക്കൻ ഇസ്രയേലിൽ ആക്രമണം നടത്തിയത്. ഗാവിലിനെ വധിച്ച് മൃതദേഹം ഗാസയിലേക്കു കടത്തുകയായിരുന്നു.

മൃതദേഹം തിരികെ ഇസ്രയേലിൽ എത്തിച്ചതിൽ ഗാവിലിന്റെ കുടുംബാംഗങ്ങൾ നന്ദി അറിയിച്ചു. ഗാവിൽ ഇസ്രയേലിന്റെ നായകനാണെന്ന് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു.

പലസ്തീൻ ഭീകരർ ഇസ്രയേലിൽനിന്നു ഗാസയിലേക്ക് 251 പേരെ തട്ടിക്കൊണ്ടുപോയ ശേഷമുള്ള ഓരോ നിമിഷവും ഓർക്കുന്നതിനാണ് ടെൽ അവീവിലെ ബന്ദികളുടെ ചത്വരത്തിൽ പ്രത്യേക ക്ലോക്ക് സ്ഥാപിച്ചത്. ബന്ദികളെല്ലാം തിരിച്ചെത്തിയ സാഹചര്യത്തിൽ ക്ലോക്കിന്റെ പ്രവർത്തനം നിർത്തി. ബന്ദികളുടെ കുടുംബാംഗങ്ങളുടെ കൂട്ടായ്മയായ ഹോസ്റ്റേജ് ആൻഡ് ഫാമിലീസ് ഫോറം അംഗങ്ങൾ ചടങ്ങിൽ പങ്കെടുത്തു.

അവസാന ബന്ദിയും തിരിച്ചെത്തിയതോടെ അമേരിക്കൻ പ്രസിഡണ്ട് ട്രംപ് അവതരിപ്പിച്ച ഗാസ സമാധാന പദ്ധതിയുടെ ഒന്നാം ഘട്ടം ഏതാണ്ട് പൂർണമായി. ഗാസയുടെ പുനരുദ്ധാരണം അടക്കമുള്ള രണ്ടാം ഘട്ടമാണ് ഇനിയുള്ളത്.

ഗാസയ്ക്കും ഈജിപ്തിനും ഇടയിലുള്ള റാഫ അതിർത്തി തുറക്കാനുള്ള സന്നദ്ധത ഇസ്രയേൽ അറിയിച്ചിട്ടുണ്ട്.

## ശബരിമലയിലേത് വൻ സ്വർണ്ണക്കൊള്ളയെന്ന് ശാസ്ത്രജ്ഞർ

തിരുവനന്തപുരം: ശബരിമലയിൽ വൻ സ്വർണക്കൊള്ള നടന്നെന്ന് സ്ഥിരീകരിച്ച് ശാസ്ത്രീയ പരിശോധന നടത്തിയ വിഎസ്എസ്സിയിലെ ശാസ്ത്രജ്ഞരുടെ മൊഴി. ദ്വാരപാലക ശില്പങ്ങളിലും കട്ടിളയിലും പൊതിഞ്ഞിരുന്ന സ്വർണ്ണം അപ്പാടെ അപഹരിച്ചതായി പ്രത്യേക അന്വേഷണ സംഘത്തിനു നൽകിയ മൊഴിയിലുണ്ട്. അതിനുശേഷം ചെമ്പുപാളികളിൽ നേരിയ സ്വർണ നിറമുള്ള തിളക്കമാർന്ന ലോഹമായ നിക്കൽ ഉൾപ്പെടെ പൂശി തിരിച്ചെത്തിച്ചെന്നായിരുന്നു മൊഴി. മെർക്കുറി ഉപയോഗിച്ചായിരുന്നു നേരത്തെ സ്വർണപാളികൾ ഒട്ടിച്ചിരുന്നത്.

തിരിച്ചെത്തിച്ച പാളികളിൽ മെർക്കുറിയുടെ അംശമുണ്ടായിരുന്നില്ല. പകരം നിക്കൽ, അക്രിലിക് പോളിമർ എന്നിവയുണ്ടായിരുന്നു. പഴയ ഭൂരിഭാഗം ചെമ്പു പാളികളും അവയിലുണ്ടായിരുന്ന സ്വർണം കവർന്ന ശേഷം തിരിച്ചെത്തിച്ചു.

സ്വർണം രാസപ്രക്രിയയിലൂടെ ഇളക്കിമാറ്റിയപ്പോൾ ചില പാളികൾക്ക് രൂപമാറ്റമുണ്ടായെന്നത് അടക്കം നിർണായക വിവരങ്ങൾ ശാസ്ത്രജ്ഞർ നൽകിയിട്ടുണ്ടെന്നാണ് വിവരം. മൊഴിയുടെ വിവരങ്ങൾ എസ്ഐടി ഹൈക്കോടതിയെ അറിയിക്കും. പാളികളുടെ കാലപ്പഴക്കം അടക്കം സമഗ്ര പരിശോധനയിലൂടെ കണ്ടെത്തേണ്ടതുണ്ട്. ഈ റിപ്പോർട്ടുകൂടി പുറത്തുവന്നലേ പുതിയ പാളികളാണോ തിരിച്ചെത്തിച്ചത് എന്നതിൽ വ്യക്തതയുണ്ടാവൂ.

1998-ൽ വിജയ് മല്യയാണ് സ്വിറ്റ്സർലൻഡിൽ നിന്ന് ഇറക്കുമതി ചെയ്ത സ്വർണം കടലാസ് രൂപത്തിലാക്കി പാളികളിൽ പൊതിഞ്ഞത്. വിഎസ്എസ്സിയിലെ ശാസ്ത്രജ്ഞരുടെ വിശദ മൊഴിയെടുക്കാൻ എസ്ഐടിക്ക് കോടതി നിർദേശം നൽകിയതായി അറിയുന്നു.

# 83–കാരി ചിന്നമ്മ ജോർജ് ബൈബിൾ മെമ്മറി വേഴ്സസ് ചാമ്പ്യൻ

ഡോ. ജോയ്സ് മാത്യു

വിശ്വാസം, അച്ചടക്കം, ദൈവകൃപ എന്നിവയുടെ ശ്രദ്ധേയമായ സാക്ഷ്യമായി, ചിന്നമ്മ ജോർജ് (വയസ് 83) വീണ്ടും മെമ്മറി വേഴ്സസ് എഴുത്ത് മത്സരത്തിൽ ഒന്നാം സമ്മാനം നേടി. ദൈവവചനം ഹൃദയത്തിൽ എഴുതിയിരിക്കുമ്പോൾ പ്രായം ഒരു തടസ്സമല്ലെന്ന് വീണ്ടും തെളിയിച്ചു.

ക്രൈസ്റ്റ് അസംബ്ലി ഓഫ് ഗോഡ് സംഘടിപ്പിച്ച മത്സരം പങ്കെടുക്കുന്നവരെ ഒരു മണിക്കൂറിനുള്ളിൽ ബൈബിൾ മെമ്മറി വേഴ്സസ് കൃത്യ



മായി എഴുതാൻ വെല്ലുവിളിക്കുന്നതായിരുന്നു. ശരിയായ റഫറൻസുകൾ ഉൾപ്പെടെ 186 ബൈബിൾ വാക്യങ്ങൾ കൃത്യമായി എഴുതി എല്ലാവരെയും അത്ഭുതപ്പെടുത്തി തുടർച്ചയായി മൂന്നാം വർഷവും ഒന്നാം സമ്മാനം നേടി.

ഡിസംബർ 13-ന് നടന്ന സഭാ വാർഷികാഘോഷ വേളയിൽ അവാർഡ് സമ്മാനിച്ചു. സീനിയർ പാസ്റ്റർ റവ. ജോർജ് പി. ചാക്കോയിൽ നിന്ന് അവർക്ക് ഒരു ട്രോഫിയും പ്രത്യേക അംഗീകാരവും അവരുടെ പേരിൽ വ്യക്തിഗതമാക്കിയ ഒരു ബൈബിളും നല്കി ആദരിച്ചു.

രണ്ടാം സമ്മാനം ലിസി ഈപ്പനും മൂന്നാം സമ്മാനം സൂസമ്മ റോയിക്കും ലഭിച്ചു.

ട്രോഫി സ്വീകരിച്ചതിനു ശേഷമുള്ള പ്രതികരണത്തിൽ ഈ നേട്ടം ദൈവത്തിന്റെ കൃപയാൽ മാത്രമാണെന്നും അവന് എല്ലാ മഹത്വവും നല്കുന്നുവെന്നും ചിന്നമ്മ ജോർജ് താഴ്മയോടെ സാക്ഷ്യപ്പെടുത്തി. തന്റെ നർമ്മബോധവും വിശ്വാസത്തിലുള്ള ആത്മവിശ്വാസവും കൊണ്ട് പാസ്റ്റർ ജോർജ് പി. ചാക്കോയോട് സ്നേഹപൂർവ്വം പറഞ്ഞു: "ഈ സമ്മാനം പത്ത് വർഷത്തേക്കു കൂടി നല്കാൻ അദ്ദേഹത്തെ മാറ്റിവെക്കുകയാണ്" എന്ന്. ആനിമിഷം മുഴുവൻ സഭയ്ക്കും പുഞ്ചിരിയും പ്രചോദനവും നല്കി.

ചിന്നമ്മ ജോർജ് പരേതനായ റവ.ഡോ. കെ. എം. ജോർജിന്റെ വിധവയും ടോം ജോർജ്, ഏബ്രഹാം, മറിയാമ്മ, അന്ന, എലിസബത്ത് എന്നിവരുടെ പ്രിയപ്പെട്ട അമ്മയുമാണ്. 22 പേരക്കുട്ടികളും ഉള്ളതിനാൽ അവർ അനുഗൃഹീതമായ ഒരു ജീവിതം നയിക്കുന്നു. അവർ ഒരു വൃദ്ധയായ മുത്തശ്ശി മാത്രമല്ല, എട്ട് പതിറ്റാണ്ടുകളുടെ ജ്ഞാനത്തിന്റെയും വിശ്വാസത്തിന്റെയും അച്ചടക്കത്തിന്റെയും സ്നേഹത്തിന്റെയും ജീവിക്കുന്ന ഉദാഹരണമാണ്.

അവരുടെ പാരമ്പര്യം തലമുറകളായി നിലനിൽക്കുന്നു. അവർ പേരക്കുട്ടികളെ മലയാളം പഠിപ്പിച്ചു. ഇന്ന് അവർ അഭിമാനത്തോടെ അവരുടെ മാതൃഭാഷയിൽ അവരോട് സംസാരിക്കുന്നു. വർഷങ്ങൾക്കു മുമ്പ് അവർ പഠിപ്പിച്ച ഉല്പത്തി-വെളിപാടിലെ ബൈബിൾ വാക്യങ്ങളും ഉള്ളടക്കപ്പട്ടികയും അവരിൽ പലരും ഇപ്പോഴും ഓർക്കുന്നു. അവരുടെ ജീവിതത്തിലൂടെയും പഠിപ്പിക്കലിലൂടെയും അവർ ഇന്ത്യൻ മൂല്യങ്ങളും സംസ്കാരവും സംരക്ഷിക്കുകയും കൈമാറുകയും ചെയ്തിട്ടുണ്ട്. വാസ്തവത്തിൽ മുത്തശ്ശിമാരുടെ പ്രതിഫലനം അവരുടെ കുട്ടികളുടെയും പേരക്കുട്ടികളുടെയും ജീവിതത്തിൽ കാണാം.

എല്ലാ ദിവസവും കുട്ടികളോ പേരക്കുട്ടികളോ 'ബൈ' പറഞ്ഞ് പോകുമ്പോൾ അവൾ അവരുടെമേൽ കൈകൾ വെക്കുകയും പ്രാർത്ഥിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു. സ്നേഹവതിയും എന്നാൽ, ഉറച്ച സ്വഭാവവും സൗമ്യതയും അച്ചടക്കമുള്ളവളുമായ അവൾ പ്രാർത്ഥനയും ക്രമവും കൊണ്ട് കുട്ടികളെ വളർത്തുന്നതിൽ എപ്പോഴും വിശ്വസിച്ചിട്ടുണ്ട്. യെശയ്യാവ് 45:2 ഉപയോഗിച്ച് അവർ അവരെ നിരന്തരം അനുഗ്രഹിക്കുന്നു. പ്രധാനപ്പെട്ട ബിസിനസ് മീറ്റിംഗുകൾക്കോ പ്രധാന തീരുമാനങ്ങൾക്കോ മുമ്പ് അവളുടെ കുട്ടികൾ അമ്മയുടെ പ്രാർത്ഥനകളും അനുഗ്രഹങ്ങളും തേടുന്നു.

പ്രിയപ്പെട്ടവരുടെ നഷ്ടം ഉൾപ്പെടെ ജീവിതത്തിൽ നിരവധി കഷ്ടപ്പാടുകളിലൂടെ കടന്നുപോകേണ്ടി വന്നെങ്കിലും ദൈവത്തിലുള്ള അവളുടെ വിശ്വാസം അചഞ്ചലമായി തുടർന്നു. മറുവശത്ത് അവരെ വീണ്ടും കണ്ടുമുട്ടുമെന്ന അനുഗൃഹീതമായ പ്രത്യാശയിൽ നങ്കൂരമിട്ട് പ്രാർത്ഥനയിൽ അർപ്പിക്കുന്ന അവളുടെ കണ്ണുനീരിന് ഒരിക്കലും ഉത്തരം ലഭിച്ചിട്ടില്ല.

ഊഷ്മളമായ സ്വഭാവത്തിനും മൂർച്ചയുള്ള നർമ്മബോധത്തിനും പേരുകേട്ട ചിന്നമ്മ ഒരു മികച്ച പാചകക്കാരി കൂടിയാണ്. ഏതൊരു വിഭവത്തെയും അടുത്ത ഘട്ടത്തിലേക്ക് കൊണ്ടുപോകുന്നതിന് അവളുടെ പ്രത്യേക സ്പർശം നല്കുന്നു. അവൾ പ്രാർത്ഥന വളരെ സജീവമായി തുടരുന്നു. ഓരോ ആഴ്ചയും ഒന്നിലധികം മിഷനുകൾ നയിക്കുന്നു. കൂടാതെ വുമൺ ഫോർ ക്രൈ



സ്റ്റ് (ഡബ്ല്യു4സി) യുടെ പ്രതിബദ്ധതയുള്ള അംഗമാണ്. അവിടെ അവൾ കുടുംബ, ഫെലോഷിപ് ഒത്തുചേരലുകളെ സജീവമായി ഏകോപിപ്പിക്കുന്നു. നാഷണൽ ബൈബിൾ ബി ഓർഗനൈസേഷനിൽ രജിസ്റ്റർ ചെയ്യാൻ ശ്രമിച്ചുകൊണ്ട് അവൾ ഇപ്പോൾ അടുത്ത നടപടി സ്വീകരിക്കുന്നു. ഈ പ്രായത്തിലും അവർ ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, വാട്സ്ആപ്പ്, ഇ-മെയിൽ എന്നിവയിൽ ശ്രദ്ധേയമായി സജീവമാണ്.

അവരുടെ സന്തോഷം ഒരുമയിലാണ്. വരാനിരിക്കുന്ന കൊടുങ്കാറ്റിനെയും അടിയന്തരാവസ്ഥയെയും കുറിച്ച് ഒരുക്കൽ കേട്ടപ്പോൾ അവരുടെ ആദ്യപ്രതികരണം ലളിതവും സന്തോഷകരവുമായിരുന്നു. "എല്ലാവരും ഒരു വീട്ടിലേക്കു വരട്ടെ, നമുക്ക് ഒരുമിച്ചു പാചകം ചെയ്യാം, പ്രാർത്ഥിക്കാം. സ്വീകരണമുറിയിൽ ഒരുമിച്ച് ഉറങ്ങാം." ഐക്യത്തിന്റെ ആ നിമിഷം അവർക്ക് വളരെയധികം സന്തോഷം നല്കി.

ഇതുപോലുള്ള സമയങ്ങളിൽ പ്രാർത്ഥിക്കുന്ന മാതാപിതാക്കളുടെ പ്രാധാന്യത്തെക്കുറിച്ച് ഞങ്ങൾ ഓർമ്മിപ്പിക്കുന്നു. ഒരാളുടെ കുടുംബത്തിനു വേണ്ടിയുള്ള പ്രാർത്ഥനയിൽ ചൊരിയുന്ന കണ്ണുനീർ ഒരിക്കലും വെറുതെയാകില്ല.

കർത്താവായ യേശുക്രിസ്തു അവരുടെ ഓർമ്മ, ആരോഗ്യം, ആത്മാവ് എന്നിവ ശക്തിപ്പെടുത്തുന്നത് തുടരട്ടെ. കൂടാതെ അവന്റെ മഹത്വത്തിനും വരും തലമുറകൾക്കും വേണ്ടി കൂടുതൽ വിജയകരമായ വർഷങ്ങൾ നല്കി അവരെ അനുഗ്രഹിക്കട്ടെ. അവരുടെ ഇ-മെയിൽ വിലാസം: ചിന്നമ്മകൊളാത്ത്@gmail.com എന്നാണ്

# പണപ്പെരുപ്പം: ദേശീയതലത്തിൽ എക്കാലത്തെയും വലിയ കുറവ്


ന്യൂഡൽഹി: ഉപഭോക്തൃ വില സൂചിക (സിപിഐ) അടിസ്ഥാനമാക്കി പണപ്പെരുപ്പം രേഖപ്പെടുത്തി തുടങ്ങിയതിനുശേഷമുള്ള എക്കാലത്തെയും കുറഞ്ഞ പണപ്പെരുപ്പമാണ് 2025 സാമ്പത്തികവർഷത്തിലെ ആദ്യ മൂന്ന് പാദങ്ങളിലുണ്ടായിട്ടുള്ളതെന്ന് 2025-26-ലെ സാമ്പത്തിക സർവേ റിപ്പോർട്ട്. 2025 ഏപ്രിൽ മുതൽ ഡിസംബർ വരെ ഇന്ത്യയുടെ ആഭ്യന്തര പണപ്പെരുപ്പം 1.72 ശതമാനം മാത്രമാണെന്ന് ബജറ്റ് സമ്മേളനത്തിനു മുന്നോടിയായി കേന്ദ്ര സർക്കാർ പാർലമെന്റിൽ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കി.

വരുന്ന സാമ്പത്തികവർഷത്തിലും പണപ്പെരുപ്പത്തിൽ ആശങ്കപ്പെടേണ്ടി വരില്ലെന്നും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) പണപ്പെരുപ്പത്തിന്റെ അനുവദനീയമായ പരിധിക്കുള്ളിലായിരിക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു. സിപിഐ അടിസ്ഥാനത്തിലുള്ള ഇന്ത്യയുടെ റീട്ടെയ്ൽ പണപ്പെരുപ്പം കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലും തുടർച്ചയായി കുറയുകയാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നുണ്ട്. റഷ്യ-യുക്രെയ്ൻ സംഘർഷം ആരംഭിച്ച 2022-23-ൽ പണപ്പെരുപ്പം 6.66 ശതമാനമായിരുന്നിടത്തുനിന്നാണ് 2025-26-ൽ ശരാശരി പണപ്പെരുപ്പം 1.72 ആയി കുറഞ്ഞത്. ആർബിഐയുടെ അനുവദനീയമായ പണപ്പെരുപ്പം (ടോളറൻസ് ബാൻഡ്) രണ്ടു മുതൽ ആറ് ശതമാനം വരെയായിരിക്കുമ്പോൾ ഇതിലും കുറവാണ് ഇന്ത്യയുടെ ശരാശരി പണപ്പെരുപ്പം. വരുന്ന സാമ്പത്തിക വർഷം ഇന്ത്യയിലെ ശരാശരി പണപ്പെരുപ്പം നാല് ശതമാനത്തിൽ പിടിച്ചുനിർത്താൻ കഴിയുമെന്നാണ് അന്താരാഷ്ട്ര നാണയനിധി ഫണ്ടും (ഐഎംഎഫ്) ആർബിഐയും പ്രതീക്ഷിക്കുന്നത്. ഇന്ത്യയിലെ പണപ്പെരുപ്പം 2026-ൽ 2.8 ശതമാനവും 2027-ന്റെ തുടക്കത്തിൽ നാല് ശതമാനവുമായിരിക്കുമെന്നാണ് ഐഎംഎഫ് പ്രവചനം.

അതിനിടെ, 2025 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ റിസർവ് ബാങ്കിന്റെ അനുവദനീയ പരിധിയേക്കാൾ മുകളിൽ കേരളത്തിലും ലക്ഷദ്വീപിലും മാത്രമാണ് പണപ്പെരുപ്പമുള്ളതെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നുണ്ട്. ആർബിഐയുടെ ഏറ്റവുമുയർന്ന ടോളറൻസ് ബാൻഡ് ആറ് ശതമാനമായിരിക്കുമ്പോൾ കേരളത്തിൽ 8.05 ശതമാനവും ലക്ഷദ്വീപിൽ 6.69 ശതമാനവുമാണ് ഈ സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് പാദങ്ങളിലുള്ള പണപ്പെരുപ്പം. 2025 ജനുവരി മുതൽ ഇന്ത്യയിൽ ഏറ്റവും വിലക്കയറ്റത്തോതുള്ള സംസ്ഥാനം കേരളമാണ്. ഇന്ത്യയിൽ ആളോഹരി സ്വർണ ഉപഭോഗത്തിൽ കേരളം മുന്നിലാണെന്നതും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചുള്ള മെച്ചപ്പെട്ട വേതനനിരക്കും ജിസിസി രാജ്യങ്ങളിൽനിന്ന് കേരളത്തിലേക്ക് വൻതോതിൽ പണമെത്തുന്നതും പച്ചക്കറികളടക്കം മറ്റു സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നതും കേരളത്തിലെ പണപ്പെരുപ്പം വർധിക്കാൻ കാരണങ്ങളാണ്.

# ചക്കരപ്പെണ്ണ്

ചക്കരപെണ്ണിന്റെ ചക്കിറ്റകത്തെ
ചക്കര തിന്നാൻ എന്നെ വിളിക്കുമോ?
ആനി മരത്തിലെ ആനിക്കാമേലെ
വാവലും അണ്ണാനും ചാടികളിക്കുമ്പോൾ
ഓർക്കും ഞാൻ എന്നുടെ ചക്കരപ്പെണ്ണിനെ
ആശാൻകവലയിലെ ബസ് സ്റ്റോപ്പിൽ നിന്നു
കുസൃതികുട്ടികൾ ചൂളം അടിക്കുന്നു
മലകയറും പള്ളിയിൽ മലകയറുംനേരത്ത്
കാണുന്നു നിന്നുടെ നഗ്നപാദം
കടുത്തുരുത്തി പള്ളിയിൽ നോയമ്പടുക്കുന്നു
പോകേണ്ടെ നമ്മൾക്ക് ഒരു കുടക്കീഴിൽ
ഓറഞ്ചും സോഡയും അണ്ടിപ്പരിപ്പും
വാങ്ങി ഞാൻ നിന്നുടെ കൈയ്യിൽ തരാം
കാട്ടുചെടികൾ ഓടുന്ന വീഥിയിൽ
വണ്ടികൾക്ക് ഓടുവാൻ ഇടം ഇല്ലാതായി
നേരം ഇരുളുന്നു മഴക്കാറു കൂടുന്നു
നിന്നെ ഞാൻ കാത്തു പുളിമാവിൻ ചുവട്ടിൽ
കെട്ടിപിടിച്ചൊരു മുത്തം തരുവാൻ
എൻ മനസ്സാകെ ഇങ്കിളി കൂടുന്നു.



ജെയിംസ് ചെട്ടിയാത്ത്

# പ്രവാസി ഭാരതീയ ദിവസ് ഗ്ലോബൽ എക്സലൻസ് പുരസ്കാരം ഡോ. സജിമോൻ ആന്റണിക്ക്







തിരുവനന്തപുരം: പ്രവാസി ഭാരതീയ ദിവസുമായി ബന്ധപ്പെട്ട അമേരിക്കയിലെ മികച്ച സാമൂഹിക പ്രവർത്തകനുള്ള ഗ്ലോബൽ എക്സലൻസ് അവാർഡ് ഫൊക്കാന പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണിക്ക് നല്കി ആദരിച്ചു. 2026-ലെ 24-ാമത് പ്രവാസി ഭാരതീയ ദിവസിന്റെ ആഘോഷച്ചടങ്ങിൽ വെച്ചായിരുന്നു അദ്ദേഹത്തെ അവാർഡ് നല്കി ആദരിച്ചത്. ജനുവരി 11-ന് തിരുവനന്തപുരത്ത് വെച്ച് നടന്ന ചടങ്ങിൽ കീർത്തി പത്രവും പുരസ്കാരവും അദ്ദേഹം ഏറ്റുവാങ്ങി.

വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രവാസികളായ മലയാളികളുടെ പ്രവർത്തന മികവിനെ ആദരിച്ചുകൊണ്ട് ഓരോ വർഷവും പ്രവാസി ഭാരതി നല്കുന്ന അവാർഡാണ് ഗ്ലോബൽ എക്സലൻസ്. അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ പ്രസിഡണ്ടായ സജിമോൻ ആന്റണി സംഘടനയിൽ അംഗമായതു മുതൽ പിന്നീടുള്ള സംഘടനാ പ്രവർത്തനങ്ങളിൽ ഉടനീളം കാഴ്ചവെച്ച സ്ഥാനമോ പദവികളോ നോക്കാതെയുള്ള നിസ്വാർത്ഥ സേവനത്തെ ആദരിച്ചു കൊണ്ടാണ് അദ്ദേഹത്തിന് ഈ അവാർഡ് നല്കിയത്.

സാമൂഹിക സേവനം ലക്ഷ്യമാക്കിയ അദ്ദേഹം അമേരിക്കൻ മലയാളി സമൂഹത്തിൽ ഗൗരവമുള്ള ചലനങ്ങൾ സൃഷ്ടിക്കാൻ സഹായിച്ച വ്യക്തി എന്ന നിലയിലാണ് ഈ അവാർഡിന് പൂർണ്ണ അർഹനാകുന്നത്. ഫൊക്കാനയുടെ നേതൃത്വം ഏറ്റെടുത്തതിനുശേഷം അമേരിക്കയിലും കേരളത്തിലും ഡോ. സജിമോൻ ആന്റണി നടത്തിയ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് ഇത്.

പ്രവാസി ഭാരതിയുടെ ചെയർമാനായ പ്രവാസി ബന്ധു ഡോ. അഹമ്മദിന്റെ നേതൃത്വത്തിലാണ് ഈ അവാർഡ്ദാനം നടത്തിയത്. പ്രവാസി പ്രശ്നങ്ങൾ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരികയും സാദ്ധ്യമായ പരിഹാരങ്ങൾക്കായി നിരന്തരം പോരാടുകയും ചെയ്യുന്ന പ്രവാസി ബന്ധു ഡോ. എസ്. അഹമ്മദ് മികച്ച സംഘാടകനും മാധ്യമപ്രവർത്തകനും സാമൂഹിക സാംസ്കാരിക നേതാവുമാണ്. ഇന്ത്യയിലെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾക്കായി 80-കൾ മുതൽ പ്രവർത്തനമാരംഭിച്ച അഹമ്മദിന്റെ പ്രവർത്തന വിധേയമാണ് ഇന്നു കാണുന്ന പ്രവാസി ക്ഷേമപദ്ധതികളുടെ അടിസ്ഥാനം.

ആദ്യകാലങ്ങളിൽ പ്രവാസി ക്ഷേമത്തിനു വേണ്ടി ഒറ്റയാൾ പോരാട്ടം നടത്തിയ അഹമ്മദിന്റെ സാമൂഹിക ബോധവും ദീർഘവീക്ഷണവും മനസ്സിലാക്കി നിരവധി പേർ അദ്ദേഹത്തിനു പിന്നിൽ അണിനിരന്നു. പ്രവാസി ക്ഷേമം നടപ്പാക്കുക എന്ന ലക്ഷ്യത്തിനുവേണ്ടിയാണ് പ്രവാസി ബന്ധു അഹമ്മദ് തന്റെ ആയുസ്സിന്റെ ഭൂരിഭാഗവും ഉഴിഞ്ഞുവെച്ചത്. മൂന്നു പതിറ്റാണ്ട് കാലം പ്രവാസിയായിരുന്നു ഡോ. അഹമ്മദ്.

അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിശിഷ്ട പ്രവാസി ഭാരതീയ ദിവസ് കേരള ആഘോഷങ്ങൾ എല്ലാ വർഷവും തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയും പ്രവാസി രംഗത്ത് പ്രവർത്തിക്കുന്ന നിരവധി വ്യക്തികൾക്ക് പുരസ്കാരങ്ങൾ നല്കി ആദരിക്കുകയും ചെയ്യുന്നു.

# ലോക കേരളസഭയുടെ സ്വീകാര്യത വർദ്ധിച്ചു: മുഖ്യമന്ത്രി


തിരുവനന്തപുരം: വിജ്ഞാന സമ്പദ്ഘടനയിലൂന്നിയ നവകേരളം രൂപപ്പെടുത്താൻ എല്ലാ സഹകരണവും പ്രവാസി സമൂഹം കേരളത്തിനു നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ലോക കേരള സഭയുടെ അഞ്ചാം പതിപ്പിനോടനുബന്ധിച്ച് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മുഖ്യമന്ത്രി. മാറുന്ന ലോകാവസ്ഥയ്ക്കനുസരിച്ച് നവീകരിച്ചില്ലെങ്കിൽ കേരളം പിന്തള്ളപ്പെട്ടുപോകും. എല്ലാവർക്കും വികസനത്തിന്റെ സ്വാദ് അനുഭവവേദ്യമാകുന്ന വികസന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. ഡൽഹി-മീററ്റ് മാതൃകയിലുള്ള 'റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം' നടപ്പിലാക്കുന്നതിനെക്കുറിച്ച് കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തിയതായും പദ്ധതിയുമായി മുന്നോട്ടു പോകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. നോർക്ക വഴി നടപ്പിലാക്കുന്ന നോർക്ക കെയർ ഇൻഷ്വറൻസ് പദ്ധതിയിൽ ഒന്നര ലക്ഷത്തോളം പ്രവാസികൾ അംഗങ്ങളായിട്ടുണ്ട്. കോവിഡ് കാലത്ത് മടങ്ങിയെത്തിയവർക്കായി നടപ്പിലാക്കിയ പ്രവാസി ഭദ്രത പദ്ധതി വഴി ആയിരക്കണക്കിന് ആളുകൾക്ക് സഹായം ലഭിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.




അഞ്ചാമത് ലോക കേരളസഭയുടെ പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

സ്പീക്കർ എ.എൻ. ഷംസീർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രിമാരായ കെ. രാജൻ, വി. ശിവൻകുട്ടി, കെ. കൃഷ്ണൻകുട്ടി, കെ.എൻ. ബാലഗോപാൽ, എ.കെ. ശശീന്ദ്രൻ, ജി.ആർ. അനിൽ, ഒ.ആർ. കേളു, റോഷി അഗസ്റ്റിൻ, ആർ. ബിന്ദു, എം.ബി. രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.

# എംആർഎഫ് റേസിൽ മികച്ച നേട്ടവുമായി മലയാളി



ചെന്നൈ: എംആർഎഫ് എംഎംഎസ്സി എഫ്എംഎസ്സിഐ ദേശീയ കാർ റേസിങ് ചാമ്പ്യൻ ഷിപ്പിൽ മികച്ച നേട്ടവുമായി മലയാളി യുവാവ്. കോയമ്പത്തൂരിലും ചെന്നൈയിലുമായി നടന്ന മത്സരങ്ങളിൽ, അനുഭവപരിചയമുള്ള ഡ്രൈവർമാരുമായി മത്സരിച്ചാണു പത്തനംതിട്ടയിൽ കുടുംബവേരുകളുള്ള നൈജൽ ഏബ്രഹാം തോമസ് മൂന്നാം സ്ഥാനം നേടിയത്. വെല്ലൂർ വിഐടിയിൽ 3-ാം വർഷ എൻജിനിയറിംഗ് വിദ്യാർത്ഥിയായ നൈജൽ എംആർഎഫ് 1600 വിഭാഗത്തിലെ 4 റൗണ്ടുകളിൽ നിന്നായി രണ്ട് ഒന്നാം സ്ഥാനങ്ങളും ഒരു രണ്ടാം സ്ഥാനവും നേടി.

പത്തനംതിട്ട കുമ്പളാംപൊയ്ക പുതുച്ചിറ തോമസ് ഏബ്രഹാമിന്റെയും എറണാകുളം പുത്തൻപറമ്പിൽ ലിസിയുടെയും മകനാണ്. അബുദാബിയിൽ നടന്ന കാർട്ടിങ് മത്സരം പന്ത്രണ്ടാം വയസ്സിൽ കണ്ടതാണ് ഈ രംഗത്തേക്ക് എത്താൻ കാരണം.

എൻജിനീയറിങ് പഠനത്തിനായി വിഐടിയിലെത്തിയ ആദ്യവർഷം ട്രാക്കിൽ നിന്ന് വിട്ടുനിൽക്കേണ്ടി വന്നെങ്കിലും കാറോട്ടത്തോടുള്ള കമ്പം അല്പംപോലും ചോർന്നു പോയില്ല. അങ്ങനെയാണ് എംആർഎഫ് റേസിന് പങ്കെടുത്തത്.

കോയമ്പത്തൂർ കാരി മോട്ടർ സ്പീഡ് വേയിലും മദ്രാസ് ഇന്റർനാഷണൽ സർക്കീറ്റിലുമായി നടന്ന മത്സരങ്ങൾ മികച്ച അനുഭവമാണ് നല്കിയതെന്ന് നൈജൽ പറഞ്ഞു. സ്പോൺസറെ ലഭിച്ചാൽ എഫ്4 മത്സരങ്ങളിലടക്കം ഒരു കൈ നോക്കാമെന്നാണ് പ്രതീക്ഷ.

# മെത്രാഭിഷേക വാർഷികവും ക്രിസ്മസ്-ന്യൂഇയർ ആഘോഷവും



**വർഗീസ് പാലമലയിൽ**

ന്യൂജേഴ്സി: അമേരിക്കൻ മലങ്കര അതിഭദ്രാസന മെത്രാപ്പോലീത്ത ആർച്ച്ബിഷപ് അഭിവന്ദ്യ യെൽദോ മോർ തീത്തോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ 22-ാം വാർഷികം ജനുവരി 10-ന് ശനിയാഴ്ച രാവിലെ 10 മണിക്ക് ന്യൂജേഴ്സിയിലെ ഓൾഡ് താപ്പാനിലുള്ള മലങ്കര അതിഭദ്രാസന ആസ്ഥാനത്തു വെച്ച് നടന്നു.



പെരുമ്പാവൂരുള്ള പാത്തിക്കൽ കുടുംബത്തിൽ പി.എം. കുര്യാക്കോസിന്റെയും ശോശാമ്മ കുര്യാക്കോസിന്റെയും മകനായി അഭിവന്ദ്യ തിരുമേനി ജനിച്ചു. 1982-ൽ കടവിൽ തിരുമേനിയിൽ നിന്നും (അഭിവന്ദ്യ മോർ അത്തനാസിയോസ് പൗലോസ്) ഡീക്കൻ സ്ഥാനവും 1998, 99 എന്നീ വർഷങ്ങളിൽ മോറാൻ മോർ ഇഗ്നാത്തിയോസ് സാക്ക പ്രഥമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും റമ്പാൻ പട്ടവും കശീശ്ശ പട്ടവും കരസ്ഥമാക്കി.

ഉദയഗിരി മലങ്കര സിറിയൻ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിലും ഡമാസ്കസ് തിയോളജിക്കൽ സെമിനാരിയിലും പഠിച്ചിട്ടുള്ള തിരുമേനി ന്യൂയോർക്കിലുള്ള വ്ളാഡമിർ ഓർത്തഡോക്സ് സെമിനാരിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും 1990-ൽ ആലുവ യുസി കോളജിൽ നിന്നും മാത്തമാറ്റിക്സിൽ (എംഎസ്സി) ബിരുദാനന്തര ബിരുദവും കരസ്ഥമാക്കിയിട്ടുണ്ട്.

1997 മുതൽ 2004 വരെ അന്ത്യോഖ്യയിലുള്ള പാത്രിയർക്കീസിന്റെ അരമനയിൽ ശുശ്രൂഷ ചെയ്തുവരവെ 2004-ൽ മോറാൻ മോർ ഇഗ്നാത്തിയോസ് സാക്ക പ്രഥമൻ പാത്രിയർക്കീസ് ബാവായാൽ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടു.

ശനിയാഴ്ച രാവിലെ അഭിവന്ദ്യ തിരുമേനി ഭദ്രാസന ആസ്ഥാനത്ത് പാത്രിയർക്കാ പതാക ഉയർത്തിയതിനു ശേഷം 10 മണിക്ക് മെത്രാഭിഷേകത്തിന്റെ വാർഷിക ആഘോഷങ്ങൾ നടന്നു. ഈ യോഗത്തിലേക്ക് മലങ്കര അതിഭദ്രാസന സെക്രട്ടറി റവ.ഫാ. പോൾ തോട്ടക്കാട്ട് ഏവരേയും സ്വാഗതം ചെയ്തു. യോഗത്തിൽ അഭിവന്ദ്യ തിരുമേനി അനുഗ്രഹപ്രഭാഷണം നടത്തി. അമേരിക്കൻ അതിഭദ്രാസന ട്രസ്റ്റി സിമി ജോസഫ് യോഗത്തിൽ പങ്കെടുത്ത ഏവർക്കും നന്ദി രേഖപ്പെടുത്തി. ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ നിന്നുമുള്ള കുട്ടികളുടെയും മുതിർന്നവരുടെയും വിവിധ കലാപരിപാടികൾ യോഗത്തിന് മാറ്റുകൂട്ടി.

സെന്റ് പോൾസ് മെൻസ് ഫെലോഷിപ്പും മൊറാൻ ടിവിയും ഭദ്രാസന കൗൺസിൽ അംഗങ്ങളും ചേർന്ന് പരിപാടികൾക്ക് നേതൃത്വം നല്കി. സ്നേഹവിരുന്നോടെ ആഘോഷപരിപാടികൾ സമാപിച്ചു.







# പ്രവർത്തന വിജയത്തിന്റെ രണ്ട് വർഷങ്ങൾ

# ഫൊക്കാനാ പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി മനസ്സ് തുറക്കുന്നു



അഭിമുഖം



അനിൽ പെണ്ണുക്കര

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ നാൽപ്പത്തി രണ്ട് വർഷത്തെ ചരിത്രം പരിശോധിക്കുമ്പോൾ കാലാകാലങ്ങളിലെ നേതൃത്വത്തിന്റെ ശക്തി ഫൊക്കാനയെ വളർച്ചയുടെ പാതയിലേക്ക് നയിച്ചിട്ടുണ്ട്. ഒരു പുതിയ ജനറേഷനിലേക്ക് ലോകം മാറുന്ന ഈ കാലത്ത് ഫൊക്കാനയും മാറുന്നു. ലോകത്തിന്റെ മാറ്റത്തെ സംഘടനയിലൂടെയും, സംഘടനാ പ്രവർത്തനങ്ങളിലൂടെയും നോക്കിക്കാണുന്ന നേതൃത്വത്തിന് മാത്രമേ പുതിയ കാലത്ത് ഇത്തരം സംഘടനകളെ നയിക്കുവാൻ പറ്റു. 2024 – 2026 കാലയളവിൽ ഫൊക്കാനയുടെ പ്രസിഡന്റാവുകയും ഫൊക്കാനയ്ക്ക് ഒരു നൂതന പന്ഥാവ് തുറന്നിടുകയും ചെയ്ത പ്രൊഫഷണൽ പ്രസിഡന്റാണ് ഡോ. സജിമോൻ ആന്റണി. 2026 ഓഗസ്റ്റിൽ ന്യൂജേഴ്സിയിൽ ഫൊക്കാനയുടെ അന്തർദ്ദേശീയ കൺവൻഷന് തയ്യാറെടുക്കുന്ന സമയത്ത് നാളിതുവരെ നടന്ന പ്രവർത്തനങ്ങളെക്കുറിച്ചും, ഭാവി പരിപാടികളെക്കുറിച്ചും ഡോ. സജിമോൻ ആന്റണി സംസാരിക്കുന്നു.

**വളരെ പ്രതീക്ഷയോടെ അമേരിക്കൻ മലയാളികൾ കാത്തിരിക്കുന്ന ഫൊക്കാനയുടെ അന്തർദ്ദേശീയ കൺവൻഷന്റെ ഒരുക്കങ്ങളെ കുറിച്ച്?**

ഫൊക്കാനയുടെ കൺവൻഷൻ 2026 ഓഗസ്റ്റ് 6,7,8,9 കലഹാരി റിസോർട്ടിൽ നടക്കും. ഏറെ പ്രത്യേകതകളുമായാണ് ഇത്തവണത്തെ കൺവൻഷൻ നടക്കുക. കൺവൻഷൻ ചരിത്രത്തിലെ ഏറ്റവും വലിയ അത്ഭുതം സംഭവിച്ചിരിക്കുന്നു എന്നതാണ് ആദ്യത്തെ പ്രത്യേകത. അതായത് കൺവൻഷൻ തുടങ്ങുന്നതിന്റെ ഏകദേശം എട്ടുമാസം മുമ്പ് തന്നെ എല്ലാ റൂമുകളും സോൾഡൗട്ട് ആയി എന്നുള്ളതാണ്. ഏകദേശം 1500–ൽ അധികം ആളുകളാണ് ഈ ചുരുങ്ങിയ കാലംകൊണ്ട് തന്നെ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ഫാമിലി കൺവൻഷൻ ആയിട്ടാണ് ഇതിനെ വിഭാവനം ചെയ്തിട്ടുള്ളത്. ഫാമിലിയിലുള്ള എല്ലാ അംഗങ്ങൾക്കും കൺവൻഷനിൽ പങ്കുചേരാനും പരിപാടികൾ അവതരിപ്പിക്കാനും അവസരമൊരുക്കുന്നുണ്ട്. കൂടാതെ ഇന്ത്യയിൽ ഉൾപ്പെടെ ലോകമെമ്പാടുമുള്ള രാഷ്ട്രീയ സാമൂഹിക പ്രവർത്തകരും സെലിബ്രിറ്റികളും ഈ കൺവൻഷൻ പരിപാടിയിൽ പങ്കുചേരാൻ എത്തുന്നുണ്ടെന്നതും വളരെ സവിശേഷമായ കാര്യമാണ്.

**പലപ്പോഴും കൺവൻഷൻ പുതിയ ഭരണ സമിതിയുടെ തെരഞ്ഞെടുപ്പ് മാമാങ്കമായി മാറാറുണ്ടല്ലോ?. കഴിഞ്ഞ കാലങ്ങളിലെ പാഠം അതാണല്ലോ?**

ഒരു വലിയ ഇലക്ഷനും, തുടർന്നുള്ള ഒരു കൺവൻഷനും, അങ്ങനെ സാധാരണഗതിയിൽ ഫൊക്കാന കൺവൻഷൻ ഇതൊക്കെയാണ്. എന്നാൽ അതിൽ നിന്നും വളരെ വ്യത്യസ്തമായാണ് ഈ 2024 – 2026–ലെ കമ്മിറ്റി രൂപീകരിച്ചു പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. മുൻപ് ഉണ്ടായിരുന്നത് പോലെ അല്ല ഇപ്പോൾ. പ്രവർത്തനങ്ങളുടെ ഒരു പരമ്പരതന്നെ ഇത്തവണ തയ്യാറെടുത്തിട്ടുണ്ട്.

ഫൊക്കാനാ മലയാളി മങ്ക, മിസ് ഫൊക്കാന എന്നിവ കൂടാതെ നൂറിലധികം യുവാക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിപാടിയും ആയിരത്തിലധികം നർത്തകിമാർ ഒരുമിച്ച് ചേർന്നുള്ള ഗ്രൂപ്പ് പെർഫോമൻസുകളും സംഘടിപ്പിക്കുന്നുണ്ട്. ബാസ്കറ്റ് ബോൾ, കാർഡ് ഗെയിംസ് യുവജനോത്സം എന്നിവ പ്ലാൻ ചെയ്തിട്ടുണ്ട്. ഫൊക്കാനയുടെ ഓരോ റീജിയണുകളിലും യുവജനോത്സവം ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തവണ 16 റീജിയണുകളിലും പ്രത്യേകം യുവജനോത്സവം നടത്തി അവയിലെ വിജയികളെ ഫിനാലെ എന്ന രൂപത്തിൽ ഫൊക്കാനാ കൺവൻഷൻ വേദികളിലേക്ക് കൊണ്ടുവരാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. യുവ സംരംഭകർക്ക് വേണ്ടി ഫൊക്കാനയുടെ ഒരു ബിസിനസ് മീറ്റും കൺവൻഷൻ വെച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**ഫൊക്കാന മെഡിക്കൽ കാർഡ്, പ്രിവിലേജ് കാർഡ് പദ്ധതി വൻ വിജയമായിരുന്നല്ലോ. എങ്ങനെയാണ് ഇത് നടപ്പിൽ വരുത്തിയത്?**

ചരിത്രത്തിൽ ആദ്യമായി സംഘടനാ പ്രവർത്തനത്തിന് ഒരു ഉദാത്ത മാതൃകയായി കൊണ്ട് വിശിഷ്ടമായ ഒട്ടനേകം പ്രോഗ്രാമുകൾ ഈ 2024 – 2026 ടീമിന് കാഴ്ചവയ്ക്കാനായി. വെറും വാചകങ്ങളിലോ വാഗ്ദാനങ്ങളിലോ ഒതുങ്ങാതെ അവയെല്ലാം അമേരിക്കൻ, കനേഡിയൻ മലയാളികൾക്കും കേരളക്കരയ്ക്കും ഒരു പരിധിവരെ ലോകമെമ്പാടുമുള്ള മലയാളികൾക്കും വേണ്ടി പ്രാവർത്തികമാക്കാൻ ഈ ഭരണസമിതിക്ക് കഴിഞ്ഞു എന്നതാണ് വലിയ കാര്യം. അതിൽ ആദ്യത്തെതാണ് ഫൊക്കാനയുടെ മെഡിക്കൽ കാർഡ്. രാജഗിരി ഹോസ്പിറ്റൽ കൊച്ചി, കാരിത്താസ് ഹോസ്പിറ്റൽ കോട്ടയം, മെഡിസിറ്റി ഹോസ്പിറ്റൽ പാലാ, കിംസ് ഹോസ്പിറ്റൽ തിരുവനന്തപുരം, ബിലീവേഴ്സ് ഹോസ്പിറ്റൽ തിരുവല്ല, ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ കോഴിക്കോട് ഇങ്ങനെ ആറു സുപ്രധാന നഗരങ്ങളിലെ 6 സുപ്രധാന ഹോസ്പിറ്റലുകളുമായിയുള്ള കയ്യൊപ്പാണ് മെഡിക്കൽ കാർഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. അമേരിക്കൻ, കനേഡിയൻ മലയാളികൾക്കും അവരുടെ ബന്ധുമിത്രാദികൾക്കും ഏകദേശം 10 മുതൽ 15 ശതമാനം വരെ ഡിസ്കൗണ്ടുകളും, സ്പെഷ്യൽ പാക്കേജുകളും, സ്പെഷ്യൽ പ്രിവിലേജുകളും നൽകുന്ന ഒരു സുപ്രധാനമായ മെഡിക്കൽ പദ്ധതിയാണ് ഈ ഫൊക്കാന മെഡിക്കൽ കാർഡ്. ഇതിനോടകം തന്നെ 3000 മുതൽ 78,000 രൂപ വരെ പണത്തിൽ ഇളവ് കിട്ടിയ ആളുകളുടെ ഒരു വലിയ നിരതന്നെ ഞങ്ങളുടെ പക്കലുണ്ട്. അത് വളരെയധികം വിജയകരമായി തന്നെ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. അമേരിക്കൻ കനേഡിയൻ മലയാളികളും കേരളത്തിലുള്ളവരും ഒരുപോലെ സന്തോഷത്തോടെ നെഞ്ചിലേറ്റിയ ഒരു പദ്ധതിയാണ് ഇത്.



ഡോ. സജിമോൻ ആന്റണിയും കുടുംബവും

**ഫൊക്കാനാ പ്രിവിലേജ് കാർഡ്?**

രണ്ടാമത്തെ പദ്ധതി ഫൊക്കാന പ്രിവിലേജ് കാർഡാണ്. കൊച്ചി ഇന്റർനാഷണൽ എയർപോർട്ട്, തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് എന്നിവിടങ്ങളിലെ ഡ്യൂട്ടി ഫ്രീ ഷോപ്പുകളിൽ നിന്നും എന്തെല്ലാം സാധനങ്ങൾ വാങ്ങിച്ചാലും അതിന് 10 മുതൽ 15 ശതമാനം വരെ ഫൊക്കാനയിലെ അംഗങ്ങൾക്ക് ഡിസ്കൗണ്ട് നൽകുന്നതാണ് ഇതിന്റെ പ്രത്യേകത. പദ്ധതിയിലൂടെയും 5000 മുതൽ 50000 വരെ ഇളവ് ലഭിച്ച നൂറുകണക്കിന് ആളുകൾ ഇതിനോടകം തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതും വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ പദ്ധതികൾക്കൊക്കെ തന്നെ ഗൾഫ് മേഖലയിൽ നിന്നും യൂറോപ്യൻ മേഖലയിൽ നിന്നുപോലും ആളുകൾ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. അത് ഫൊക്കാനയുടെ ആഗോള വ്യാപകമായ പദ്ധതിയായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്ന രീതിയിലാണിപ്പോൾ.

**അമേരിക്ക പോലെ ഒരു രാജ്യത്ത് ഒരു സംഘടനയ്ക്ക് നടപ്പിലാക്കാൻ സാധിക്കാത്ത പ്രോജക്ട് ആയിരുന്നല്ലോ ഹെൽത്ത് ക്ലിനിക്ക് പ്രോജക്ട്. എങ്ങനെയാണ് ഇത് സാധ്യമാക്കിയത്?**

ഫൊക്കാനയുടെ ഒരു മൈൽ സ്റ്റോൺ പ്രൊജക്ടാണ് ഹെൽത്ത് ക്ലിനിക്കുകൾ. നമ്മുടെയൊക്കെ കുടുംബങ്ങളിലെ പ്രായമുള്ള അച്ഛനമ്മമാർ അമേരിക്കൻ ഐക്യനാടുകളിൽ മക്കളെ കാണാൻ എത്തുമ്പോൾ മൂന്നോ നാലോ അഞ്ചോ മാസങ്ങൾക്ക് വേണ്ടി ടെമ്പററി വിസയിൽ ആയിരിക്കും നാട്ടിൽ നിന്ന് വരുന്നത്. അവർക്ക് ഷുഗർ, കൊളസ്ട്രോൾ, ഹൈപ്പർ ടെൻഷൻ എന്നീ അസുഖങ്ങൾ ഉള്ളവർ അവരുടെ മെഡിക്കേഷന്റെ അഞ്ചോ ആറോ മാസത്തേക്കുള്ള പാക്കേജുമായി ആയിരിക്കും നാട്ടിൽ നിന്ന് വരുന്നത്. കാരണം അമേരിക്കൻ ഐക്യനാടുകളുടെ ഹെൽത്ത് കെയർ സംവിധാനങ്ങളും പ്രൈവറ്റ് ഹെൽത്ത് ഇൻഷുറൻസുകളും വർക്കിംഗ് വിസയിൽ വന്നവർക്കും അവിടെ സ്ഥിരമായി ജീവിക്കുന്നവർക്കും വേണ്ടി മാത്രമാണ് പ്രവർത്തിക്കുന്നത്. വിസിറ്റിംഗ് വിസയുടെ ഉത്തരവാദിത്വം വിസിറ്റിംഗ് വിസയിൽ വരുന്നവർക്ക് മാത്രമാണ് എന്നതാണ് അവിടുത്തെ നിയമം. ആ ഒരു സാഹചര്യത്തിൽ നാട്ടിൽനിന്നും വിസിറ്റിങ്ങിനായി വരുന്ന പ്രായമായവർ പെട്ടെന്നുള്ള ഒരു മെഡിക്കൽ സഹായത്തിനു വേണ്ടി മണിക്കൂറുകളോളം കാത്തുനിൽക്കേണ്ടതും വലിയ സംഖ്യ ചിലവാക്കേണ്ടതുമായ അവസ്ഥയുണ്ടാകാറുള്ളത് ഞങ്ങളുടെ ശ്രദ്ധയിൽ പ്പെട്ടു. ഇതിനെ തരണം ചെയ്യാൻ വേണ്ടിയാണ് ഫൊക്കാനയുടെ ഈ ഹെൽത്ത് ക്ലിനിക്കുകൾ രൂപീകരിക്കപ്പെട്ടത്. വളരെയധികം സങ്കീർണമായ ഒരു പ്രോജക്ട് ആയിരുന്നു ഇത്. കാരണം ഹെൽത്ത് കെയർ അമേരിക്കയിൽ വളരെ എക്സ്പെൻസീവ് ആയ ഒരു കാര്യമാണ്. എങ്കിലും ഫൊക്കാനയുടെ പരിശ്രമത്തിലൂടെ ഇപ്പോൾ ഹെൽത്ത് ക്ലിനിക്കുകൾ ആക്റ്റീവ് ആയിക്കഴിഞ്ഞു. ഇതിനോടകം തന്നെ ന്യൂജേഴ്സിയിലും ബോസ്റ്റണിലും ഇതിന്റെ സെന്ററുകൾ പ്രവർത്തിച്ചു തുടങ്ങുകയും നിരവധിപേർ ഇതിന്റെ ഉപയോഗങ്ങളിൽ സംതൃപ്തരാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. വരും ആഴ്ചകളിൽ ഡാളസ്, ഹൂസ്റ്റൻ, മയാമി, ടാമ്പ, ഫിലാഡൽഫിയ, ന്യൂയോർക്ക്, ചിക്കാഗോ പോലുള്ള മലയാളികൾ കൂടുതൽ തിങ്ങി പാർക്കുന്ന പ്രമുഖ നഗരങ്ങളിൽ ക്ലിനിക്കുകൾ ആരംഭിക്കാനുള്ള പദ്ധതികളുമായാണ് കമ്മിറ്റി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്.

**ഫൊക്കാനയുടെ തുടക്കം മുതലുള്ള പ്രോജക്ട് ആണല്ലോ ഹൗസിംഗ് പ്രോജക്ടുകൾ. താങ്കളുടെ കമ്മിറ്റിയുടെ ഹൗസിംഗ് പ്രോജക്ടുകൾ എന്തെല്ലാമാണ്?**

ഫൊക്കാനയുടെ പ്രധാനപ്പെട്ട മറ്റൊരു പദ്ധതിയാണ് ഹൗസിങ് പ്രോജക്ട്. ഫൊക്കാനയുടെ ഹൗസിംഗ് പ്രോജക്ട് ഇതിനുമുമ്പ് 2018-ലും 2020-ലും എല്ലാം നടക്കുകയുണ്ടായി. ആ സമയങ്ങളിൽ എനിക്ക് അതിന്റെ കോ-ഓർഡിനേറ്റർ ആവാനുള്ള ഭാഗ്യവും ലഭിച്ചിട്ടുണ്ട്. അന്ന് സംസ്ഥാന ഗവൺമെന്റുമായി സഹകരിച്ചായിരുന്നു ഈ പ്രോജക്ട് നടത്തിയിരുന്നത്. ഇത്തവണ ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താന്റെ ഉദാരമായ സംഭാവനയിൽ അദ്ദേഹത്തിന്റെ തന്നെ സ്ഥലം ഫൊക്കാനയ്ക്ക് തരികയാണ് ചെയ്തിരിക്കുന്നത്. ഏകദേശം 58 സെന്റ് സ്ഥലം പത്തനംതിട്ട ചിറ്റാർ ഭാഗത്താണ് ഉള്ളത്. അവിടെ ഒരു ഹൗസിംഗ് പ്രൊജക്ടാണ് ഫൊ ക്കാന സ്വപ്നം കാണുന്നത്. ആർക്കിടെക്ചർ പ്ലാനുകളും റിവ്യൂ വിശകലനവും നടത്തിക്കൊണ്ട് പ്രോജക്ട് തുടങ്ങി കഴിഞ്ഞു.

**കേരളത്തിൽ ഏറെ ചർച്ചയായ ഫൊക്കാനയുടെ സ്വിം കേരള സ്വിം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്?**

കേരളത്തിൽ ഏകദേശം 1250 പേരാണ് പ്രതിവർഷം മുങ്ങിമരണങ്ങളിൽ പെടുന്നത്. അതൊരു ഷോക്കിംഗ് നമ്പർ ആണ്. അതിലേക്ക് ജനശ്രദ്ധ ആകർഷിക്കുവാനും നീന്തലിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കാനുമായി ഫൊക്കാന കൊണ്ടുവന്ന പദ്ധതിയാണ് സ്വിം കേരള സ്വിം. ശ്രീലങ്കൻ കടൽ നീന്തി കടന്ന ചാമ്പ്യനായ എസ്.പി. മുരളീധരന്റെ മൈൽ സ്റ്റോൺ അക്കാദമിയുമായി സഹകരിച്ചുകൊണ്ടാണ് ഫൊക്കാനാ ഈ പദ്ധതി നടപ്പിലാക്കുന്നത്. നീന്തൽ പരിശീലന പദ്ധതിയുടെ മൂന്നാമത്തെ എഡിഷൻ വൈക്കത്ത് വെച്ച് ജൂലൈ. ഓഗസ്റ്റ് മാസങ്ങളിൽ വിജയകരമായി പൂർത്തിയാക്കി. നാലാമത്തെ എഡിഷൻ പാലാ സെന്റ് തോമസ് കോളേജിൽ കഴിഞ്ഞ ഡിസംബർ 30 മുതൽ ജനുവരി 18 വരെ നടന്നു. ജനുവരി 18-ന് അവിടെ വെച്ച് ഈ നീന്തൽ പരിശീലന പദ്ധതിയുടെ ഫിനാലെ ഇവന്റ് നടത്തി.

കേരളത്തിൽ 1250 പേർ മുങ്ങി മരണത്തിൽ പെടുന്നുണ്ടെങ്കിൽ അമേരിക്കയിലോ കാനഡയിലോ എത്തുന്ന മലയാളികൾക്കിടയിലും അഞ്ചോ ആറോ മുങ്ങി മരണങ്ങൾ പ്രതിവർഷം കണക്കിലെടുക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇതൊരു സാമൂഹിക സേഫ്റ്റി എന്ന നിലയിലാണ് രൂപം കൊണ്ടിട്ടുള്ളത്. നീന്തൽ മാത്രം പഠിപ്പിക്കുന്ന ഒരു പദ്ധതിയല്ല ഇത്. മറിച്ച് മറ്റുള്ളവരെ രക്ഷപ്പെടുത്താൻ ആവശ്യമായ സ്കില്ലുകൾ, എമർജൻസി സിറ്റുവേഷനിൽ കൊടുക്കേണ്ട സിപി ആർ, എന്നിങ്ങനെ നിരവധി ട്രെയിനിങ്ങുകളും ഇതിനോടൊപ്പം തന്നെ കവർ ചെയ്തിട്ടുണ്ട്.

ഇന്നത്തെ കാലത്ത് ഡ്രഗ് അഡിക്ഷൻ എന്നത് ലോകത്തിലുള്ള എല്ലാവരുടെയും ഒരു ശാപമായി മാറിയിരിക്കുകയാണ്. പ്രത്യേകിച്ചും നമ്മുടെ യുവതലമുറയാണ് ഇരകൾ. അവരെ നമ്മൾ ഈ കുരുക്കിൽ നിന്നും രക്ഷിക്കാനായി കൊണ്ടുവന്ന ഒരു ഫിസിക്കൽ ആക്ടിവിറ്റി കൂടിയാണ് ഈ നീന്തൽ പരിശീലനം. ഇതിലൂടെ അവരുടെ ശ്രദ്ധ പൂർണമായും നല്ല കാര്യങ്ങളിലേക്ക് മാറുകയും നല്ല മനസ്സും ആരോഗ്യവും അവർക്ക് നൽകുകയും ചെയ്യുമെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ ഈ പദ്ധതി വെറുമൊരു സ്വിമ്മിങ് സേഫ്റ്റി മാത്രമല്ല; മറിച്ച് എ ക്യാമ്പയിൻ എഗൈൻസ്റ്റ് ഡ്രഗ് അഡിക്ഷൻ എന്ന ഒരു വലിയ ലക്ഷ്യം കൂടി ഈ പദ്ധതിക്ക് പിന്നിലുണ്ട്.

**ഫൊക്കാന കേരളാ കൺവൻഷൻ ഏറെ ചർച്ച ചെയ്യപ്പെട്ട കൺവൻഷൻ ആയിരുന്നല്ലോ?. എന്തായിരുന്നു ആ വൈവിധ്യത?**

മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ഫൊക്കാന കേരളാ കൺവൻഷൻ വൈവിദ്ധ്യങ്ങളായ പരിപാടികൾ കൊണ്ട് ഏറെ ശ്രദ്ധ നേടി. കുമരകം ഗോകുലം റിസോർട്ട് അക്ഷരാർത്ഥത്തിൽ മലയാളത്തിന്റെ പരിഛേദമായി മാറിക്കഴിഞ്ഞിരുന്നു. ഉദ്ഘാടനം മുതൽ, സാഹിത്യ സമ്മേളനം, ബിസിനസ് സെമിനാർ, മാധ്യമ സെമിനാർ, സ്വിം കേരളാ സ്വിം പ്രോഗ്രാം, കൃത്രിമ കാൽ വിതരണം, വിമൻസ് ഫോറം പ്രോഗ്രാം, പ്രൊഫഷണൽ സ്കോളർഷിപ്പ് വിതരണം, അവാർഡ് വിതരണം, വിവിധ ജീവകാരുണ്യ പദ്ധതികളുടെ തുടക്കം, കലാപരിപാടികൾ തുടങ്ങി ഏവരുടെയും ശ്രദ്ധ പിടിച്ചു പറ്റിയ കൺവൻഷനായിരുന്നു അത്.

**ഇപ്പോൾ 2026 – 2028 കാലയളവിലെ ഇലക്ഷൻ പ്രവർത്തനങ്ങളും തുടങ്ങിക്കഴിഞ്ഞല്ലോ?. പലപ്പോഴും ഇലക്ഷൻ പ്രവർത്തനങ്ങളിൽ നിലവിലെ കമ്മിറ്റി അംഗങ്ങളും മറ്റും മത്സരിക്കാറുമുണ്ട്. ഒരു പരിധിവരെ ഫൊക്കാനയുടെ പ്രവർത്തനങ്ങളെ അത് ബാധിക്കാറുമുണ്ട്. ഇലക്ഷൻ പ്രവർത്തനങ്ങൾ കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ?**

ഒട്ടുമില്ല. അതിന് കാരണം ഞങ്ങളുടെ കമ്മിറ്റിയുടെ കെട്ടുറപ്പാണ്. ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ തുടങ്ങി എല്ലാവരും ഒരേ മനസ്സോടെയാണ് ഫൊക്കാനയെ മുന്നോട്ട് നയിക്കുന്നത്. ഞങ്ങൾ ആരും അടുത്ത തവണ മത്സര രംഗത്തില്ല. ഏറ്റെടുത്ത ഒരു ദൗത്യം വിജയകരമായി പൂർത്തിയാക്കുക എന്നതാണ് ലക്ഷ്യം. ഫൊക്കാനയെ ആഗോളതലത്തിൽ ശ്രദ്ധേയമായ ഒരു പ്രവാസി സംഘടനയായി മാറ്റുക എന്നതാണ് ലക്ഷ്യം. അതിന് ഒരേ മനസ്സോടെ മുന്നോട്ട്. ഫൊക്കാനയിൽ ഇലക്ഷൻ കഴിയുന്നതോടെ പുതിയ ഭരണ സമിതി വരും. പിന്നെ ഒരേ ചിന്തയോടെയാണ് യാത്ര. അതാണ് ഫൊക്കാനയുടെ വിജയവും.

കൃത്യമായ നിലപാടുകളാണ് ഡോ. സജിമോൻ ആന്റണിയുടെ കൈമുതൽ. ഏറ്റെടുക്കുന്ന ഏത് ദൗത്യവും വിജയിപ്പിക്കുവാൻ ഒരാളെ തയ്യാറാക്കുന്നതും ആ നിലപാടുകളാണ്. ഫൊക്കാനയ്ക്കും പ്രവാസി സമൂഹത്തിനും ഡോ. സജിമോൻ ആന്റണി ഒരു മുതൽക്കൂട്ടാകും എന്നതിൽ സംശയമില്ല.

# എഴുപത്തിയഞ്ചിന്റെ നിറവിൽ ജോൺ ടൈറ്റസ്

വാരാന്ത്യം

ഫീച്ചർ



അനിൽ പെണ്ണുക്കര




ഏവിയേഷൻ മേഖലയിൽ തരംഗം സൃഷ്ടിച്ചു കൊണ്ട് ലോക ചരിത്രത്തിൽ ഇടം നേടിയ, മലയാളികളുടെ എക്കാലത്തെയും അഭിമാനവും, ഫോമായുടെ മുൻ പ്രസിഡന്റുമായ ജോൺ ടൈറ്റസ് എഴുപത്തിയഞ്ചിന്റെ നിറവിൽ. കുമ്പനാട് മാർത്തോമ്മ പള്ളി ഹാളിൽ തന്റെ എഴുപത്തിയഞ്ചാം പിറന്നാൾ അദ്ദേഹവും കുടുംബവും തന്റെ സുഹൃത്തുക്കളും ചേർന്ന് ആഘോഷിക്കുകയുണ്ടായി. വലിയ ഒരു പിറന്നാൾ ആഘോഷത്തോടു കൂടിയാണ് ജോൺ ടൈറ്റസ് തന്റെ 75-നെ സ്വീകരിച്ചത്. ജനുവരി 11-ന് കുമ്പനാടുള്ള മാർത്തോമ വലിയപള്ളി പാരിഷ് ഹാളിൽവെച്ച് നടത്തിയ പിറന്നാൾ ആഘോഷ പരിപാടിയിൽ അദ്ദേഹം തന്റെ പ്രിയപ്പെട്ട കുടുംബത്തോടൊപ്പവും ഒട്ടനേകം വിശിഷ്ട അതിഥികളോടൊപ്പവും ആ ജന്മദിനത്തെ വരവേറ്റു.

പ്രശസ്ത ബിസിനസ്മാനും Aero Control Inc-ന്റെ സ്ഥാപകനുമാണ് ജോൺ ടൈറ്റസ്. ഏവിയേഷൻ മേഖലയിൽ ലോകത്തിലെ തന്നെ ചുരുക്കം ചില മെയിന്റനൻസ് റിപ്പയർ ആൻഡ് ഓപ്പറേഷൻ (MRO) കമ്പനികളിൽ ഒന്നാണ് ജോൺ ടൈറ്റസിന്റേത് എന്നു പറയുന്നതിൽ മലയാളികൾക്ക് എന്നും അഭിമാനമാണ്. ബിസിനസ് രംഗത്തെ കീഴടക്കിയ വ്യക്തി എന്നതിനൊപ്പം തന്നെ ചാരിറ്റി പ്രവർത്തനങ്ങൾ കൊണ്ടും മലയാളി മനസ്സിലെ മായാത്ത രൂപമാണ് ജോൺ ടൈറ്റസ്. കേരളത്തിലെ നിർധനരായ 37 കുടുംബങ്ങൾക്ക് സ്വന്തം ചിലവിൽ വീട് നിർമ്മിച്ചു നൽകാൻ അദ്ദേഹം കാണിച്ച മനസ്സാണ് മലയാളികളുടെ ഹൃദയം കവർന്നെടുത്തത്. കൂടാതെ നേഴ്സിംഗ് സ്കോളർഷിപ്പുകൾ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ തുടങ്ങി ഒട്ടനേകം ധനസഹായങ്ങളും പൊതു സമൂഹത്തിനുവേണ്ടി അദ്ദേഹം നിറമനസ്സോടെ നൽകിയിട്ടുണ്ട്.

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫോമായുടെ മുൻപ്രസിഡന്റ് എന്ന സ്ഥാനവും അദ്ദേഹത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മാറ്റുകൂട്ടി. ഒരേസമയം ബിസിനസിന്റെ പടികൾ ചവിട്ടി കയറുന്നതിനോടൊപ്പം തന്നെ പാവപ്പെട്ടവന്റെ കണ്ണീരൊപ്പാൻ ശ്രമിക്കുകയും ചെയ്യുന്ന സ്തുത്യർഹനായ ഒരു വ്യക്തി എന്ന നിലയിൽ, നിരവധി രാഷ്ട്രീയ സാമൂഹിക പ്രവർത്തകർ ആശംസയും നന്ദിയും അറിയിക്കാനായി 75-ന്റെ നിറവിലെ ആ ആഘോഷ പരിപാടിയിൽ വേദി പങ്കിട്ടു. 75 വർഷത്തെ ജീവിത അനുഭവങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ കൈപ്പും മധുരവും എരിവും പുളിയുമുള്ള ഒട്ടനേകം കഥകളാണ് അദ്ദേഹത്തിന് പറയാനുണ്ടായിരുന്നത്. ആ ജീവിതയാത്രയിൽ അദ്ദേഹം കടന്നുപോയ വ്യത്യസ്ത സാഹചര്യങ്ങളെക്കുറിച്ചുള്ള അനുഭവ കഥകളെ സംഗ്രഹിച്ച് അദ്ദേഹം എഴുതിയ പുസ്തകമാണ് ഏവിയേഷൻ ആൽക്കമിസ്റ്റ്. ഈ പുസ്തകത്തിന്റെ കേരളത്തിലെ പ്രകാശനവും തദവസരത്തിൽ നടന്നു. അതികഠിനമായ ജീവിത യാഥാർത്ഥ്യങ്ങളെ മറികടന്ന് അമേരിക്കൻ മണ്ണിൽ എത്തപ്പെട്ടതിനെ കുറിച്ചും ഏവിയേഷൻ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ട് Aero Control Inc. എന്ന സ്ഥാപനത്തിന് രൂപം നൽകിയതിനെക്കുറിച്ചും ഒപ്പം കഠിന പ്രയത്നത്തിലൂടെ സ്വപ്ന സാക്ഷാത്കാരം നേടിയെടുക്കുന്നതിനെക്കുറിച്ചും ഈ പുസ്തകത്തിലൂടെ അദ്ദേഹം തുറന്നു പറയുന്നുണ്ട്.












# ജോൺ ടൈറ്റസിന്റെ ഏവിയേഷൻ ആൽക്കമിസ്റ്റ് പുസ്തകം പ്രകാശനം ചെയ്തു

കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം

**അനിൽ പെണ്ണുക്കര**

അമേരിക്കയിലെ അറിയപ്പെടുന്ന വ്യവസായ പ്രമുഖനും, ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ ഏറെ ശ്രദ്ധേയനും, ഫോമായുടെ മുൻ പ്രസിഡന്റും Aero Control Inc ന്റെ സ്ഥാപകനുമായ ജോൺ ടൈറ്റസിന്റെ 'ഏവിയേഷൻ ആൽക്കമിസ്റ്റ്' എന്ന പുസ്തകം പ്രകാശനം ചെയ്യപ്പെട്ടു. 2026 ജനുവരി 11-ന് കുമ്പനാടുള്ള മാർത്തോമ വലിയപള്ളി പാരിഷ് ഹാളിൽ വെച്ച് നടത്തിയ ജോൺ ടൈറ്റസിന്റെ 75-ാം പിറന്നാളിന്റെ ആഘോഷ വേദിയിലെ പ്രധാന പരിപാടിയായിരുന്നു ഈ പുസ്തക പ്രകാശനം.

75-ാമത് പിറന്നാൾ ആഘോഷവുമായി ബന്ധപ്പെട്ട് ഒട്ടനേകം വിശിഷ്ടാതിഥികൾ പങ്കെടുത്ത ചടങ്ങിൽ വച്ച് ഈ പുസ്തകം പ്രകാശനം ചെയ്യാൻ കഴിഞ്ഞത്, തന്റെ ജീവിതത്തിൽ ഇരട്ടി മധുരം പകരുന്നുണ്ടെന്ന് ജോൺ ടൈറ്റസ് അഭിപ്രായപ്പെട്ടു.

ആരംഭ ഗാനവും പ്രാർത്ഥനയും കൊണ്ട് തുടക്കമിട്ട പരിപാടിയിൽ ശ്രീമതി ആലിസ് ജോൺ ഏവരെയും സ്വാഗതം ചെയ്തു. അഭിവന്ദ്യ ഡോ. മാർ യുഹാനൻ ക്രിസോസ്റ്റം തിരുമേനി വേദിയിൽ അധ്യക്ഷത വഹിക്കുകയും ഔദ്യോഗികമായി പുസ്തകം പ്രകാശനം ചെയ്യുകയും ചെയ്തു. ചലച്ചിത്ര സംവിധായകൻ ബ്ലസി പുസ്തകം സ്വീകരിച്ചു. എവിയേഷൻ ആൽക്കമിസ്റ്റിൽ സഹ എഴുത്തുകാരനായി പ്രവർത്തിച്ച വിനോദ് മാത്യുവിനെ ജോൺ ടൈറ്റസ് സദസിന് പരിചയപ്പെടുത്തി. വിനോദ് മാത്യു ഈ പുസ്തകത്തെക്കുറിച്ചും അദ്ദേഹത്തിന്റെ അതിലെ എളിയ സംഭാവനകളെ കുറിച്ചും സംസാരിച്ചു. ജോൺ ടൈറ്റസിന്റെ ഈ പ്രയാണ കഥയിലെ എഴുത്തുകാരനായി പങ്കുചേരാൻ കഴിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പുസ്തക പ്രകാശനത്തിനുശേഷം ജോൺ ടൈറ്റസിന്റെ 75-ാം പിറന്നാൾ ആഘോഷവും നടന്നു. ഡോ. ഡാനിയൽ മാമന്റെയും ജോർജ് സക്കറിയയുടെയും പ്രാർത്ഥനയും ആശിർവാദവും പരിപാടിയെ കൂടുതൽ സവിശേഷമാക്കി. കൂടാതെ പാട്ടിന്റെ പാലാഴി തീർത്ത് പ്രവീണും സംഘവും ചേർന്ന് സംഗീത വിരുന്നുമൊരുക്കിയിരുന്നു. സംവിധായകൻ ബ്ലസി, ആന്റോ ആന്റണി എം.പി., പത്തനംതിട്ട ഡിസ്ട്രിക്ട് കൗൺസിൽ മെമ്പർ അനീഷ്, കോയിപ്പുറം ബ്ലോക്ക് പഞ്ചായത്ത്




മെമ്പർ നിർമല മാത്യൂസ്, കോയിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് വർഗീസ് ഈപ്പൻ, റാന്നി മുൻ എം.എൽ.എ രാജു എബ്രഹാം, പത്തനംതിട്ട യു.ഡി.എഫ്. ചെയർമാൻ അഡ്വ. വർഗീസ് മാമൻ, അമേരിക്കൻ വ്യവസായി വർക്കി അബ്രഹാം, ജോർജ് സക്കറിയ, രേഖ പീറ്റർ, ഫാദർ തോമസ് കുഴുനാപുറം, ഫാദർ ഇഗ്നേഷ്യസ് തങ്കളത്തിൽ, സിസ്റ്റർ ആദ്ര (മദർ സുപ്പീരിയർ), ഫാ. കുര്യൻ തോമസ്, വേൾഡ് പീസ് മിഷൻ ചെയർമാൻ സണ്ണി സ്റ്റീഫൻ, കുസുമം ടൈറ്റസ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. റോഷൻ പോൾ ജോൺ നന്ദി അറിയിച്ചു.














# കനേഡിയൻ മലയാളി ഐക്യവേദിയുടെ പ്രഥമ റീജിയണൽ കൺവൻഷൻ പ്രൗഢഗംഭീരമായി

ഒന്റാരിയോ: കനേഡിയൻ മലയാളി ഐക്യവേദിയുടെ ആദ്യ കൺവൻഷൻ ഒന്റാരിയോയിലെ കിച്ചണിലുള്ള ക്രൗൺ പ്ലാസ ഹോട്ടലിൽ പ്രൗഢഗംഭീരമായി സംഘടിപ്പിക്കപ്പെട്ടു. പ്രതിനിധി സംഗമത്തോടെയാണ് കാനഡയിലെ മലയാളി സംഘടനാ ചരിത്രത്തിൽ ശ്രദ്ധേയമായ ഈ കൺവൻഷന് തുടക്കമായത്.

നാഷണൽ ഓൺലൈൻ കോൺഫറൻസിന് ശേഷം നടന്ന പ്രതിനിധി സമ്മേളനത്തിൽ അംഗ സംഘടനകൾ സംഘടനാ രംഗത്ത് നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തി. അംഗ സംഘടനകൾ ഉന്നയിച്ച വിഷയങ്ങൾക്ക് പരിഹാര മാർഗങ്ങൾ കണ്ടെത്തുന്നതിനായി പ്രത്യേക സമിതി രൂപീകരിക്കുമെന്നും വിശദമായ പ്രവർത്തനരൂപരേഖ തയ്യാറാക്കി നടപ്പാക്കുമെന്നും കൺവൻഷൻ തീരുമാനിച്ചു. സോഫിയ ഭുവനേശ്വറും വെങ്കിടേശ്വരനും ചർച്ചകൾക്ക് നേതൃത്വം നൽകി.

സംഘടനകളുടെ ഐക്യത്തിന് മുൻഗണന നൽകുന്നതായിരിക്കും സംഘടനയുടെ മുഖ്യലക്ഷ്യമെന്ന് നാഷണൽ പ്രസിഡണ്ട് കുര്യൻ പ്രക്കാനം അറിയിച്ചു. കാനഡയിലുടനീളം പ്രവർത്തിക്കുന്ന ചെറുതും വലുതുമായ എല്ലാ മലയാളി സംഘടനകളെയും ഈ കൂട്ടായ്മയുടെ കീഴിൽ ഏകോപിപ്പിച്ച് കൂടുതൽ ശക്തമായും ഏകോപിതമായും പ്രവർത്തിക്കാനുള്ള തീരുമാനമാണ് യോഗം കൈക്കൊണ്ടത്. കൂടുതൽ സംഘടനകളെ ഐക്യവേദിയുടെ ഭാഗമാക്കുന്നതിനും തീരുമാനമായി.

തുടർന്ന് നടന്ന ഉദ്ഘാടന സമ്മേളനം ഡോ. മാറ്റ് സ്ട്രാസ് എംപി ഉദ്ഘാടനം ചെയ്തു. നോർത്ത് അമേരിക്കൻ പ്രവാസി ലോകത്തെ പരമോന്നത ബഹുമതിയായ പ്രവാസി രത്ന അവാർഡ് ഡോക്ടർ പി.കെ. കുട്ടിക്ക് സമ്മാനിച്ചു. മലയാളി സമൂഹത്തിന് ഏകദേശം അറുപത് വർഷത്തോളം നൽകിയ അനന്യമായ സേവനങ്ങളെ മാനിച്ചാണ് ഈ ബഹുമതി. ഡോക്ടർ പി.കെ കുട്ടിയുടെ സേവനങ്ങൾ സമൂഹം അതീവ ബഹുമാനത്തോടെ കാണുന്നതായി പ്രസിഡണ്ട് കുര്യൻ പ്രക്കാനം പറഞ്ഞു.




നാഷണൽ മലയാളി ബിസിനസ് എക്സലൻസ് അവാർഡ് ജെയിംസ് ഓട്ടോ ഉടമ ബോബൻ ജെയിംസിന് സമ്മാനിച്ചു. ബിസിനസ് രംഗത്തെ മാതൃകാപരമായ വളർച്ചയും അതുവഴി മലയാളി സമൂഹത്തിന് നൽകിയ സംഭാവനകളും പരിഗണിച്ചാണ് പുരസ്കാരം. ഡോക്ടർ പി.കെ. കുട്ടിയും ബോബൻ ജെയിംസും കനേഡിയൻ മലയാളി സമൂഹത്തോടും കനേഡിയൻ മലയാളി ഐക്യവേദിയോടും നന്ദി രേഖപ്പെടുത്തി.



ഡോ. മാറ്റ് സ്ട്രാസ് എംപി നാട മുറിച്ച് കൺവൻഷൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ജെസ് ഡിക്സൻ എം.പി.പി മുഖ്യാതിഥി ആയിരുന്നു. നഫമാ നാഷണൽ പ്രസിഡണ്ട് കുര്യൻ പ്രക്കാനം അദ്ധ്യക്ഷത വഹിച്ചു പരിപാടിക്ക് പിന്തുണ നൽകിയ മുഖ്യ സ്പോൺസർ ജെഫ്ഫിൻ വലയലിനെയും മറ്റ് എല്ലാ സ്പോൺസർമാരെയും പ്രത്യേകമായി ചടങ്ങിൽ ആദരിച്ചു.

കാനഡയിലെ പ്രമുഖ സംഘടനയായ ജി.ആർ.എം.എയാണ് കൺവൻഷന് ആതിഥേയത്വം വഹിച്ചത്. നഫമാ ദേശീയ വൈസ് പ്രസിഡണ്ട് ഡോക്ടർ കൃഷ്ണകുമാർ സ്വാഗതവും, റീജിയണൽ സെക്രട്ടറി സോഫിയ ഭുവനേശ്വർ നന്ദിയും രേഖപ്പെടുത്തി. ജി.ആർ.എം.എ പ്രസിഡണ്ടും കൺവൻഷൻ സ്വാഗതസംഘം ചെയർമാനുമായ റിയാസ് സ്വാഗതസംഘത്തിന് വേണ്ടി അതിഥികളെ സ്വീകരിച്ചു. ദേശീയ പ്രസിഡണ്ട് അജു ഫിലിപ്പ് പരിപാടികൾക്ക് നേതൃത്വം നൽകി.

കൺവൻഷന്റെ മൂന്നാം ഘട്ടത്തിൽ വിവിധ സംഘടനകൾ അവരുടെ ഭാരവാഹികളെയും പ്രവർത്തനങ്ങളെയും പരിചയപ്പെടുത്തി. ഇത് സംഘടനാ രംഗത്ത് പുതിയൊരു ഉണർവിന് വഴിയൊരുക്കി. സമാപന സമ്മേളനത്തിൽ അവതരിപ്പിച്ച മാർഗരേഖ കൺവൻഷൻ ഐകകണ്ഠ്യേന പാസാക്കി. കലാപരിപാടികളോടെയാണ് സമ്മേളനത്തിന് സമാപനം കുറിച്ചത്.

സംഘടനാ രംഗത്ത് പുതുമയാർന്ന മാറ്റങ്ങൾക്ക് തുടക്കമിട്ട ഈ കൺവൻഷൻ ഐക്യത്തിന്റെയും ശക്തമായ കാഹളമായി മാറി.

റീജിയണൽ വൈസ് ചെയർമാൻ റോമി ചെറിയാൻ, ജനറൽ സെക്രട്ടറി സോഫിയ ഭഗവനേശ്, ഫൈനാൻസ് ചെയർ സൈമൺ സതീഷ്, രജിസ്ട്രേഷൻ ചെയർ വെങ്കിടേഷ് സ്വാഗതസംഘം ചെയർ റിയാസ്, മീഡിയ കൺവീനർ സന്തോഷ് മേക്കര, ഫുഡ് കോ-ഓർഡിനേഷൻ കമ്മിറ്റി സജീഷ് മാത്യു തോമസ് എ, ജോമി ജോർജ്, ഹാനിൽ അഗസ്റ്റിൻ, എമിൽ ജോൺസ് എന്നിവരുൾപ്പെടെ എല്ലാ നാഷണൽ കമ്മിറ്റി അംഗങ്ങളും കൺവൻഷന്റെ വിജയത്തിനായി സജീവമായി പ്രവർത്തിച്ചു.

ഇരുപത്തിഅഞ്ചിൽപരം സംഘടനകളുടെ പ്രതിനിധികളാണ് കാനഡയിലാകമാനം ഉള്ള അറുപതോളം അംഗസംഘടനകളുടെ കൂട്ടായ്മയായ നാഷണൽ ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് കാനഡയുടെ ഒന്റാരിയോ റീജിണൽ കൺവൻഷനിൽ പങ്കെടുത്തത്. ഇതര മീഡിയകളും നൽകിയ സഹകരണത്തിന് മീഡിയ ചെയർമാൻ സജു ഇവാൻസ് നന്ദി രേഖപ്പെടുത്തി.

## എസ്ഐആർ അന്ത്യഘട്ടത്തിൽ: വിദേശത്തു ജനിച്ചവർക്കും പേരുചേർക്കാം

തിരുവനന്തപുരം: വിദേശത്തു ജനിച്ച ഇന്ത്യക്കാർക്ക് വോട്ടർപട്ടികയിൽ പേരുചേർക്കാനുണ്ടായിരുന്ന പ്രതിസന്ധി മാറി. ഫോറം 6 എ-യിൽ അപേക്ഷിക്കുമ്പോൾ ജനനസ്ഥലം ഇന്ത്യക്ക് പുറത്താണെന്ന് രേഖപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിരുന്നില്ല.

ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന ഇറോനെറ്റ്, ബിഎൽഒ ആപ്പ് എന്നിവയിൽ ഇന്ത്യക്കു പുറത്തുള്ള രാജ്യങ്ങളുടെ പേര് രേഖപ്പെടുത്താനുള്ള സൗകര്യം ലഭ്യമാക്കി.

അപേക്ഷയിൽ 'ഇന്ത്യക്ക് പുറത്ത്' എന്ന ഓപ്ഷനും ജനിച്ച രാജ്യവും ഇനി രേഖപ്പെടുത്താം. പ്രവാസികൾക്ക് നാട്ടിലുള്ള ബന്ധുക്കളുടെ സഹായത്തോടെ ഓഫ്ലൈനായി ബിഎൽഒ, ഇആർഒ എന്നിവവഴി പേരുചേർക്കാൻ അപേക്ഷിക്കാം. ഇതുവരെ 1,46,880 പ്രവാസികൾ പേരുചേർക്കാൻ അപേക്ഷിച്ചിട്ടുണ്ട്.

എസ്ഐആർ കരടുപട്ടികയിൽ പരാതികളും എതിർപ്പുകളും അറിയിക്കാനുള്ള സമയപരിധി ജനുവരി 30-ന് അവസാനിച്ചു.

ഫെബ്രുവരി 14 വരെ ഹിയറിങ്ങിന് സമയമുണ്ടെങ്കിലും 12-നകം പൂർത്തിയാക്കി 21-ന് അന്തിമപട്ടിക പ്രസിദ്ധീകരിക്കും. 65 ശതമാനം ഹിയറിങ് പൂർത്തിയായപ്പോൾ കേരളത്തിലാകെ 9868 പേർ പട്ടികയിൽനിന്ന് പുറത്തായി.

1441 പേർ എന്യൂമറേഷൻ കാലഘട്ടത്തിൽ മരിച്ചവരും 997 പേർ ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ചവരും 7430 പേർ മറ്റുസംസ്ഥാനങ്ങളിലേക്കോ മണ്ഡലങ്ങളിലേക്കോ താമസം മാറിയവരുമാണെന്ന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ അറിയിച്ചു.

തെരഞ്ഞെടുപ്പിന് നാമനിർദേശപത്രിക നൽകാനുള്ള അവസാനതീയതിവരെ പുതിയതായി പേരുചേർക്കാൻ അപേക്ഷിക്കാമെങ്കിലും അന്തിമപട്ടിക പ്രസിദ്ധീകരിച്ചശേഷമേ തീർപ്പാക്കൂ. പേരിലെ തിരുത്തലിനു അപേക്ഷിച്ചവർക്കും നോട്ടീസ് അയച്ചതോടെ ഹിയറിങ്ങിന് എത്തേണ്ടവർ 35 ലക്ഷത്തിലേറെയായി. ഇവർ ഹിയറിങ്ങിന് എത്തിയില്ലെങ്കിൽ വോട്ടുണ്ടാകില്ല.

## പി.ടി. ഉഷയുടെ ഭർത്താവ് ശ്രീനിവാസൻ അന്തരിച്ചു



പയ്യോളി: രാജ്യസഭാ എംപിയും ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ പ്രസിഡണ്ടുമായ ഡോ. പി.ടി. ഉഷയുടെ ഭർത്താവ് വി. ശ്രീനിവാസൻ (64) അന്തരിച്ചു.

പൊന്നാനി കുറ്റിക്കാട്ട് വെങ്ങാലി തറവാട്ടിലെ നാരായണൻ സരോജിനി ദമ്പതികളുടെ മകനാണ്. കേന്ദ്ര വ്യവസായ സുരക്ഷാ സേനയിലെ റിട്ട. ഡിവൈഎസ്പിയായിരുന്നു.

അകന്ന ബന്ധുവായ പി.ടി. ഉഷയുമായുള്ള വിവാഹം 1991-ൽ ആയിരുന്നു. മകൻ: ഡോ. ഉജ്വൽ വിഘ്നേഷ്.

## തിരുപ്പതി ലഡുവിൽ മൃഗക്കൊഴുപ്പില്ലെന്ന് സിബിഐ

അമരാവതി: ആന്ധ്രപ്രദേശിലെ തിരുപ്പതി തിരുമല വെങ്കടേശ്വരക്ഷേത്രത്തിലെ പ്രസാദമായ ലഡു ഉണ്ടാക്കാൻ മൃഗക്കൊഴുപ്പ് ഉപയോഗിച്ചിട്ടില്ലെന്ന് സിബിഐ. ലഡു നിർമിച്ചത് കൃത്രിമനെയ്യ് ഉപയോഗിച്ചാണെന്ന് നെല്ലൂരിലെ അഴിമതി വിരുദ്ധ കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ സിബിഐ പറയുന്നു. ഇതുമായി ബന്ധപ്പെട്ട് 36 ആളുകളുടെ പേരിൽ കുറ്റം ചുമത്തിയിട്ടുമുണ്ട്.

ലഡു നിർമാണത്തിന് ഉപയോഗിച്ച നെയ്യ് തനത് രീതിയിൽ ഉത്പാദിപ്പിക്കപ്പെട്ടതല്ലെന്നാണ് സിബിഐ കണ്ടെത്തൽ. പാം ഓയിൽ, മറ്റ് വെജിറ്റബിൾ എണ്ണകൾ എന്നിവയ്ക്കൊപ്പം ചില രാസപദാർത്ഥങ്ങൾ ചേർത്ത് ഉണ്ടാക്കിയ കൃത്രിമനെയ്യാണ് ഉപയോഗിച്ചത്. പശു നെയ്യിന് സമാനമായ നിറവും മണവും ലഭിക്കാൻ കൃത്രിമച്ചേരുവകൾ ഉപയോഗിച്ചെന്നും പറയുന്നു. ഉത്തരാഖണ്ഡിലെ ഭോലെ ബാബ ഓർഗാനിക് ഡെയറി കമ്പനിയാണ് കൃത്രിമനെയ്യ് വിതരണം ചെയ്തത്.

# HEARTBREAKING
# AN ICU NURSE KILLED BY ICE

Joseph Kurian, Houston

Honestly I cried watching the horrible death of an ICU nurse in Minneapolis shot to death by Immigration and Custom Enforcement (ICE). Alex Jeffrey Pretti, a 37 year old was an Intensive Care Unit Nurse in a Hospital in Minnesota. On Saturday, January 24, 2026 while many were protesting the actions of ICE, he was trying to help another person who was pushed down by ICE but then Mr. Pretti was pulled down by ICE. Almost seven ICE officers were together in this horrible act and then finallyshot him to death.

This was a man who treated many patients, comforted many and saved many lives in his profession. He was a compassionate, caring, loving and much appreciated nurse in that Hospital. All of his co-workers, friends, and especially his family are so crushed by his horrible death by people who are supposed to protect citizens in this Country. He was pepper-sprayed and wrestled to the ground and the officers were all holding him down while he was trying to get up. He was holding a cell phone while he had a gun which he never pulled or used. He had legal license to carry a handgun but he never did anything with it while all these ICE offices were fighting him for no good reason.

Alex Pretti was remembered by friends and family as "Best of the Best". His dear and heart broken parent's words, "Alex was a kind hearted soul who cared deeply for his family and friends and also the American Veterans whom he cared for as an ICU nurse at the Minneapolis VA Hospital. Alex wanted to make a difference in this world. Unfortunately he will not be with us to see his impact"

It is shocking to listen after this horrible and heart breaking event, the powerful politicians and officials have made comments and conclusions that Mr. Pretti was a domestic terrorist and his plan was to kill many ICE agents. This was blatant lies to protect them from taking responsibility for the awful killing of a precious nurse.



Joseph Kurian

We all have great love and respect for nurses & doctors everywhere, they are so valuable and priceless for our society. Their care, love, support, comforting words, treating their patients like their own dear ones are incredible and sometimes we don't get that kind of care from our own family members. I have been admitted few times in Hospitals and the nurses treated me like their own family member. Some called me dear, some called me "love" some called me "baby "some called me "sweetie" while treating me and their loving words were more powerful than the medicine they gave me for healing. I will never forget those nurses for their down to earth nature to treat us and help us to heal fast. The nurses everywhere are wonderful human beings and we all must appreciate and applaud them for taking care of our spouse, dad, mom, son, daughter, friends, cousins, in-laws, grandparents and so on.

It is so alarming to believe few horrible deaths in Minneapolis where the world famous Evangelist Billy Graham preached so many times to love others and the love of Jesus Christ for this world. Minneapolis played a significant role in his ministry, as he established the headquarters for the Billy Graham Evangelism Association there in the 1950s. It is also so alarming that a Nation that claims "IN GOD WE TRUST" is having so much horror, chaos, conflicts, hatred, corruption, fear, inhuman and evil things happening lately.

Can we all take a moment and ask why and why? This has to stop. The Political and Spiritual leaders must do everything to bring peace in US cities.

Yes, the criminals and the law breakers must be caught and deported or punished per laws of the Nation, but the current method is creating so much fear and anger in Cities. More citizens are coming and voicing their anger towards the painful and horrible actions and decisions by the officials. All of the elected officials should take a moment, look into their own hearts and minds and find a better way to enforce laws in the Nation. Causingso much anger, fear and confusion will only lead to more opposition, violence and unnecessary killings of people.

Let us all pray for peace and harmony in our Cities, Neighborhoods and in the Nation. Let us uphold all elected officials so that they will make decisions that will unite the Nation rather than dividing the Nation. Love must replace fear, unity must replace division, care must replace cruelty and compassion must replace conflicts.

This is the United States of America. This is not Russia, China, Iran, Sudan or North Korea. God, have mercy on us. Bring back the beauty, the glory, the love and compassion to this Nationas we sing, "America, America, God sheds His grace on thee". Oh, God, forgive all of us and give that grace back to this Nation.

## ലോക കേരള സഭ: പ്രവാസികൾക്കായി പുതിയ പദ്ധതികൾ

തിരുവനന്തപുരം: പ്രവാസി മലയാളി സമൂഹത്തിന് കരുതലാകാൻ ലക്ഷ്യമിട്ടുള്ള പദ്ധതികൾക്ക് അഞ്ചാം ലോക കേരള സഭയിൽ തുടക്കമായി. സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ, എയർപോർട്ട് ഹെൽപ് ഡെസ്ക്, ഷെർപ്പ പോർട്ടൽ, ലോക കേരളം ഓൺലൈൻ സേവനങ്ങളുടെ വിപുലീകരണം എന്നിവയുടെ ഉദ്ഘാടനവും മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. നോർക്കയുടെ പ്രവർത്തന നേട്ടങ്ങൾ ഉൾക്കൊള്ളിച്ച് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കിയ കോഫി ടേബിൾ ബുക്കിന്റെ പ്രകാശനവും നടന്നു.

പ്രവാസി മലയാളികൾക്കും നിക്ഷേപകർക്കും കേരളത്തിൽ സുരക്ഷിതമായും സുതാര്യമായും നിക്ഷേപം നടത്തുന്നതിനായി കേരള സർക്കാരിന് കീഴിലുള്ള ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിങ് ലിമിറ്റഡ് ആവിഷ്കരിച്ച ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് ഷെർപ്പ. നിക്ഷേപ പ്രക്രിയയുടെ ഓരോഘട്ടത്തിലും മാർഗനിർദേശങ്ങൾ നൽകുന്ന വഴികാട്ടിയായി ഈ പോർട്ടൽ പ്രവർത്തിക്കും. വിദേശ രാജ്യങ്ങളിൽ ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് ആ രാജ്യങ്ങളിലെ നിയമങ്ങൾ, സർവകലാശാല വിവരങ്ങൾ, കോഴ്സുകൾ എന്നിവയെക്കുറിച്ചു മാർഗനിർദേശങ്ങൾ നൽകുന്നതാണ് സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ. സുരക്ഷിത കുടിയേറ്റം ഉറപ്പാക്കാൻ കൊച്ചി രാജ്യന്തര വിമാനത്താവളത്തിലാണ് എയർപോർട്ട് ഹെൽപ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചത്.

പ്രവാസി ക്ഷേമനിധിയിൽ ചേരുന്നതിന് ഒരു പ്രവാസി അപേക്ഷ സമർപ്പിച്ചാൽ അത് സ്വീകരിക്കുന്നതിന് നിലവിൽ എട്ടുമാസം വരെ കാലതാമസമെടുക്കുന്ന സാഹചര്യമാണുള്ളതെന്നു ചർച്ചയിൽ പങ്കെടുത്ത മുൻ പ്രവാസി ക്ഷേമനിധി ബോർഡ് ഡയറക്ടർ പി.എം. ജാബിർ പറഞ്ഞു. അമേരിക്കൻ മലയാളി മാതാപിതാക്കളുടെ സുരക്ഷിതത്വവും സ്വത്തിന്റെ സംരക്ഷണവും സംബന്ധിച്ച ആശങ്കകൾ അമേരിക്കയിൽനിന്നുള്ള അനീഷ് പങ്കുവെച്ചു. വീട് താല്ക്കാലികമായി വാടകയ്ക്ക് നൽകിയവർ പിന്നീട് വീട് സ്വന്തമാക്കുന്ന കേസുകൾ നിരവധിയാണ്. ഇക്കാര്യത്തിൽ സർക്കാർ ഇടപെടലുകൾ ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കേരളത്തിൽ നിന്നുള്ള റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ വ്യാപകമാവുകയാണെന്നു സൈബിരിയയിൽ നിന്നു പ്രതിനിധിയായി എത്തിയ സുബിൻ പറഞ്ഞു.

ജനന സർട്ടിഫിക്കറ്റ്, പാസ്പോർട്ട് പോലുള്ള പ്രധാന രേഖകളിലെ തെറ്റുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കേരളത്തിൽനിന്നുള്ള വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ അംഗീകാരങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളെല്ലാം പ്രവാസി ഭരണ നിർവഹണം-നവീകരണ സാധ്യതകളും പരിഷ്കാരങ്ങളും എന്ന വിഷയത്തിൽ ചർച്ചയായി.



# നാം വിതക്കുന്നതു തന്നേ കൊയ്യും

എൽസി ബേബി

നാം പ്രകൃതിയിൽ കാണുന്ന പല വിഷയങ്ങളേയും കണ്ടുകൊണ്ട് നമ്മുടെ പൂർവ്വപിതാക്കന്മാർ ചൊല്ലിയ പഴഞ്ചൊല്ലുകൾ തികച്ചും അർത്ഥവത്തായ ഉദാഹരണങ്ങളാകുന്നു. വിത്തുകൾ പാകി വളർത്തുകയും, വിത്തുകളായും വളരെ കരുതലോടും സൂക്ഷ്മതയോടും കൂടെ നിലം ഉഴുതു മറിച്ച് കല്ലുകളും മുള്ളുകളും മെല്ലെ നീക്കി കാലാവസ്ഥകൾ നിരീക്ഷിച്ചും കാത്തിരുന്നും കൃഷി ഇറക്കുന്നു. മുൻമഴയും, പിൻമഴയും, വളവും, വെള്ളവും നൽകി വിത്തുകൾ മുളച്ചു വളർന്ന് നല്ല ഫലശേഖരത്തിനായി കാത്തിരിക്കുന്നു. നെല്ലുവിതച്ചാൽ നെല്ലു തന്നെയാണ് കൊയ്തെടുക്കുന്നത്. ഏതു വിത്തു വിതയ്ക്കുന്നുവോ അതു തന്നെയാണ് നാം കൊയ്തെടുക്കുന്നത്. അതുപോലെതന്നെ നാം നന്മവിതച്ചാൽ നന്മതന്നെ കൊയ്തെടുക്കാം. അതേസമയം തിന്മവിതച്ചാൽ തിന്മ മാത്രമേ കൊയ്തെടുക്കാനൊക്കൂ. വിതയ്ക്കുന്നത് അല്പം മാത്രം പക്ഷേ, വിളവെടുക്കുമ്പോൾ മുപ്പതും, അറുപതും, നൂറും മേനിയായിരിക്കുമല്ലോ അതുപോലെ തന്നെ നമ്മുടെയൊക്കെ പ്രകൃതികൾ ചെറിയ ഒരു നന്മ ചെയ്യാൻ ലഭിക്കുന്ന പ്രതിഫലം വൻ നന്മകളായിരിക്കും. എന്നാൽ തിന്മ വിതച്ചാലോ ജീവിതകാലം മുഴുവൻ തിന്മകൾ തന്നേ കൊയ്തെടുക്കേണ്ടി വരും. എന്നതിലും സംശയം വേണ്ട. ഒരിക്കൽ ഒരു ഭവനത്തിൽ പ്രായമായ പിതാവ് ഏകമകനും ഭാര്യക്കും തലവേദനയായി ഒടുവിൽ ആ മകൻ തന്റെ അപ്പനെ നിർഭയം ചാക്കിൽ കെട്ടി ഏതോ വൻ കാട്ടിൽ കൊണ്ടുകളയാൻ പോകുമ്പോൾ ആ പിതാവ് ചാക്കിലിരുന്നു ചിരിക്കുന്നതു കേട്ടു മകൻ ചോദിച്ചു. അപ്പൻ എന്താ ചിരിക്കുന്നത്. ആ പിതാവ് പറഞ്ഞത്. മോനേ ഞാൻ എന്റെ അപ്പനോടു ചെയ്തതിന്റെ ഫലമാണ് ഞാനിപ്പോൾ അനുഭവിക്കുന്നത്. എന്നോർത്തു ചിരിച്ചു പോയത് എന്നായിരുന്നു. ഇതുപോലെയുള്ള ധാരാളം കഥകൾ നാം കേട്ടിട്ടുണ്ടായിരിക്കാം.

പ്രകൃതി നമുക്കു തരുന്ന പാഠങ്ങൾ ജീവിതാനുഭവങ്ങളിലൂടെ നാം പഠിക്കാനിടയായാൽ അതുപോലെ അർത്ഥവത്തായ ഒരു പാഠങ്ങളും ഇല്ല എന്നോർക്കു. പണ്ടൊക്കെ പ്രായമായ മാതാപിതാക്കൾ ഭവനത്തിന് ഒരു അനുഗ്രഹമായി കരുതിയിരുന്ന ഒരു കാലം ഉണ്ടായിരുന്നു. അവരുടെ ജീവിതാനുഭവങ്ങളിലൂടെ ഭവനങ്ങളിലുള്ള കുഞ്ഞുങ്ങൾ പറഞ്ഞുകൊടുത്ത് ബുദ്ധിയുപദേശിക്കുമായിരുന്നു. അവർക്കു വലിയ വിദ്യാഭ്യാസമോ ബിരുദാനന്തര ബിരുദങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല. അവരുടെ ജീവിതാനുഭവങ്ങളിലൂടെ പഠിച്ച പാഠങ്ങളാണ് അവർ തങ്ങളുടെ ഇളം തലമുറക്കാർക്കു പങ്കിട്ടുകൊടുത്തിരുന്നത്. പണ്ടൊന്നും വൃദ്ധസദനങ്ങൾ ഉണ്ടായിരുന്നില്ല. എന്റെ ചെറുപ്പകാലത്ത് പ്രായമായ മാതാപിതാക്കളെ അങ്ങേയറ്റം ബഹുമാനിക്കുകയും സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്ന ഒരു നല്ലകാലത്തിന്റെ ഓർമ്മകൾ പലപ്പോഴും എന്റെ ഈ വാർദ്ധക്യത്തിൽ അയവിറക്കാറുണ്ട്. അന്ന് എന്റെ മാതാപിതാക്കൾ അവരുടെ മാതാപിതാക്കളെ അങ്ങേയറ്റം ബഹുമാനിച്ചും സ്നേഹിച്ചും കരുതിയും അവരെ കാലയവനികക്കകത്തേക്ക് സന്തോഷത്തോടെ പറഞ്ഞയച്ചതിന്റെ ഫലമായിരിക്കാം പിൻ തലമുറക്കാരിയായ ഈ എളിയവർക്ക് എന്റെ മക്കളിൽ നിന്നും, കൊച്ചുമക്കളിൽ നിന്നും എന്തിനേറെ നാലാം തലമുറവരെ കണ്ടും അവരുടെ സ്നേഹാദരവുകൾ മനം കുളിർക്കെ അനുഭവിക്കാനിടയായിരിക്കുന്നതെന്നോർത്ത് പലപ്പോഴും സന്തോഷിക്കാറുണ്ട്. എന്റെ മാതാപിതാക്കളും തങ്ങളുടെ നാലും അഞ്ചും തലമുറകളെ കണ്ട് പൂർണ്ണ സംതൃപ്തിയോടെ കാലയവനികക്കകത്തേക്കു പോയതും സന്തോഷത്തോടെ ഓർത്തു പോകയാണ്. ഞാൻ വളർന്നത് ഒൻപതു മക്കളുള്ള മാതാപിതാക്കളും, പ്രായമായ വല്യപ്പച്ചനും,വല്യമ്മച്ചിയും, വേലക്കാരും നിറഞ്ഞ ഒരു കുടുംബത്തിലായിരുന്നു. അന്നൊക്കെ എത്ര അടുക്കിലും, ചിട്ടയിലും, ദൈവാശ്രയത്തിലും, ദൈവഭക്തിയിലുമായിരുന്നു ഞങ്ങൾ വളർന്നത്. വല്യപ്പച്ചന്റെ കല്പനകൾ അതേപോലെ അനുസരിച്ചായിരുന്നു ഞങ്ങളെ വളർത്തിയത്. വല്യമ്മച്ചി ഞങ്ങളുടെ ചെറുപ്പത്തിൽ പറഞ്ഞുതന്ന ചില കഥകളും ജീവിതാനുഭവങ്ങളും ഇന്നെന്ന പോലെ ഓർമ്മിച്ചിട്ടുണ്ട്.

ഇന്ന് കൂട്ടുകുടുംബങ്ങളുടെ സ്ഥാനത്ത് അണു കുടുംബങ്ങളായതോടെ കുടുംബാന്തരീക്ഷം പാടേ വ്യത്യസ്ത



ലേഖിക

മായിപ്പോയി എന്നു പറയാതിരിപ്പാൻ നിർവ്വാഹമില്ല. എങ്കിലും കുഞ്ഞുങ്ങളെ അവരുടെ പ്രായമായ ഗ്രാന്റ് പേരന്റ്സിനും ആധുനിക വല്യപ്പച്ചനും വല്യമ്മച്ചിക്കും സ്നേഹിക്കുവാനും ബഹുമാനിക്കുവാനും അവരോടൊപ്പം കളിക്കുവാനുമൊക്കെ അഭ്യസിപ്പിക്കാവുന്നതാകുന്നു. എന്റെ മക്കളും കൊച്ചുമക്കളും അങ്ങനെ ചെയ്യുന്നതുകൊണ്ട് അങ്ങനെ ഞാൻ അത്യധികം സന്തോഷിക്കാറുണ്ട്. ഞങ്ങൾ അമേരിക്കയിലാണെങ്കിലും എന്റെ കൊച്ചുമക്കൾ (നാലാംതലമുറ) എന്നെ അമ്മച്ചി അല്ലെങ്കിൽ വല്യമ്മച്ചി എന്നു വിളിക്കുന്നതു കേൾക്കുന്നതുതന്നേ വലിയ സന്തോഷവും സംതൃപ്തിയും നൽകുന്നു. എന്നാൽ പലഭവനങ്ങളിലും കുഞ്ഞുങ്ങളെ പ്രായമായവർ കളിപ്പിക്കുന്നതോ കുഞ്ഞുങ്ങൾ അവരുടെ അടുത്തുചെല്ലുന്നതോ ഇഷ്ടപ്പെടാത്ത ആധുനിക മാതാപിതാക്കളും ഉണ്ട് എന്ന് ദുഃഖത്തോടെ ഓർമ്മിക്കുന്നു. അഭ്യസ്തവിദ്യരും ഉന്നത ഉദ്യോഗസ്ഥരും ആയിക്കഴിയുമ്പോൾ പ്രായമായ മാതാപിതാക്കൾ അധികപ്പറ്റായി തോന്നുന്ന ഒരു കാലം! എങ്ങനെയെങ്കിലും വൃദ്ധസദനങ്ങളിലെത്തിക്കാൻ ബദ്ധപ്പെടുന്ന മക്കൾ! എത്ര എത്ര കദനകഥകളാണ് നാം ദിനേന കേട്ടും കണ്ടുംകൊണ്ടിരിക്കുന്നത്? തങ്ങൾ കഷ്ടപ്പെട്ടു വളർത്തിയ മക്കളിൽനിന്നും അങ്ങനെയൊക്കെ അനുഭവങ്ങൾ അനുഭവിക്കേണ്ടിവരുമ്പോഴുള്ള ദുഃഖവും ഹൃദയവേദനയും എത്ര എന്ന് അവർ അറിയുന്നുണ്ടോ? അവർ തങ്ങളുടെ വാർദ്ധക്യത്തിലെത്തുമ്പോൾ മക്കളെ കണി കാണാൻപോലും കിട്ടുമോ എന്നു സംശയമായിരിക്കും. നാം വിതക്കുന്നതു തന്നെ കൊയ്യേണ്ടിവരും എന്നു മനസ്സിലാക്കാൻ കാലം വൈകി എന്നു വരും.

ഇന്നു നമ്മുടെ ഇടയിൽ വിദ്യാഭ്യാസം, പരിഷ്കാരം, സംസ്കാരം ഇവയൊക്കെ വ്യത്യസ്തമായി വളർന്നുവെങ്കിലും ഒരു കാലം മൂന്നും നാലും തലമുറകൾ ഒന്നിച്ചു വളർന്നുവന്ന കുടുംബാന്തരീക്ഷം ശുഷ്കിച്ചും വരണ്ടും ഒരു സന്തോഷവുമില്ലാതെ, മാതാപിതാക്കൾ തമ്മിൽ തമ്മിൽ പിണങ്ങിയും മക്കൾ മാതാപിതാക്കളെ അനുസരിക്കാതെ അവരവരുടെ സ്വാതന്ത്ര്യത്തിൽ തോന്നിയതുപോലെ ജീവിക്കുന്ന കാഴ്ചയല്ലെ കണ്ടുവരുന്നത്? പിഞ്ചു കുഞ്ഞുങ്ങൾവരെ മയക്കുമരുന്നുകൾക്കും ലൈംഗികപീഡനങ്ങൾക്കും മറ്റും ഇരകളായി തീരുന്ന കാഴ്ച എത്ര ദുഃഖകരം. വിവാഹമോചനങ്ങൾ പരിഷ്കാരമായി മാറിയിരിക്കയല്ലെ? കുടുംബത്തിന്റെ തിലകമായി, അനുഗ്രഹമായി കുടുംബാന്തരീക്ഷം പൂങ്കാവനമാക്കി കാത്തുസൂക്ഷിക്കേണ്ട സ്ത്രീകൾ സമൂഹത്തിൽ കാട്ടിക്കൂട്ടുന്ന മ്ലേച്ഛകരങ്ങളായ പ്രവൃത്തികൾ കാണുകയും കേൾക്കയും ചെയ്യുമ്പോൾ ഹൃദയം തകരുകയാണ്. മാന്യമായി ജീവിക്കേണ്ട സ്ത്രീകൾ ലജ്ജയില്ലാതെ പുരുഷന്മാരുടെ പുറകെ നടന്നു കാട്ടികൂട്ടുന്ന അസഭ്യങ്ങൾ പറയാൻപോലും ലജ്ജതോന്നുന്നു. അവരുടെയൊക്കെ കുടുംബാന്തരീക്ഷം എത്രയോ വരൾച്ച നിറഞ്ഞതായിരിക്കും. ഇന്നത്തെ തലമുറകൾ വഴിവിട്ടു നടക്കുന്നതിന്റെ ഉത്തരവാദിത്തം മാതാപിതാക്കൾക്കുതന്നെയാകുന്നു.

ജ്ഞാനിയായ സോളമൻ പറഞ്ഞിരിക്കുന്നത് "വേശ്യാസ്ത്രീ നിമിത്തം പെറുക്കി തിന്നേണ്ടിവരും. വ്യഭിചാരിണി വിലയേറിയ ജീവനെ വേട്ടയാടുന്നു" അറുക്കുന്നേടത്തു കാളയും ചങ്ങലയിലേക്കു ഭോഷൻ പോകുന്നതുപോലെയും പക്ഷി ജീവഹാനിക്കുള്ളതെന്നറിയാതെ കെണിയിലേക്കു ബദ്ധപ്പെടുന്നതുപോലെയും കരളിൽ അസ്ത്രം തറയ്ക്കുവോളം അവൻ–പുരുഷൻ–അവളുടെ പിന്നാലെ ചെല്ലുന്നു! എത്ര വാസ്തവം! ആരാണ് വേശ്യാസ്ത്രീ? സ്വന്തം ഭർത്താവിനെ ധിക്കരിച്ചും കളിപ്പിച്ചും അന്യപുരുഷന്റെ പിറകെ നടക്കുന്നവൾ! ഇന്നു നാം കേട്ടുകൊണ്ടിരിക്കുന്ന വാർത്തകൾ മാന്യസ്ത്രീകൾക്കു യോജിച്ച വാർത്തകളാകുന്നുവോ? 'സ്ത്രീസ്വാതന്ത്ര്യത്തിന്റെ' തിക്തഫലം! അതുപോലെതന്നെ 'കലഹത്തോടുകൂടി ഒരു വീടുനിറയെ യാഗഭോജനത്തിലും ഉണങ്ങിയ അപ്പം ഏറ്റവും നല്ലത്!' അധികം എഴുതി മിനക്കെടുന്നില്ല. അവരവർ ചിന്തിച്ചാൽ മതി. അവനവൻ വിതക്കുന്നതുതന്നേ കൊയ്യും. സംശയം വേണ്ട. നന്മചെയ്താൽ നന്മ കൊയ്തെടുക്കാം. തിന്മ ചെയ്താൽ തിന്മമാത്രമേ കൊയ്തെടുക്കാനാവൂ" എന്നതിനു മാറ്റമില്ല.

എത്ര കഷ്ടം സഹിച്ചാലും നന്മ വിതച്ചു നന്മകൾ കൊയ്തെടുത്ത് ഒരു സന്തുഷ്ട കുടുംബജീവിതം നയിക്കുവാൻ ഈ ലേഖനം സഹായമായിതീരട്ടെ!

## ശബരിമല: കുറ്റപത്രം വൈകുന്നത് ഗുരുതരസാഹചര്യമെന്ന് കോടതി

കൊച്ചി: ശബരിമല സ്വർണക്കൊള്ള കേസിൽ എസ്.ഐ.ടി കുറ്റപത്രം നൽകാത്തതിനെ വിമർശിച്ച് ഹൈക്കോടതി. പ്രതികൾക്ക് എങ്ങനെ സ്വാഭാവികജാമ്യം ലഭിക്കുന്നുവെന്നു കോടതി ചോദിച്ചു. ഗുരുതര സാഹചര്യമാണിത്. പ്രതികളെ അറസ്റ്റ്ചെയ്തിട്ട് 90 ദിവസം ആകുന്നു. കുറ്റപത്രം നൽകിയാൽ പ്രതികൾ സ്വാഭാവിക ജാമ്യത്തിൽ പോകുന്നതു തടയാനാകും. അല്ലാത്തപക്ഷം പൊതുജനങ്ങൾക്ക് അന്വേഷണത്തിത് സംശയം ഉണ്ടാകുമെന്നും കോടതി വിമർശിച്ചു. ഹൈക്കോടതി സിംഗിൾ ബെഞ്ച് ജസ്റ്റിസ് ബദറുദ്ദീനാണ് രൂക്ഷവിമർശനം നടത്തിയത്. അറസ്റ്റ് ചോദ്യം ചെയ്ത് പങ്കജ് ഭണ്ഡാരി നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. അറസ്റ്റ് അനിവാര്യമാണെന്നും പക്ഷേ, അറസ്റ്റിനുള്ള കാരണങ്ങൾ സുപ്രീംകോടതി ഉത്തരവ് പ്രകാരം വ്യക്തമാക്കേണ്ടതുണ്ടെന്നും കോടതി പറഞ്ഞു.

ശബരിമല സ്വർണക്കൊള്ളയിൽ കുറ്റപത്രം സമർപ്പിക്കുന്നതു വൈകുമെന്നാണു സൂചന. സ്വർണപ്പാളിക്കു പകരം ചെമ്പെന്ന് എഴുതിയ ദേവസ്വം മിനിട്സ് അടക്കമുള്ള രേഖകൾ ശാസ്ത്രീയ പരിശോധനയ്ക്ക് അയയ്ക്കാൻ ദിവസങ്ങൾക്കു മുൻപാണ് നടപടി തുടങ്ങിയത്. ഇതിനായി പത്മകുമാർ അടക്കമുള്ള പ്രതികളുടെ കൈയെഴുത്ത് സാമ്പിളുകൾ ശേഖരിച്ചു. അന്തിമ റിപ്പോർട്ട് തയാറായാലും സർക്കാരിന്റെ പ്രോസിക്യൂഷൻ അനുമതി ലഭിച്ചാൽ മാത്രമാണു കുറ്റപത്രം നൽകാൻ കഴിയുക.

സ്വർണക്കൊള്ളയിൽ അതിവേഗ അന്വേഷണവും അറസ്റ്റുമാണ് ഇതുവരെ ഉണ്ടായത്. എന്നാൽ കുറ്റപത്രം തയാറാക്കലിൽ അന്വേഷണ സംഘത്തിന് മുന്നിൽ കടമ്പകൾ ഏറെയുണ്ട്. മൊഴികളുടെയും ചില രേഖകളുടെയും അടിസ്ഥാനത്തിലുള്ള അറസ്റ്റിൽ ശാസ്ത്രീയപരിശോധനാ ഫലം അനിവാര്യമാണ്. എസ്.ഐ.ടി കണ്ടെത്തിയ പ്രധാനരേഖ സ്വർണപ്പാളി എന്നതിന് പകരം ചെമ്പ് എന്നെഴുതിയ ദേവസ്വം ബോർഡ് യോഗ മിനിട്സ് ആണ്. പത്മകുമാർ കൈപ്പടയിലാണ് ഇത് എഴുതി ചേർത്തത്. ഇത്തരം കാര്യങ്ങൾ പ്രതികൾക്ക് വിചാരണ വേളയിൽ നിഷേധിക്കാം. അത് ഒഴിവാക്കാനാണ് ശാസ്ത്രീയപരിശോധന. ഇതിനുള്ള നടപടികൾ ദിവസങ്ങൾക്ക് മുൻപ് മാത്രമാണ് ആരംഭിച്ചത്. പാളികൾ മാറ്റിയോ എന്നതിലും കൂടുതൽ വ്യക്തതയുള്ള പരിശോധന റിപ്പോർട്ടുകൾ ലഭിക്കണം. അഴിമതി നിരോധന നിയമപ്രകാരമുള്ള കേസിൽ പ്രോസിക്യൂഷൻ അനുമതി വാങ്ങിയാൽ മാത്രമാണ് കുറ്റപത്രം നൽകാനാകുക. പത്മകുമാർ അടക്കമുള്ള ദേവസ്വം ബോർഡ് അംഗങ്ങൾക്ക് സർക്കാരും ജീവനക്കാർക്ക് ബോർഡുമാണ് പ്രോസിക്യൂഷൻ അനുമതി നൽകേണ്ടത്. അന്തിമ റിപ്പോർട്ട് തയാറാക്കാതെ അനുമതി തേടാനാകില്ല ഇതിനും ദിവസങ്ങൾ വേണ്ടിവരും.

## ലഹരിക്കേസുകൾ വർദ്ധിക്കുന്നു പ്രത്യേക കോടതി വേണമെന്ന് ഹൈക്കോടതി

കൊച്ചി: ലഹരിക്കേസുകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ അഞ്ചു ജില്ലകളിൽകൂടി പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിൽ നടപടി സ്വീകരിക്കാൻ ഹൈക്കോടതി സർക്കാരിനു നിർദേശംനൽകി. തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ കോടതികൾ എട്ടാഴ്ചയ്ക്കകം പ്രവർത്തനസജ്ജമാക്കണമെന്നും അല്ലാത്തപക്ഷം നിയമസെക്രട്ടറിയെ വിളിച്ചുവരുത്തുമെന്നും ചീഫ് ജസ്റ്റീസ് സൗമെൻ സെൻ, ജസ്റ്റീസ് സി. ജയചന്ദ്രൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. ഇതിനുപുറമേ തൃശൂർ, പാലക്കാട്, മലപ്പുറം (മഞ്ചേരി) ജില്ലകളിലാണ് പ്രത്യേക കോടതികൾ ഉടൻ സ്ഥാപിക്കേണ്ടത്.

ലഹരിമരുന്ന് കേസുകൾക്കു മാത്രമായുള്ള കോടതികൾ എല്ലാ ജില്ലയിലും വേണമെന്ന് സുപ്രീംകോടതി നേരത്തെ ഉത്തരവിട്ടിരുന്നു. എന്നാൽ കേരളത്തിൽ കോഴിക്കോട് (വടകര), ഇടുക്കി (തൊടുപുഴ) ജില്ലകളിൽമാത്രമാണു നിലവിൽ പ്രവർത്തിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുള്ളതിനാൽ തിരുവനന്തപുരം, എറണാകുളം ജില്ലകളാണ് ആദ്യം പരിഗണനയിലുള്ളതെന്ന് സർക്കാർ അറിയിച്ചിരുന്നു. ഇതിൽ കോടതി അതൃപ്തി രേഖപ്പെടുത്തി. കേസുകൾ കൂടുതൽ തീർപ്പാക്കാനുള്ള തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകൾക്കുകൂടി മുൻഗണന നൽകാൻ തുടർന്ന് നിർദേശിക്കുകയായിരുന്നു.

## ഹെൽമെറ്റില്ലാത്ത യാത്ര: പിഴയിട്ടത് രണ്ടരക്കോടി

കൊച്ചി: ഹെൽമെറ്റ് ധരിക്കാതെ ഇരുചക്ര വാഹനങ്ങൾ ഓടിച്ചതിന് സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ പിഴ ഈടാക്കിയത് 2,55,97600 രൂപ. ഹെൽമെറ്റ് ഓൺ സേഫ് റൈഡ് എന്ന ഒരാഴ്ച നീണ്ട സ്പെഷൽ ഡ്രൈവിൽ സംസ്ഥാനത്ത് ഒട്ടാകെ 1,19,414 ഇരുചക്ര വാഹനങ്ങളാണ് പരിശോധിച്ചത്. ഇതിൽ 50,969 നിയമലംഘനങ്ങൾ കണ്ടെത്തി. സമീപകാലത്ത് ഇരുചക്ര വാഹനാപകടങ്ങളിൽ നിരവധി പേർക്കാണ് ജീവൻ നഷ്ടമായത്. ഇതിൽ ഭൂരിഭാഗം പേരും അപകട സമയത്ത് ഹെൽമെറ്റ് ധരിച്ചിരുന്നില്ല. 2026 ജനുവരി 11,12 തീയതികളിൽ മാത്രം 11 പേർക്കാണ് ഇത്തരത്തിൽ ജീവൻ നഷ്ടമായത്.

# DR. GIRISH PANICKER RECEIVES THE 2026 GLOBAL RATNA AWARD



Dr. Girish Panicker receiving the 2026 Global Ratna Award from Ambassador Sreenivasan and near by Mr. Andrew Pappachan, the CEO of Malayalee Festival Federation, Dr. Abdullah Manjeri, the director and M.D of Malayalee Festival Federation

New York: Dr. Girish Kumar Panicker, a tenured Professor of Plant and Soil Sciences and Director of Conservation Research in Mississippi, has been honored with the 2026 Global Ratna Award for Agricultural Science. Organized by the Malayalee Festival Federation (MFF), a non-profit international organization with members around the globe, hosted the inaugural Global Malayalee Festival on January 1 and 2 at the Crowne Plaza Hotel, Kochi, India. Designed as a landmark gathering across continents, the festival aimed to celebrate global achievements, strengthen community bonds, and channel diaspora expertise toward India's development. The two-day event brought together business leaders, professionals, cultural icons, and community champions from around the world. A key highlight was the presentation of the Global Ratna (Jewel) Awards, honoring 16 distinguished Malayalees for their exceptional contributions across diverse fields, including business, science, engineering, finance, technology, politics, literature, arts, culture, and community service.

Dr. Panicker is an authority on C-factor research (cover and management) and is an internationally renowned agricultural scientist. He holds B.S. (Ag. Science, India), M.S. (Agronomy, USA), and Ph.D. (Horticulture, USA) with specialization in Pomology and minor in Plant Physiology. His federally funded research center has the world's largest C-factor (cover and management) database on horticultural crops, covering over 45+ crops and over 140,000 readings, at an investment of $6.5 million. Dr. Panicker,who has been a Certified Professional Agronomist (CPAg), a Certified Crop Adviser (CCA), and a horticulturist, has worked largely in the conservation field on three continents: Asia, Africa, and North America. This research data goes to 193 member countries of the U.N. and is used for erosion prediction, nutrient management, conservation planning, and preventing soil erosion and climate change. In addition to numerous publications, his groundbreaking research on C-factor technology, including his 42-page technology transfer bulletin, is available on the websites of prominent agricultural universities and the Library of Congress in Washington, D.C. Dr. Panicker has succeeded in increasing Vitamin C and anthocyanin levels in organic blueberries and melons and producing a high-quality organic fertilizer from animal waste in collaboration with U.S. Army scientists that traps ammonia and prevents groundwater pollution. His 25+ years of research work with animal waste on soil health studies have been rated by the National Soil Health Lab, Cornell University, as 'Excellent'. The National Soil Health Lab at Cornell is utilizing this invaluable data for training visiting scientists from around the globe. His advanced research methodologies for a healthier environment are being podcasted globally by the American Society for Horticultural Science (ASHS), International Society for Horticultural Science (ISHS), Belgium, USDA, e-Organic, and e-Extension. Dr. Panicker is a Fellow of the Mississippi Academy of Sciences (FMAS), recipient of the 1995 Chapter Award of the Soil and Water Conservation Society of America (SWCS), 2011 Pride of India Award, 2020 Lifetime Organic Achievement Award of the American Society of Agronomy, and 2023 International Conservation Research Award of SWCS. Dr. Panicker's depth of research



and knowledge in the field has led him to become a highly respected scholar and sought-after presenter at conferences around the world.

A native of Kerala State of India, his parents are the late Sukumara Panicker and Mrs. Pankajam Panicker, Thiruvananthapuram. His wife Rani K. Panicker, a Data Analyst, is the daughter of the late Mrs. & Mr. Kozhencherry V.K. Padmanabhan, (Rtd. Asst. Secretary to the Govt. of Kerala), Thiruvananthapuram. Panickers' only child Ms. Aja Panicker (Gem) is an Architect and adjunct faculty.

## ടി.പി. വധക്കേസ്: അടിയന്തര പ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചു

തിരുവനന്തപുരം: ടി.പി. വധക്കേസ് ഉൾപ്പെടെയുള്ള ക്രിമിനൽ കേസിലെ പ്രതികൾക്ക് ചട്ടംലംഘിച്ചുള്ള അനധികൃത പരോളിനെതിരെ പ്രതിപക്ഷം നൽകിയ അടിയന്തര പ്രമേയ നോട്ടീസിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു. പ്രതിപക്ഷം ബാനറും പ്ലക്കാർഡുകളുമായി സഭയിൽ പ്രതിഷേധിച്ചു. സഭയുടെ നടുത്തളത്തിലിറങ്ങിയ പ്രതിപക്ഷത്തെ ഭരണപക്ഷം പരിഹസിച്ചു. പ്രതിപക്ഷം നൽകിയ നോട്ടീസിൽ അടിയന്തര പ്രാധാന്യമില്ലെന്നും സബ് മിഷനായി ഉന്നയിക്കാമെന്നും സ്പീക്കർ എ.എൻ. ഷംസീർ നിർദേശിച്ചു.

ക്രിമിനലുകൾ തെരുവിൽ ഇറങ്ങി വിലസുന്ന സ്ഥിതിയാണ്. സിപിഎമ്മിന്റെ പാർട്ടിപ്രതികൾക്ക് വാരിക്കോരി പരോൾ നൽകുന്നുവെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു. പരോളിലെ ചട്ടലംഘനം ഗൗരവമുള്ളതാണ്. സർക്കാരിന് താൽപ്പര്യമുള്ള വിഷയങ്ങൾ മാത്രം ചർച്ച ചെയ്താൽ പോരെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു.

ചർച്ചയ്ക്ക് ധൈര്യമില്ലേ എന്നെഴുതിയ പ്ലക്കാർഡുകളുമായാണ് പ്രതിപക്ഷം സഭയിലെത്തിയത്. പ്രതിപക്ഷം പ്രീപ്ലാൻഡായാണ് സഭയിലെത്തിയതെന്ന് സ്പീക്കർ പറഞ്ഞു.

പ്രതിപക്ഷത്തിന് വിഷയദാരിദ്ര്യമാണെന്ന് മന്ത്രി എം.ബി. രാജേഷ് പരിഹസിച്ചു. ശബരിമല സ്വർണക്കൊള്ള ചർച്ച ചെയ്യാതെ പ്രതിപക്ഷം ഓടിയൊളിച്ചു. പ്രതിപക്ഷത്തിന് മടിയിൽ കനവും ഭയവും ഉണ്ടെന്നും മന്ത്രി പറഞ്ഞു.

മന്ത്രിയുടെ മറുപടി പ്രതിപക്ഷത്തെ ചൊടിപ്പിച്ചു. പ്രതിപക്ഷം സഭയുടെ നടുത്തളത്തിലിറങ്ങുകയും സ്പീക്കറുടെ ഡയസിന് മുന്നിൽ പ്രതിഷേധം ആരംഭിക്കുകയും ചെയ്തു.

## സിൽവർ ലൈൻ കേസുകൾ പിൻവലിക്കുന്നു

തിരുവനന്തപുരം: കേരളത്തെയാകെ ഇളക്കിമറിച്ച സിൽവർലൈൻ സമരപരമ്പരകളിലെ കേസുകൾ റദ്ദാക്കാൻ സർക്കാർ ഒരുങ്ങുന്നു. നിയമസഭാ തെരഞ്ഞെടുപ്പ് പടിവാതിൽക്കൽ നിൽക്കെ, ജനവികാരം അനുകൂലമാക്കാനുള്ള രാഷ്ട്രീയ നീക്കത്തിന്റെ ഭാഗമാണ് ഈ പിൻവാങ്ങൽ. പദ്ധതിക്കായി സ്ഥാപിച്ച മഞ്ഞക്കുറ്റികൾ നീക്കുന്ന കാര്യത്തിലും പ്രതിഷേധക്കാർക്കെതിരായ കേസുകൾ പിൻവലിക്കുന്നതിലും ഉടൻ നിർണായക പ്രഖ്യാപനമുണ്ടാകും. സിൽവർലൈൻ വിരുദ്ധ സമരത്തിലൂടെ സർക്കാരിനെതിരെ രൂപപ്പെട്ട ജനരോഷം വോട്ടെടുപ്പിൽ പ്രതിഫലിക്കുമെന്ന തിരിച്ചറിവ് സിപിഎമ്മിനും ഉണ്ട്.

പദ്ധതി ഉപേക്ഷിച്ചതായി ഔദ്യോഗികമായി സമ്മതിച്ചിട്ടില്ലെങ്കിലും, റീജനൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിന് (ആർആർടിഎസ്) ബജറ്റിൽ തുക വകയിരുത്തിയത് സിൽവർലൈൻ അപ്രായോഗികമാണെന്ന പരോക്ഷ സമ്മതമായി കരുതപ്പെടുന്നു. സിൽവർലൈന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപന കാലാവധി കഴിഞ്ഞതോടെ സാങ്കേതികമായി പദ്ധതി ഇപ്പോൾ വഴിമുട്ടിയ അവസ്ഥയിലാണ്. എന്നാൽ, തങ്ങളുടെ ഭൂമിയിലെ മഞ്ഞക്കുറ്റികൾ എടുത്തുമാറ്റാൻ ഭയന്ന് കഴിയുകയാണ് ഉടമകൾ.

ഒരു കുറ്റിക്ക് ഗതാഗതച്ചെലവ് ഉൾപ്പെടെ അയ്യായിരത്തോളം രൂപ ചെലവായെന്നും അത് മാറ്റിയാൽ നിയമനടപടി വരുമെന്നുമുള്ള കെ-റെയിൽ അധികൃതരുടെ നിലപാട് ഭൂവുടമകളെ പ്രതിസന്ധിയിലാക്കുന്നു. മഞ്ഞക്കുറ്റിയിട്ട ഭൂമി പണയപ്പെടുത്താനോ വിൽക്കാനോ കഴിയാതെ കുടുംബങ്ങൾ വലയുകയാണ്. കുട്ടികളുടെ പഠനം, വിവാഹം, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് പോലും ഈ ഭൂമി ഉപകരിക്കാത്ത സ്ഥിതിയാണുള്ളത്.

വിജ്ഞാപനം റദ്ദായെങ്കിലും കുറ്റികൾ മാറ്റുന്നതിൽ വ്യക്തത വരാത്തത് ബാങ്കുകളെ വായ്പ നൽകുന്നതിൽനിന്നും പിന്നോട്ടടിക്കുന്നു.

## റെയ്ച്ചൽ ജോൺ അന്തരിച്ചു



ഡാളസ്: കോഴഞ്ചേരി വെട്ടൊലിൽ വീട്ടിൽ പരേതനായ വർഗീസ് ജോണിന്റെ ഭാര്യ റെയ്ച്ചൽ ജോൺ (89) ഡാളസിൽ അന്തരിച്ചു. പരേത കുഴിക്കാല ചരുവുപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ജയ്മോൻ ജോൺ (ഡാളസ്), ജിനി ജെയിംസ് (ഡാളസ്). മരുമകൾ: ബിജിന. മെമ്മോറിയൽ സർവീസ് ഫെബ്രുവരി 2-ന് തിങ്കളാഴ്ച വൈകിട്ട് 6 മുതൽ 9 വരെ മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ചിൽ (11550 Luna Road, Dallas, TX 75234) വെച്ച് നടത്തും. സംസ്കാര ശുശ്രൂഷ ഫെബ്രുവരി 3-ന് ചൊവ്വാഴ്ച രാവിലെ 9.30 മുതൽ മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ചിൽ ആരംഭിച്ച് 12 മണിക്ക് കോപ്പേൽ റോളിംഗ് ഓക്സ് ഫ്യൂണറൽ ഹോമിൽ (400 Freeport Pkwy, Coppell, TX 75019) മൃതദേഹം സംസ്കരിക്കും.

# ആർത്തവ ആരോഗ്യം മൗലികാവകാശം: സുപ്രീം കോടതി

ന്യൂഡൽഹി: ഇന്ത്യയിലെ എല്ലാ പൊതു–സ്വകാര്യ സ്കൂളുകളിലും വിദ്യാർത്ഥിനികൾക്കു ബയോഡീഗ്രേഡബിൾ സാനിറ്ററി പാഡുകൾ സൗജന്യമായി ലഭ്യമാക്കണമെന്ന് സുപ്രീംകോടതി. സ്കൂളിന്റെ ശുചിമുറിയുടെ സമീപം സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനുകൾ വഴി കുട്ടികൾക്ക് എളുപ്പത്തിൽ ലഭ്യമാകുന്ന വിധത്തിൽ ഇതു സജ്ജീകരിക്കണം. അതിനു സാധ്യമല്ലാത്ത സാഹചര്യത്തിൽ സാനിറ്ററി പാഡുകൾ എളുപ്പത്തിൽ ലഭ്യമാകുന്ന തരത്തിൽ ആവശ്യമായ ക്രമീകരണം നടത്തണമെന്നും സുപ്രീംകോടതി ഉത്തരവിട്ടു.

അന്തസ്സോടെ ജീവിക്കാനുള്ള അവകാശത്തിന്റെ വിപുലമായ ചട്ടക്കൂടിൽ വിദ്യാഭ്യാസ അവകാശവും വരുമെന്ന് സുപ്രീം കോടതി. ഇതിൽ ഘടനാപരമായ പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹാരം കാണേണ്ടത് ഭരണകൂടമാണെന്നും ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, ആർ. മഹാദേവൻ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി. സ്കൂൾ വിദ്യാർത്ഥിനികൾക്കായി ആർത്തവ ശുചിത്വ നയം നടപ്പാക്കാനാവശ്യപ്പെട്ടുള്ള പൊതുതാത്പര്യ ഹർജിയിലാണ് വിധി.

സ്കൂളിലെ എല്ലാ അവസരങ്ങളിലും തുല്യമായി പങ്കെടുക്കാൻ സാധിക്കുകയെന്നത് തുല്യതയ്ക്കുള്ള അവകാശത്തിന്റെയും ഭാഗമാണ്. സർക്കാരിന്റേതെന്നോ സ്വകാര്യ മാനേജ്മെന്റെന്നോ വ്യത്യാസമില്ലാതെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ പറഞ്ഞിരിക്കുന്ന നിലവാരത്തിൽവേണം എല്ലാ സ്കൂളും പ്രവർത്തിക്കാനെന്ന് കോടതി ചൂണ്ടിക്കാട്ടി.

ആർത്തവ ശുചിത്വത്തിനുള്ള സ്ത്രീകളുടെ അവകാശം ഭരണഘടനയുടെ 21–ാം അനുച്ഛേദപ്രകാരമുള്ള ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണെന്ന് നിരീക്ഷിച്ചുകൊണ്ടാണ് നിർണായക ഉത്തരവ് പുറപ്പെടുവിച്ചത്.

ആർത്തവ ശുചിത്വം ഔദാര്യമല്ല. ജീവിക്കാൻ ഭരണഘടന ഉറപ്പുനൽകുന്ന അവകാശത്തിൽനിന്ന് ഉളവാകുന്ന ഭരണഘടനാപരമായ അവകാശമാണെന്നു പറഞ്ഞ കോടതി, നിർദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ സർക്കാരായിരിക്കും ഉത്തരവാദിയെന്നും വ്യക്തമാക്കി. ആർത്തവസമയത്ത് അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തതും അതുമായി ബന്ധപ്പെട്ട് നേരിടുന്ന അപമാനവുമൊക്കെ സ്വകാര്യതയെ മാത്രമല്ല പെൺകുട്ടികളുടെ മാനസികാരോഗ്യത്തെയും പഠനത്തെയും ദോഷകരമായി ബാധിക്കാറുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി.

ആർത്തവസമയമായതിനാൽ ജോലിക്കെത്താൻ കഴിയില്ലെന്ന് അറിയിച്ച ശുചീകരണ തൊഴിലാളികളായ രണ്ടു സ്ത്രീകളോട് അതിനു തെളിവായി ധരിച്ചിരിക്കുന്ന പാഡിന്റെ ഫോട്ടോ വാട്സാപ്പിൽ അയയ്ക്കാൻ അധികൃതർ ആവശ്യപ്പെട്ട സംഭവം പ്രതിഷേധത്തിനു കാരണമായിരുന്നു. ഹരിയാനയിലെ മഹർഷി ദയാനന്ദ് സർവകലാശാലയിലെ ഈ സംഭവമാണ് കേസിന് അടിസ്ഥാനം.

ആർത്തവ ശുചിത്വം ഉറപ്പാക്കേണ്ടതിന്റെ ഭാഗമായി സ്കൂളുകളിൽ പെൺകുട്ടികൾക്ക് പ്രത്യേകം ശുചിമുറികൾ ഉറപ്പാക്കണം. ഭിന്നശേഷിയുള്ള കുട്ടികൾക്കും ഉപയോഗിക്കാവുന്ന തരത്തിൽ ശുചിമുറികൾ ലഭ്യമാക്കണം. അതിൽ വെള്ളത്തിനും കൈ കഴുകി ശുചിയാക്കുന്നതിനും ആവശ്യമായ സൗകര്യം ഉറപ്പു വരുത്തണം. സോപ്പും വെള്ളവും ശുചിമുറിയിൽ ഏതു സമയത്തും ലഭ്യമാക്കണം.

എല്ലാ സ്കൂളുകളിലും ആർത്തവ ശുചിത്വ മാനേജ്മെന്റിന് (മെനസ്ട്രൽ ഹൈജീൻ മാനേജ്മെന്റ് എംഎച്ച്എം) ഒരു പ്രത്യേക സംവിധാനമുണ്ടെന്ന് സംസ്ഥാന സർക്കാരുകൾ ഉറപ്പുവരുത്തണം. ആർത്തവവുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യത്തിൽ പെൺകുട്ടികൾക്ക് അടിവസ്ത്രം, യൂണിഫോം, ഡിസ്പോസബിൾ ബാഗ് എന്നിവ സ്കൂളിലെ എംഎച്ച്എം വഴി ലഭ്യമാക്കണം.

ഉപയോഗിച്ച പാഡുകൾ സംസ്കരിക്കുന്നതിന് ആവശ്യമായ സജ്ജീകരണം വേണം. സാനിറ്ററി വസ്തുക്കൾ ശേഖരിക്കുന്നതിന് വിദ്യാർത്ഥിനികൾ ഉപയോഗിക്കുന്ന ശുചിമുറിയിൽ മൂടിയുള്ള വേസ്റ്റ് ബിൻ ഉണ്ടാകണമെന്നും കോടതി ഉത്തരവിട്ടു.

ആർത്തവത്തെ സംബന്ധിച്ച മിഥ്യാധാരണകൾ മാറിയാലേ അടിസ്ഥാനസൗകര്യങ്ങൾ നിർമിക്കുന്നത് ഫലം കാണുവെന്ന് കോടതി. ആർത്തവം അടക്കിപ്പിടിച്ച് സംസാരിക്കേണ്ട വിഷയമല്ല. ഇതിനെക്കുറിച്ച് ആൺകുട്ടികളെയും പഠിപ്പിക്കേണ്ടത് പ്രധാനമാണ്. ഇത്തരം കാര്യങ്ങളിൽ ബോധവാനല്ലാത്ത ആൺകുട്ടികൾ പെൺകുട്ടികളെ കളിയാക്കാനും അത് അവരെ സ്കൂളിൽപ്പോകുന്നതിൽനിന്ന് പിന്തിരിപ്പിക്കാനും സാധ്യതയുണ്ട്- കോടതി പറഞ്ഞു.

# 2050–ഓടെ നേരിടേണ്ടി വരിക കടുത്ത ചൂട്: ഓക്സ്ഫഡ്

ന്യൂഡൽഹി: കാൽ പതിറ്റാണ്ടിനപ്പുറം ലോകത്തെ കാത്തിരിക്കുന്നത് കടുത്ത ചൂടായിരിക്കുമെന്നും ലോകജനസംഖ്യയുടെ പകുതിയോടടുത്ത് ഇതു നേരിടേണ്ടിവരുമെന്നും ഓക്സ്ഫഡ് സർവകലാശാലയുടെ പഠനറിപ്പോർട്ട്. ഫോസിൽ ഇന്ധനങ്ങളുടെ നിരന്തരമായ ഉപയോഗമാണ് ഇതിനു പ്രധാന കാരണമായി പഠനറിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്.

വ്യാവസായിക വിപ്ലവത്തിനു മുമ്പുള്ള ആഗോള താപനിലയേക്കാൾ രണ്ടു ഡിഗ്രി സെൽഷ്യസ്കൂടി ഉയർന്നാൽ 2050–ഓടെ 380 കോടി ജനങ്ങൾ കടുത്തതും അപകടകരവുമായ ചൂടിനു വിധേയമാകേണ്ടിവരുമെന്നാണ് പഠനം മുന്നറിയിപ്പ് നൽകുന്നത്. ലോകജനസംഖ്യയുടെ ഏകദേശം 41 ശതമാനം വരുമിത്.

2010–ലെ കണക്കനുസരിച്ച് ലോകജനസംഖ്യയുടെ 23 ശതമാനമായ 154 കോടി ജനങ്ങളാണ് ആ വർഷം കടുത്ത ചൂടിനു വിധേയമായിരുന്നത്. എന്നാൽ ബഹിർഗമനം വേഗത്തിൽ കുറച്ചില്ലെങ്കിൽ നൂറ്റാണ്ടിന്റെ പകുതിയോടെ ഈ സംഖ്യ ഇരട്ടിയിലധികമാകുമെന്നാണ് ഓക്സ്ഫഡിന്റെ പഠനറിപ്പോർട്ട്.

കടുത്ത ചൂട് ഏറ്റവുമധികം ബാധിക്കുന്ന രാജ്യങ്ങളിൽ നൈജീരിയ, ഇന്തോനേഷ്യ, ബംഗ്ലാദേശ്, പാകിസ്താൻ, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളോടൊപ്പം ഇന്ത്യയും റിപ്പോർട്ടിലുണ്ട്. 32 ഡിഗ്രി സെൽഷ്യസ് താപനിലയ്ക്കു മുകളിൽ പല ദിവസങ്ങളിലായി നിലനിൽക്കുന്ന, അസാധാരണമായ ചൂട് അനുഭവപ്പെടുന്ന കാലാവസ്ഥയെയാണ് സാധാരണയായി കടുത്ത ചൂടായി വ്യാഖ്യാനിക്കുന്നത്.

കഴിഞ്ഞ പതിറ്റാണ്ടിൽ (2015–24) ഇന്ത്യയുടെ ശരാശരി താപനില 0.9 ഡിഗ്രി സെൽഷ്യസ് വർധിച്ചുവെന്ന് പഠനറിപ്പോർട്ടുകളുണ്ട്.

# ലാഭത്തിൽ മുന്നിൽ കെഎസ്ഇബി; നഷ്ടത്തിൽ കെഎസ്ആർടിസി

തിരുവനന്തപുരം: സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർധന.

കഴിഞ്ഞ വർഷം 61–ൽ നിന്ന് 53 ആയി ലാഭ സ്ഥാപനങ്ങൾ കുറഞ്ഞെങ്കിൽ ഇത്തവണ 60 ആയി വർദ്ധിച്ചു. 63 സ്ഥാപനങ്ങൾ നഷ്ടത്തിലാണ്. കഴിഞ്ഞ തവണ ലാഭത്തിൽ നാലാം സ്ഥാനത്തായിരുന്ന കെഎസ്ഇബിയാണ്(571) കോടി ഇക്കുറി ഒന്നാമതെത്തിയത്.

ഇത്തവണയും കെഎസ്എഫ്ഇ (375 കോടി) രണ്ടാം സ്ഥാനത്തു ബവ്റിജസ് കോർപറേഷൻ (127 കോടി) മൂന്നാം സ്ഥാനത്തുമാണ്.

കേരള ഫിനാൻഷ്യൽ കോർപറേഷൻ (58 കോടി) നാലാം സ്ഥാനത്തും കെഎസ്ഐഡിസി (64 കോടി) അഞ്ചാം സ്ഥാനത്തുമാണ്. കഴിഞ്ഞ തവണ ലാഭത്തിൽ ഒന്നാമതായിരുന്ന കെടിഡിഎഫ്സി ഇത്തവണ നഷ്ടത്തിൽ 44–ാം സ്ഥാനത്താണ്.

നഷ്ടത്തിൽ മുന്നിൽ കെഎസ് ഐഡിസിയാണ് (1580 കോടി). കഴിഞ്ഞ തവണ നഷ്ടത്തിൽ രണ്ടാം സ്ഥാനത്തായിരുന്നു. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി (669 കോടി), ജല അതോറിറ്റി (317 കോടി) പിന്നാക്ക വികസന കോർപറേഷൻ (139 കോടി) കേരള ഓട്ടമൊബീൽസ് (125 കോടി) എന്നീ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ 2 മുതൽ 5വരെ സ്ഥാനത്ത്. നിയമസഭയിൽ മന്ത്രി കെ.എൻ. ബാലഗോപാൽ സമർപ്പിച്ച ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ റിപ്പോർട്ടിലേതാണ് ഈ കണക്ക്.

എല്ലാ സ്ഥാപനങ്ങളും ചേർന്ന് വരുത്തിയ നഷ്ടം 1976 കോടി രൂപയാണ്. മുൻ വർഷം ഇത് 5789 കോടി രൂപയായിരുന്നു.

5 സ്ഥാപനങ്ങൾ ചേർന്നാണ് ആകെ ലാഭത്തിന്റെ 87 ശതമാനവും നേടിയത്. 10 സ്ഥാപനങ്ങൾ ചേർന്നു വരുത്തിയതാണ്. ആകെ നഷ്ടത്തിന്റെ 90 ശതമാനവും പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ ആസ്തി 30230 കോടി രൂപയാണ്.

പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും അനാവശ്യച്ചെലവ് ഒഴിവാക്കാനും റിപ്പോർട്ടിൽ ശുപാർശയുണ്ട്.

# അമ്പതുകാരന്റെ വൃക്കയിലെ നാലു കിലോഗ്രാമുള്ള മുഴ നീക്കി



കൊച്ചി വിപിഎസ് ലേക്ഷോർ ആശുപത്രിയിൽ ത്രീഡി ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയ ചെയ്യുന്ന മെഡിക്കൽ സംഘം.

കൊച്ചി: 50 വയസുകാരന്റെ വൃക്കയിൽ രൂപപ്പെട്ട നാലു കിലോഗ്രാം ഭാരമുള്ള വലിയ മുഴ (പോളിസിസ്റ്റിക് കിഡ്നി) വിജയകരമായി നീക്കം ചെയ്ത് കൊച്ചി വിപിഎസ് ലേക്ഷോർ ആശുപത്രിയിലെ യൂറോളജി വിഭാഗം.

കേരളത്തിലാദ്യമായാണ് ത്രീഡി ലാപ്രോസ്കോപിക് (കീഹോൾ) ശസ്ത്രക്രിയയിലൂടെ ഇത്തരമൊരു മുഴ നീക്കുന്നതെന്ന് ആശുപത്രി അധികൃതർ പറഞ്ഞു. 30 സെന്റിമീറ്റർ നീളത്തിലുള്ള പോളിസിസ്റ്റിക് കിഡ്നിയാണ് അതിസങ്കീർണവും അപൂർവവുമായ ശസ്ത്രക്രിയയിലൂടെ നീക്കംചെയ്തത്.

വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് മുന്നോടിയായാണ് ഈ കീഹോൾ സർജറി നടത്തിയത്. സാധാരണ ഗതിയിൽ പോളിസിസ്റ്റിക് കിഡ്നിക്ക് ഓപ്പൺ സർജറിയാണ് നടത്താറുള്ളത്.

രോഗിയുടെ വൃക്കയുടെ പ്രവർത്തനത്തെ ബാധിക്കുംവിധം വലിപ്പത്തിലുള്ള മുഴകളാണ് കണ്ടെത്തിയതെന്നു സീനിയർ കൺസൾട്ടന്റും യൂറോളജി ആൻഡ് റീനൽ ട്രാൻസ്പ്ലാന്റ് മേധാവിയുമായ ഡോ. ഡാറ്റ്സൺ പി. ജോർജ് പറഞ്ഞു.

രോഗിയുടെ രണ്ടാമത്തെ വൃക്കയിൽ ഏകദേശം 28 സെന്റിമീറ്റർ വലിപ്പമുള്ള മറ്റൊരു പോളിസിസ്റ്റിക് കിഡ്നി അവശേഷിക്കുന്നുണ്ട്. രോഗി മറ്റൊരു ശസ്ത്രക്രിയയ്ക്ക് ആവശ്യമായ ആരോഗ്യസ്ഥിതി കൈവരിക്കുന്ന ഘട്ടത്തിൽ ഇതു നീക്കം ചെയ്യാമെന്നും അദ്ദേഹം പറഞ്ഞു.

ഡോ. ഗ്രിഗറി പത്രോസ്, ഡോ. എ.പി. കാർത്തി, ഡോ. ആദിൽ അബ്ദുള്ള, ഡോ. ജോയൽ, ഡോ. അരുൺ, ഡോ. സുഭാഷ്, ഡോ. മല്ലി ഏബ്രഹാം, ഡോ. ജയ സൂസൻ ജേക്കബ് എന്നിവരും ശസ്ത്രക്രിയയിൽ പങ്കാളികളായി.

അപൂർവവും സങ്കീർണവുമായ നിരവധി ശസ്ത്രക്രിയകളാണ് വിജയകരമായി ആശുപത്രി കൈകാര്യം ചെയ്തിട്ടുള്ളതെന്ന് വിപിഎസ് ലേക്ഷോർ മാനേജിംഗ് ഡയറക്ടർ എസ്.കെ. അബ്ദുള്ള പറഞ്ഞു.

# ശശി തരൂർ പാർട്ടിയിൽ ഉറച്ചുനിൽക്കുമെന്ന് പ്രഖ്യാപനം

ന്യൂഡൽഹി: കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി എന്നിവരുമായി രണ്ട് മണിക്കൂറോളം ചർച്ച നടത്തിയ ശശി തരൂർ പാർട്ടിയിൽ ഉറച്ചുനിൽക്കുമെന്നു പ്രഖ്യാപിച്ചു.



മല്ലികാർജുൻ ഖാർഗെ, രാഹുൽ ഗാന്ധി എന്നിവരുമായി ശശി തരൂർ ഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയ്ക്കിടെ.

തരൂരിനെ പാർട്ടിക്ക് ആവശ്യമുണ്ടെന്ന് ആവർത്തിച്ചു വ്യക്തമാക്കിയ രാഹുൽ, കേരളത്തിൽ യുഡിഎഫിന്റെ വിജയം ഉറപ്പാക്കാൻ പ്രവർത്തിക്കണെമെന്നും നിർദേശിച്ചതായാണു വിവരം. ഇതുവരെയുണ്ടായ പ്രശ്നങ്ങൾ മറന്നു നേതൃത്വത്തിനൊപ്പം നിൽക്കാനും ആവശ്യപ്പെട്ടു. തരൂരിനെ കൂടി വിശ്വാസത്തിലെടുത്താകും പാർട്ടി തീരുമാനങ്ങളെടുക്കുകയെന്നു രാഹുൽ ഉറപ്പു നൽകി. കേരള വിഷയങ്ങളിൽ തരൂരിന്റെകൂടി അഭിപ്രായങ്ങൾ കണക്കിലെടുക്കാൻ ഹൈക്കമാൻഡ് കെപിസിസിയോടു നിർദേശിച്ചേക്കും. കേരളത്തിൽ ഉറപ്പായ വിജയം കൈവിട്ടുകളയുന്ന സാഹചര്യം നേതാക്കളിൽ നിന്ന് ഉണ്ടാകരുതെന്നു രാഹുൽ പറഞ്ഞു.

കാഴ്ചപ്പാടുകൾ നേതൃത്വത്തിനു മുന്നിൽ അവതരിപ്പിച്ച തരൂർ, കേരളത്തിലടക്കം തന്നെ അവഗണിക്കുന്നുവെന്ന തോന്നൽ തുറന്നുപറഞ്ഞതായാണു വിവരം. തെരഞ്ഞെടുപ്പുകളിലും അല്ലാതെയും പാർട്ടിക്കായി നടത്തിയ ഇടപെടലുകളും അക്കമിട്ടു നിരത്തി. കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള സന്നദ്ധതയും അദ്ദേഹം ആവർത്തിച്ചു. എന്നാൽ, പ്രവർത്തക സമിതി അംഗമായിരിക്കെ മോദി സർക്കാരിനു തരൂർ നൽകുന്ന 'ഗുഡ് സർട്ടിഫിക്കറ്റ്' പാർട്ടിക്കുണ്ടാക്കുന്ന പ്രതിസന്ധി ഖാർഗെ തുറന്നുപറഞ്ഞു.

ക്രിയാത്മകമായ ചർച്ചയ്ക്കു ഖാർഗെയ്ക്കും രാഹുലിനും നന്ദി പറഞ്ഞായിരുന്നു യോഗശേഷം തരൂരിന്റെ പ്രതികരണം. പ്രശ്നങ്ങൾ പരിഹരിച്ചെന്നും രാജ്യസേവനത്തിൽ തങ്ങൾക്ക് ഒരേ മനസ്സാണെന്നും തരൂർ പറഞ്ഞു.

കേരളത്തിലെ തെരഞ്ഞെടുപ്പ് ഒരുക്കവുമായി ബന്ധപ്പെട്ടു ഹൈക്കമാൻഡ് വിളിച്ച യോഗത്തിൽനിന്നു കഴിഞ്ഞയാഴ്ച തരൂർ വിട്ടുനിന്നിരുന്നു. കൊച്ചിയിൽ രാഹുൽ ഗാന്ധി പങ്കെടുത്ത യോഗത്തിൽ അവഗണന നേരിട്ടത് തരൂരിനെ അലോസരപ്പെടുത്തിയെന്ന് അദ്ദേഹത്തിന്റെ അടുത്ത അനുയായികൾ സൂചിപ്പിച്ചിരുന്നു.

## അഫ്ഗാൻ ഇനി തനി താലിബാൻ

കാബൂൾ: അഫ്ഗാനിസ്ഥാനിലെ നിയമവ്യവസ്ഥയെ അടിമുടിമാറ്റി താലിബാൻ ഭരണകൂടം പുതിയ ക്രിമിനൽ നടപടിക്രമം പുറത്തിറക്കി. താലിബാൻ പരമോന്നത നേതാവ് ഹിബത്തുള്ള അഖുന്ദ്സദ ഒപ്പിട്ട പുതിയ നിയമം, ജനങ്ങളെ നാലു വിഭാഗങ്ങളായി തിരിക്കുകയും ഓരോ വിഭാഗത്തിനും വ്യത്യസ്ത ശിക്ഷകൾ നിശ്ചയിക്കുകയും ചെയ്യുന്നു. ഇതോടെ അഫ്ഗാനിൽ പൗരാവകാശവും സമത്വവും ഇല്ലാതാകുകയാണ്. പുതിയ നിയമപ്രകാരം മതപണ്ഡിതർ (ഉലമ/മുല്ലമാർ) കുറ്റം ചെയ്താൽ ശിക്ഷയില്ല. 'ഉപദേശം' നൽകി വിട്ടയക്കും. ഇവർക്കു നിയമത്തിനു മുന്നിൽ പൂർണ പരിരക്ഷയുണ്ട്. എത്ര വലിയ കുറ്റമാണെങ്കിലും ഇവർ ശിക്ഷാ നടപടികൾക്ക് അതീതരാണ്. ഉന്നത കുലജാതർക്കും (അഷ്റഫ്) കഠിനശിക്ഷയില്ല. ഇവർക്ക് കോടതിയിൽ ഹാജരാകാൻ സമൻസ് നൽകുകയും തുടർന്ന് ഉപദേശിക്കുകയും ചെയ്യും. മധ്യവർഗം ചെയ്യുന്ന കുറ്റങ്ങൾക്കു തടവുശിക്ഷ ലഭിക്കും. താഴ്ന്ന വിഭാഗം പാവപ്പെട്ടവരും പാർശ്വവത്കരിക്കപ്പെട്ടവരുമായ ഈ വിഭാഗത്തിനു തടവുശിക്ഷയ്ക്കു പുറമെ അതിക്രൂരമായ ശാരീരിക ശിക്ഷകളും (ചാട്ടവാറടി ഉൾപ്പെടെ) ലഭിക്കും. അന്താരാഷ്ട്ര തലത്തിൽ കർശനമായി നിരോധിച്ചിട്ടുള്ള 'അടിമത്തം' പുതിയ നിയമസംഹിതയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിയമത്തിലെ വിവിധ വകുപ്പുകളിൽ സ്വതന്ത്ര 'മനുഷ്യർ' എന്നും 'അടിമകൾ' എന്നും വേർതിരിച്ചു കാണിച്ചിട്ടുണ്ട്. പുതിയ നിയമപ്രകാരം പ്രതികൾക്ക് അഭിഭാഷകനെ വെക്കാൻ അവകാശമില്ല. കുറ്റസമ്മത മൊഴികളും സാക്ഷിമൊഴികളും മാത്രമാണു ശിക്ഷാവിധിക്ക് ആധാരം. സ്വതന്ത്രമായ അന്വേഷണമോ തെളിവെടുപ്പോ പുതിയ നിയമത്തിൽ നിർബന്ധമല്ല. നൃത്തം ചെയ്യുന്നതും സംഗീതം കേൾക്കുന്നതുമെല്ലാം കുറ്റമായി പ്രഖ്യാപിച്ചിട്ടുണ്ട്.

## രക്തസാക്ഷിത്വദിനം: ഗാന്ധിജിക്ക് ഇന്ത്യയുടെ പ്രണാമം

ന്യൂഡൽഹി: രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 78-ാം രക്തസാക്ഷിത്വദിനത്തിൽ ആദരമർപ്പിച്ച് ഇന്ത്യ. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ ഗാന്ധിജിയുടെ സമാധിസ്ഥലമായ രാജ്ഘട്ടിലെത്തി ആദരാഞ്ജലി അർപ്പിച്ചു.

സ്വദേശി ആശയത്തിന് ഗാന്ധിജി എപ്പോഴും ഊന്നൽ നൽകിയിരുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. അഹിംസയ്ക്ക് ഗാന്ധിജി നൽകിയ പ്രാധാന്യത്തെ ഉയർത്തിക്കാട്ടുന്ന സംസ്കൃത സുഭാഷിതവും പ്രധാനമന്ത്രി എക്സിൽ പങ്കുവെച്ചു.

അതിനിടെ, ഗാന്ധിവധത്തിന് രണ്ടുദിവസം മുമ്പ് പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റുവും ശേഷം ഉപപ്രധാനമന്ത്രി സർദാർ വല്ലഭ്ഭായ് പട്ടേലും ആർഎസ്എസിനെയും ഹിന്ദുമഹാസഭയെയും വിമർശിച്ചെഴുതിയ കത്തുകൾ പുറത്തുവിട്ട് കോൺഗ്രസ്. സ്വാതന്ത്ര്യസമര നേതാക്കൾ കൂടിയായ നെഹ്റുവും പട്ടേലും ഹിന്ദുമഹാസഭ നേതാവ് ശ്യാമപ്രസാദ് മുഖർജിക്കെഴുതിയ കത്തുകളാണ് ഗാന്ധി രക്തസാക്ഷി ദിനത്തിൽ കോൺഗ്രസ് ദേശീയ ജനറൽ സെക്രട്ടറി ജയറാം രമേഷ് എക്സിൽ പങ്കിട്ടത്.



മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്ഘട്ടിൽ പുഷ്പാർച്ചന നടത്തുന്നു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 91.51 |
| യൂറോ | 108.59 |
| സ്റ്റെർലിംഗ്പൗണ്ട് | 125.46 |
| സ്വിസ് ഫ്രാങ്ക് | 118.11 |
| സിംഗപ്പൂർ ഡോളർ | 72.03 |
| കനേഡിയൻ ഡോളർ | 67.14 |
| ഒമാൻ റിയാൽ | 238.01 |
| ബഹ്റൈൻ ദിനാർ | 242.73 |
| സൗദി റിയാൽ | 24.40 |
| യു.എ.ഇ. ദിർഹം | 24.95 |
| കുവൈത്ത് ദിനാർ | 298.01 |



KERALA EXPRESS കേരളം

# REWINDING THE MIND: THE PSYCHOLOGY OF GROWING YOUNGER

It was shortly after my 60th birthday that I began feeling unexpectedly low. My family told me I was walking like an elderly man-even though I wasn't nearly old enough to move or behave that way. I realized I had started thinking and acting like a senior citizen. My mental health felt heavy, my body sluggish, and my gait slow, as if I were a geriatric patient.

I kept wondering how I could make a meaningful change. My son, a physician, encouraged me to go to the gym or at least walk every day. But between my busy schedule as a psychotherapist and my own doubts, it never happened. Honestly, I wasn't convinced that exercise alone would restore my physical or emotional well˘being.

Two years ago, my entire family-my wife, son, daughter, and our grandchildren-gathered at our home in Wayanad, India, where we had lived for over 30 years. We reminisced about our monthly hikes to Chembra Peak, our long walks through Wayanad wildlife sanctuary trails, and our adventures tracking signs of elephants and tigers with the forest department. Those were some of the happiest moments of our lives.

My daughter, a clinical social worker in Australia, said something that stayed with me:

**"Dad, you had so much energy back then. You need to go back to that age-mentally."**

On my flight back to the United States, her words resurfaced. Why couldn't I recreate the mindset, emotions, and behaviors I had in my 40s and 50s. I didn't have a clear plan, but the idea settled somewhere deep in my mind.

Around the same time, I was treating five geriatric patients ranging from late 60s to 80s—



Lukose Jacob, LCSW

referred for depression and anxiety. They, too, felt trapped by age. Traditional therapy wasn't helping them make significant progress. Their minds were conditioned, and I couldn't break through that barrier.

Jane, a 79˘year˘old client, said, "I don't think I can ever regain my physical health or vitality again." Another client, Mr. Smith, age 82, told me, "It would be wonderful if I could have today's wisdom and the physical health of my 40s or 50s. I would enjoy the rest of my life so much more."

Mathew, laughing non-stop, said, "I forget a lot. Sometimes I can't even remember my wife's name, but I give her a strong hug for quite a long time to make her happy. In that moment, I try to remember her name."

Then it hit me, my daughter's idea about returning mentally to age 45.It wasn't the body that

Lukose Jacob LCSW

needed to change first.It was the mind.Could reenacting the mindset and behaviors of one's 40s and 50s actually help?

My goal became clear: **Motivate myself-and my patients-to mentally return to the happiest, and strongest period of their lives.**

The first step was teaching them to talk to their bodies:

* When you say, "I'm too old for this," your body listens.

* When you say, "Let's try this," your body listens too.

I asked each patient to recall their prime years-how they walked, talked, dressed, socialized, succeeded, and created joyful moments. Every day, they were to think only of that period.

Their daily positive affirmation was:

**"I am listening to my body; it is good.**

**My mind is not foggy; it is energized and clear.**

**My thinking is sharp; I am able to face the challenges.**

**I am 45 years old."**

They weren't rewinding their bodies.**They were rewinding their identity.**

This experiment continued for about six months. When we evaluated the results, the transformation was astonishing. It changed how we understood people, symptoms, treatment, and the entire therapeutic process.

* Negative emotions shifted to positive ones

* Physical strength and flexibility improved

* Memory and cognitive functioning increased

* Thinking became more concrete and focused

* They paid bills on time

* They operated computers better than before

* Daily functioning improved

Smith said, "Man, I'm driving to the bar again like I used to, enjoying time with friends. It feels amazing."

Jane reported, "I'm answering phone calls without frustration, and I can drive myself to the grocery store."

Michale, a double amputee, told me, "I reframed my thinking. I walk 300 feet daily with my prosthetics. I stopped behaving like an old cowboy."

Mathew shared, "I'm no longer walking like my elderly mother. I can straighten my body just by changing my self˘talk. I even regained my memory by doing word searches like a teenager. I'm addicted to puzzles now-and my wife Leelan motivates me."

They didn't "fix" their bodies first.**They changed how they related to themselves-and their bodies followed.**

Nancy summarized it beautifully: **"When I feel uncomfortable, I realize it's not my health limiting me-it's my self˘talk."**

This shift even motivated them to learn new skills, including AI tools like Copilot. Ms. Alice told me proudly, "My grandkids taught me how to use ChatGPT!"

**A Paradigm Shift**

This experience changed more than therapy, it reshaped my understanding of aging itself.Aging is not just a physical process.It is a mental, emotional, and behavioral experience shaped by how we see ourselves. The breakthrough was simple and liberating:

**The way you speak to your body, the thoughts you choose, and the identity you embrace, shape how you age.**

This insight invites a new possibility:When you change your internal conversation, your self˘talk, your beliefs, your mental age, you change the way you live.

Rewinding the mind isn't about returning to the past.It's about reclaiming the strongest, brightest, most unstoppable version of who you've ever been, and bringing that power into the present moment. **When you transform the way you speak to your body and your mind, you transform the way you show up for your entire life.**

## സി.ജെ. റോയ്യുടെ മരണം: ജുഡീഷൽ അന്വേഷണം നടത്തണം

തിരുവനന്തപുരം: വ്യവസായി സി.ജെ. റോയ്യുടെ മരണത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര ധനകാര്യമന്ത്രി നിർമല സീതാരാമന് കത്തയച്ചു. ഭരണഘടന കോടതിയിൽ പ്രവർത്തിച്ച് പരിചയസമ്പന്നനായ ജഡ്ജിയുടെ നേതൃത്വത്തിലായിരിക്കണം അന്വേഷണം നടത്തേണ്ടതെന്നും സമയബന്ധിതമായി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്നും മുഖ്യമന്ത്രി കത്തിലൂടെ ആവശ്യപ്പെട്ടു. ജുഡീഷ്യൽ അന്വേഷണത്തിന് കേന്ദ്രസർക്കാർ ഉടൻ ഉത്തരവിടണം. നിയമപരമായ നടപടികളോ പ്രോട്ടോക്കോളോ പാലിക്കാതെയാണ് ഇൻകംടാക്സ് ഉദ്യോഗസ്ഥർ റെയ്ഡ് നടത്തിയത്. റെയ്ഡ് നടക്കുമ്പോൾ രണ്ട് സാക്ഷികളുടെ സാന്നിധ്യം അനിവാര്യമാണ്. എന്നാൽ ഇതൊന്നും പാലിക്കപ്പെട്ടില്ല. ഐടി ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട രേഖകൾ എല്ലാം റോയ് സമർപ്പിച്ചിട്ടും അദ്ദേഹത്തെ മാനസികമായി പീഡിപ്പിച്ചെന്നാണ് കുടുംബാംഗങ്ങൾ ആരോപിച്ചത്. നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചാണ് റെയ്ഡ് നടത്തിയതെന്ന ഔദ്യോഗിക വിശദീകരണത്തിൽ വിശ്വാസ്യതയില്ലെന്നും മുഖ്യമന്ത്രി കേന്ദ്രമന്ത്രിക്ക് അയച്ച കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം, പ്രത്യേക സംഘം അന്വേഷണം ഊർജിതമാക്കി. അന്വേഷണസംഘം ഐടി ഉദ്യോഗസ്ഥരെ വീണ്ടും ചോദ്യം ചെയ്യാൻ വിളിപ്പിക്കും. പ്രാഥമിക വിവരശേഖരണം മാത്രമാണ് നടത്തിയതെന്ന് എസ്ഐടി അറിയിച്ചു. ബംഗളൂരു വിട്ടു പോകരുതെന്ന് ഐടി ഉദ്യോഗസ്ഥരോട് രേഖാമൂലം നിർദേശം നൽകി.

## മുൻ നക്സൽ നേതാവ് വെള്ളത്തൂവൽ സ്റ്റീഫൻ അന്തരിച്ചു

തൊടുപുഴ: മുൻ നക്സൽ നേതാവ് വെള്ളത്തൂവൽ സ്റ്റീഫൻ (82) അന്തരിച്ചു. കോതമംഗലം വടാട്ടുപാറയിലെ മകളുടെ വീട്ടിലായിരുന്നു അന്ത്യം. ഏറെനാളായി രോഗബാധിതനായി കിടപ്പിലായിരുന്നു. സ്റ്റീഫൻ സ്കറിയ എന്നായിരുന്നു പേരെങ്കിലും നക്സൽ പ്രസ്ഥാനത്തിലെത്തിയതോടെ വെള്ളത്തൂവൽ സ്റ്റീഫൻ എന്നപേരിൽ അറിയപ്പെടുകയായിരുന്നു.

കോട്ടയം ജില്ലയിലെ കങ്ങഴയ്ക്കു സമീപം ചുണ്ടമണ്ണിൽ സ്ക്കറിയയുടെയും അന്നമ്മയുടെയും മകനായി 1940-ലാണ് ജനനം. പിന്നീട് ഇടുക്കിയിലെ വെള്ളത്തൂവലിലേക്ക് കുടിയേറി. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പിതാവിന്റെ വഴിയേ അവിഭക്ത മാർക്സിസ്റ്റ് പാർട്ടിയിൽ ആകൃഷ്ടനായി. തുടർന്ന് പാർട്ടി പിളർന്നപ്പോൾ സിപിഐയിൽനിന്നു. ഇതിനുശേഷം നക്സലൈറ്റ് പ്രസ്ഥാനത്തിലേക്ക് ചുവടു മാറ്റി. 19 വയസുള്ളപ്പോൾ 1968-ൽ തലശേരി പോലീസ് സ്റ്റേഷൻ ആക്രമണത്തിലൂടെയാണ് അദ്ദേഹം സായുധവിപ്ലവ പ്രസ്ഥാനത്തിൽ സജീവമായത്.

കുന്നിക്കൽ നാരായണൻ, വർഗീസ്, കെ. അജിത എന്നിവർക്കൊപ്പം തീവ്രപോരാട്ടങ്ങൾക്കു നേതൃത്വം നൽകി. ഒളിവിൽ പ്രവർത്തിച്ച് കേരളത്തിൽ അങ്ങോളമിങ്ങോളം വിപ്ലവഗ്രൂപ്പുകൾ



കെട്ടിപ്പടുത്തു. പോലീസ് സ്റ്റേഷൻ ആക്രമണത്തെത്തുടർന്ന് ഒളിവിൽപ്പോയി. പിന്നീട് കേരളത്തിലുടനീളം നക്സലൈറ്റ് പ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിച്ചു. 1971-ൽ അറസ്റ്റ് ചെയ്യപ്പെടുമ്പോൾ മാങ്കടവിൽ പഞ്ചായത്തംഗത്തെ കൊലപ്പെടുത്തിയതുൾപ്പെടെ 18 കേസുകളിൽ പ്രതിയായിരുന്നു. ജയിലിൽവെച്ചുതന്നെ ചാരുമജുംദാറിന്റെ ഉന്മൂലനമാർഗത്തെ ഉപേക്ഷിച്ചു. സായുധപോരാട്ടം ഉപേക്ഷിച്ച അദ്ദേഹം പിന്നീട് ഇടുക്കി ചേലച്ചുവട്ടിൽ തയ്യൽ കട നടത്തിയാണു ജീവിച്ചത്. ജയിൽവാസത്തിനിടയിൽ രാഷ്ട്രീയം ഉപേക്ഷിച്ച് ആത്മീയതയിലേക്കും സുവിശേഷ പ്രവർത്തനങ്ങളിലേക്കും തിരിഞ്ഞിരുന്നു.

ചരിത്രശാസ്ത്രവും മാർക്സിയൻ ദർശനും, പ്രചോദനം, ആതതായികൾ, അർധബിംബം, മേഘപാളിയിലെ കാൽപ്പാടുകൾ, കനൽവഴികൾ കടന്ന് ഒരു ദൈവസാക്ഷ്യം എന്നിവയാണ് ഇദ്ദേഹം രചിച്ച പുസ്തകങ്ങൾ.

വെള്ളത്തൂവൽ സ്റ്റീഫന്റെ ആത്മകഥ എന്നപേരിൽ തന്റെ ജീവിതാനുഭവങ്ങൾ അദ്ദേഹം പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. നക്സൽ പ്രസ്ഥാനത്തിലെ തന്റെ അനുഭവങ്ങളും ജയിൽ ജീവിതവും പിന്നീടുണ്ടായ മാറ്റങ്ങളും ഇതിൽ വിവരിക്കുന്നുണ്ട്. ഭാര്യ: മാലതി. മകൾ: ദ്യുതി സ്റ്റീഫൻ. മരുമകൻ: ടിജോ.

# SEEKING BRIDEGROOM

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal ( Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport ( she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

**Visit Our Website:
www.keralaexpress.com for Matrimonial**

# SEEKING BRIDE

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

## SEEKING BRIDEGROOM CONTD.....

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

## LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: SARA, DALLAS*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: SARA, DALLAS*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: SARA, DALLAS*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: SARA, DALLAS*

## FOR SALE PRIME LAND IN KOCHI CITY

For sale 10.50 cents of prime land in Kochi city (half cents will be free); Rs 15 lakh per cent, but negotiable.

**Please contact**

**703-907-9132**

## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

### *Favors Received*



*Inserted by: Firm Believer, Atlanta*

### *Favors Received*



*Inserted by: Firm Believer, Atlanta*

### *Favors Received*



*Inserted by: Firm Believer, Houston*

### *Favors Received*



*Inserted by: Firm Believer, Houston*

**Visit Our Website:** www.keralaexpress.com for Classified Advt.




# മാജിക് മഷ്റൂംസിന്റെ വിശേഷങ്ങളുമായി സംവിധായകൻ നാദിർഷാ

എവർഗ്രീൻ ചിരിഹിറ്റ് 'കട്ടപ്പനയിലെ ഋതിക്റോഷനു' 10 വർഷങ്ങൾക്കു ശേഷം വിഷ്ണു ഉണ്ണികൃഷ്ണനും ഒരുമിച്ച ഫൺ, ഫാമിലി, ഫാന്റസി എന്റർടെയ്നർ 'മാജിക് മഷ്റൂംസ്' തിയറ്ററുകളിൽ. മഞ്ചാടി ക്രിയേഷൻസിന്റെ ബാനറിൽ അഷ്റഫ് പിലാക്കൽ നിർമിച്ച ചിത്രത്തിൽ അക്ഷയ ഉദയകുമാറാണു നായിക.

'ഇതു കട്ടപ്പനയുടെ തുടർച്ചയല്ല. പക്ഷേ, അതേ പാറ്റേണിലുള്ള സിനിമയാണ്. ഇടുക്കിയാണ് പശ്ചാത്തലം. ഫാന്റസി കഥയാണ്. രണ്ടു മണിക്കൂർ പത്തു മിനിറ്റിൽ നമ്മളെ സന്തോഷിപ്പിക്കുന്ന സിനിമയാണിത്. ചിരിച്ച്, ഇടയ്ക്ക് ഇമോഷണലായി കണ്ണു നിറഞ്ഞ്, എനിക്കു ഫീലായി എന്നൊക്കെ പറയാനാകുന്ന 100 ശതമാനം എന്റർടെയ്നർ'- നാദിർഷാ പറഞ്ഞു.




കട്ടപ്പനയിലെ ഋതിക് റോഷനു ശേഷം വിഷ്ണു നായകൻ, നാദിർഷാ ഡയറക്ടർ എന്നു പറയുമ്പോൾ ആ സിനിമയുടെ ഫ്ളേവറിൽ, അതുപോലെ നർമവും ജനത്തിന് ഇഷ്ടപ്പെടുന്ന ഒരു കഥയുമായി വന്നിട്ടേ കാര്യമുള്ളൂ. അതിനിടെ ഒരുപാടു കഥകൾ കേട്ടിരുന്നുവെങ്കിലും ഒന്നും സിനിമയാക്കണമെന്നു തോന്നിയില്ല. മറ്റൊരു സിനിമയുടെ ആലോചനകളുമായി മുന്നോട്ടു പോകുന്നതിനിടെ ആകാശ്ദേവ് എന്ന പുതുമുഖ എഴുത്തുകാരന്റെ ഒരു കഥയെപ്പറ്റി വിഷ്ണു എന്നോടു പറഞ്ഞു. എനിക്ക് ഓകെയാണെങ്കിൽ തന്നെവച്ച് അതു സംവിധാനം ചെയ്തൂടെയെന്നും ചോദിച്ചു. കഥ കേട്ടപ്പോൾ അതിൽ പണിയെടുത്താൽ ഈ സിനിമ ഗംഭീരമാകുമെന്നു തോന്നി. കാരണം, അതിലൊരു സിനിമയുണ്ട്, വ്യത്യസ്തതയുണ്ട്, ഒരു ഫാന്റസിയുണ്ട്. ഇന്നേവരെ ഞങ്ങൾ പറയാത്ത ഒരു മൂഡിൽ, എന്നാൽ, ഞങ്ങളിൽനിന്നു ജനം പ്രതീക്ഷിക്കുന്ന ഒരു സിനിമ ചെയ്യാനാകുമെന്നു തോന്നി. ദുബായിലുള്ള എന്റെ സുഹൃത്ത് അഷ്റഫ് പിലാക്കൽ നിർമാതാവായി വന്നു.

മാജിക് മഷ്റൂംസ് എന്ന പേര് ചിത്രത്തിനു വരാൻ കാരണമായത് മഷ്റൂം കൃഷിയുടെ പ്ലാറ്റ്ഫോമിൽ ഈ കഥ പറയുന്നതുകൊണ്ടാണ്. കൂൺ പൊട്ടിമുളയ്ക്കുന്നത് ഒരിടിവെട്ടിലാണല്ലോ. യാദൃശ്ചികമായാണു ചില പ്രണയങ്ങളും പൊട്ടിമുളയ്ക്കുക. അതിന്റെ കണക്ഷൻ സിനിമയിലുണ്ടാവും. കൊടൈക്കനാലിലെ മാജിക് മഷ്റൂംസുമായി ഇതിനു യാതൊരു ബന്ധവുമില്ല. പ്രണയം, കുടുംബബന്ധങ്ങൾ, ഫാന്റസി, ഹ്യൂമർ.... ഇതിന്റെയൊക്കെ ഒരു ലഹരിയാണ് ഈ സിനിമ പകരുക. പടം കണ്ടിറങ്ങുമ്പോൾ അത്തരമൊരു വൈബ് കിട്ടും.

അയോൺ ജോസ്- അതാണു വിഷ്ണുവിന്റെ കഥാപാത്രം. കൊച്ചുചെറുക്കൻ എന്നാണ് അടുപ്പമുള്ളവർ വിളിക്കുക. ഓഡീഷനിലൂടെയാണ് നായിക അക്ഷയ ഉദയകുമാറിനെ കണ്ടെത്തിയത്. ഇൻസ്റ്റ റീൽസിലൂടെ താരമായ അക്ഷയ തമിഴ് ബിഗ്ബോസ് മത്സരാർത്ഥിയായിരുന്നു. 'ലവ് റ്റുഡേ' എന്ന തമിഴ് പടത്തിൽ സെക്കൻഡ് ഹീറോയിനായിരുന്നു. ഇതാണു മലയാളത്തിൽ അക്ഷയയുടെ ആദ്യ റിലീസ്. ലക്ഷ്മിയാണ് വിഷ്ണുവിന്റെ ഡ്രീം സോംഗിൽ പെയറാകുന്നത്.

അൽത്താഫ് സലീമും മീനാക്ഷി ദിനേശുമാണ് ഇതിലെ മറ്റൊരു പെയർ. അജു വർഗീസ്, ജോണി ആന്റണി, പൂജ മോഹൻദാസ്, അരുൺ പുനലൂർ, പ്രമോദ് വെളിയനാട്, ചൂരൽ ഇൻസ്റ്റഗ്രാം സീരീസിലെ ഷമീർ ഖാൻ, ശാന്തിവിള ദിനേശ്.... എന്നിങ്ങനെ വേറിട്ടതാണു കാസ്റ്റിംഗ്. ഒന്നോ രണ്ടോ സീനിൽ വന്നുപോകുന്ന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതും നമുക്കു സുപരിചിതരായ ആർട്ടിസ്റ്റുകളാണ്. ഇതിന്റെ നിർമ്മാതാവ് അഷ്റഫും ഒരു വേഷം ചെയ്യുന്നുണ്ട്.

നാലുതവണ സംസ്ഥാന നാടക പുരസ്കാരം നേടിയ ആലീസ് പോളാണ് അമ്മച്ചിയുടെ വേഷത്തിലെത്തുന്നത്. നായികയുടെ അമ്മയായി കെ.എസ്. മനീഷയും അച്ഛനായി ബോബി കുര്യനും വേഷമിടുന്നു. സിദ്ധാർത്ഥ് ഭരതൻ ഹ്യൂമർ വേഷത്തിലെത്തുന്നു. വിഷ്ണുവിന്റെ അച്ഛൻ വേഷം അഭിനയിക്കുന്ന ജാഫർ ഇടുക്കിയുടെ രസകരമായ കുറേ സീക്വൻസുകൾ ചിത്രത്തിലുണ്ട്.

ഹരിശ്രീ അശോകൻ കുട്ടപ്പൻ ചേട്ടൻ എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നു. കൊച്ചിയിൽനിന്ന് ഇടുക്കിയിലേക്കു ചേക്കേറിയ ആളാണ്. അവിടെ ഉത്സവത്തിന് നാട്ടുകാരെ നാടകം പരിശീലിപ്പിക്കുകയാണ്.

വിഷ്ണു-ധർമജൻ കോംബോയ്ക്കു പകരം വിഷ്ണു-അബിൻ എന്നൊന്നു മാറ്റിപ്പിടിക്കാൻ തീരുമാനിച്ചു. എല്ലാ കഥാപാത്രങ്ങളും കട്ടപ്പനയിലേതു പോലെയായാൽ സിനിമയ്ക്കു വ്യത്യാസമുണ്ടാവില്ലല്ലോ. അങ്ങനെയാണ് 'ഒതളങ്ങ തുരുത്തിൽ' നത്ത് എന്ന വേഷം ചെയ്ത അബിൻ ബിനോയെ കൊണ്ടുവന്നത്.

കഥയുമായി പൊരുത്തമുണ്ടെങ്കിൽ മാത്രമേ പാട്ടു ചെയ്തിട്ടു കാര്യമുള്ളൂ. പാട്ട് സിനിമയിൽ മുഴച്ചു നിൽക്കരുത്. ഇതിൽ പാട്ടുകൾക്കുള്ള പ്രാധാന്യം സിനിമ കാണുമ്പോൾ മനസിലാകും. സന്തോഷ് വർമ, ബി.കെ. ഹരിനാരായണൻ, രാജീവ് ആലുങ്കൽ, രാജീവ് ഗോവിന്ദൻ, യദു കൃഷ്ണൻ എന്നിങ്ങനെ അഞ്ചു ഗാനരചയിതാക്കൾ. മറ്റൊരു മലയാള സിനിമയിലും ഈ അടുത്തകാലത്ത് പാട്ടിനുവേണ്ടി ഇത്രയധികം ഗായകരെ ഉൾപ്പെടുത്തിയിട്ടുണ്ടാവില്ല; ശങ്കർ മഹാദേവൻ, ശ്രേയാ ഘോഷാൽ, കെ.എസ്. ചിത്ര, ഹനാൻ ഷാ, ജാസി ഗിഫ്റ്റ്, വിനീത് ശ്രീനിവാസൻ, റിമി ടോമി, രഞ്ജിനി ജോസ്, ഖദീജ നാദിർഷാ എന്നിങ്ങനെ. വിനീത് ശ്രീനിവാസനൊപ്പമാണ് എന്റെ മകൾ ഖദീജ പാടിയത്.



ഗാനമേള സിംഗറായതുകൊണ്ടാണ് ഗാനമേള മൂഡിലുള്ള പാട്ടുകൾ തെരഞ്ഞെടുത്തത്. ഇന്നു ഗാനമേളയിൽ പുതിയ പാട്ടുകൾ തീരെ കുറവാണ്. ഒരു മിന്നൽ വളയൊക്കെ മാത്രമേ കാണൂ. ബാക്കിയെല്ലാം പഴയ പാട്ടുകളെടുത്തു റീമിക്സ് ചെയ്തു പാടുകയാണ്. പക്ഷേ, പാട്ടും ഡാൻസും എന്ന തരത്തിൽ ആഘോഷമാണ് മഷ്റൂംസിലെ പാട്ടുകളുടെ ദൃശ്യാവിഷ്കാരം. കട്ടപ്പനയിൽ 'മിന്നാമിന്നിക്കും' പാടിയത് ശങ്കർ മഹാദേവനാണ്. ഇതിൽ പാട്ടൊരുക്കിയപ്പോൾ അത്തരത്തിലുള്ള ഒരു എനർജി പാട്ടിനു സന്ദർഭമുണ്ടായി. ഇതിലും ആ എനർജി കിട്ടുന്നതിന് അദ്ദേഹത്തിന്റെ ശബ്ദം കൊണ്ടുവന്നാൽ നന്നായിരിക്കുമെന്നു തോന്നി. മണികണ്ഠൻ അയ്യപ്പയാണ് ചിത്രത്തിന്റെ റീ റെക്കോർഡിംഗ് ചെയ്യുന്നത്.

ഒരു പാട്ടിന് എട്ടുലക്ഷം പ്രതിഫലം പറ്റുന്ന ശങ്കർ മഹാദേവൻ ഉൾപ്പെടെ ഇന്ത്യയിലെ മികച്ച ഗായകരെക്കൊണ്ടു പാടിക്കാനായത് ഇതിന്റെ നിർമ്മാതാവ് അഷ്റഫിന്റെ പിന്തുണ കൊണ്ടു മാത്രമാണ്. സിനിമയുടെ എല്ലാ മേഖലകളിലും പ്രവർത്തിച്ചു വന്നയാൾ എന്ന നിലയിൽ അധ്വാനത്തിന്റെ വേദന നന്നായി അറിയാവുന്നതു കൊണ്ടാവാം ഈ സിനിമയിലെ എല്ലാ ടെക്നീഷ്യൻസിനും ഷൂട്ടിനു 10 ദിവസം മുന്നേ അദ്ദേഹം പ്രതിഫലം നൽകിയിരുന്നു.

ഒരാൾ കഥയുമായി വരുമ്പോൾ അയാളുടെ മനസിലുള്ള ആർട്ടിസ്റ്റിനെ വെച്ച് അതു പറഞ്ഞുകേൾക്കുന്നതാണ് എനിക്കിഷ്ടം. അയാളുടെ മനസിൽ സലീം കുമാറും ഹരിശ്രീ അശോകനും മറ്റുമാണെങ്കിൽ സലീം കുമാർ സൈക്കിളിൽ വരുമ്പോൾ ഹരിശ്രീ അശോകൻ എതിരേ വരുന്നു എന്നിങ്ങനെ പറഞ്ഞാൽ കഥ വിഷ്വൽ രൂപത്തിൽ മുന്നിലെത്തും. അപ്പോൾ വിലയിരുത്തൽ വളരെ എളുപ്പമാകും. കഥാപാത്രത്തിന്റെ പേര് രഘു എന്നാണെങ്കിൽ രഘു വരുന്നു എന്നതിനേക്കാൾ സിംപിളായി നമുക്കു മനസിലാവുക ഹരിശ്രീ അശോകൻ വരുന്നു എന്ന മട്ടിൽ പറയുമ്പോഴാണ്. അത്തരത്തിലാണു ഞാൻ കഥകൾ കേൾക്കാറുള്ളത്.

'കട്ടപ്പനയിലെ ഋത്വിക് റോഷൻ' എന്ന സിനിമ മറ്റൊരു സംവിധായകൻ ചെയ്യാനിരുന്നതാണ്. അദ്ദേഹം ഒരു നടനോടു ഡേറ്റു ചോദിച്ചപ്പോൾ താൻ ചെയ്താൽ ശരിയാവില്ലെന്നു പറഞ്ഞ് ആ നടൻ പിന്മാറി.

വിഷ്ണുവിനെ വെച്ച് ചെയ്തൂടെ എന്നു ഞാൻ ആ സംവിധായകനോടു ചോദിച്ചു. തനിക്ക് അതിനുള്ള ആത്മവിശ്വാസമില്ലെന്നും വിഷ്ണു അതു ചെയ്താൽ ശരിയാവില്ലെന്നുമായിരുന്നു മറുപടി. നിങ്ങൾ ചെയ്യുന്നില്ലെന്നാണു തീരുമാനമെങ്കിൽ ഈ സിനിമ ചെയ്തോട്ടെ എന്നു ഞാൻ ചോദിച്ചു. അങ്ങനെയാണ് ആ കഥ എന്നിലേക്ക് എത്തിയത്.

ചില കഥകൾ കേൾക്കുമ്പോൾ അത് വർക്ക് ചെയ്തുകൊടുത്താൽ നന്നാകുമെന്ന ആത്മവിശ്വാസമുണ്ടാകും. ചില സിനിമകളിൽ നമ്മുടെ ധാരണകൾക്കു വിപരീതമായും സംഭവിച്ചിട്ടുണ്ട്. പക്ഷേ, 'മാജിക് മഷ്റൂംസ്' ഞങ്ങൾ വിചാരിച്ചതുപോലെ ജനങ്ങൾ ഇഷ്ടപ്പെടുന്ന സിനിമയായി മാറിയതിൽ സന്തോഷമുണ്ട്. എൻജോയ് ചെയ്തു കാണേണ്ട സിനിമയെന്നാണു ജെൻസി പ്രേക്ഷകരും പറയുന്നത്.




# 'ത തവളയുടെ ത' ഫെബ്രുവരി 14-ന്




അനുമോൾ, സെന്തിൽ കൃഷ്ണ, അൻവിൻ ശ്രീനു, ശ്രീ പദ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ ഫ്രാൻസിസ് ജോസഫ് ജീര രചനയും സംവിധാനവും നിർവഹിക്കുന്ന 'ത തവളയുടെ ത' എന്ന ചിത്രത്തിന്റെ ആദ്യ പ്രമോഷൻ ഇവന്റ് വീർ മഹീന്ദ്രയുടെ നേതൃത്വത്തിൽ കണ്ണൂരിൽവെച്ച് നടന്നു. പ്രശസ്ത ചലച്ചിത്ര താരം അനുമോൾ, വീർ മഹീന്ദ്ര സിഇഒ വൈശാഖ് മനോജ്കുമാർ എന്നിവർ ചേർന്ന് ഭദ്രദീപം തെളിച്ചു.

ആനന്ദ് റോഷൻ, ഗൗതമി നായർ, അനീഷ് ഗോപാൽ, നന്ദൻ ഉണ്ണി, സുനിൽ സുഖദ, ഹരികൃഷ്ണൻ, അജിത് കോശി, ജോജി ജോൺ, ജെൻസൺ ആലപ്പാട്ട്, സ്മിത അമ്പു, വാസുദേവ് പട്ടറോട്ടം, നെഹ്ല തുടങ്ങിയവരാണ് ഈ ചിത്രത്തിലെ മറ്റു പ്രമുഖ താരങ്ങൾ.

ഫോർടീൻ ഇലവൻ സിനിമാസ്, ബിഗ് സ്റ്റോറീസ് മോഷൻ പിക്ചേഴ്സ് എന്നിവയുടെ ബാനറിൽ റോഷിത് ലാൽ, ജോൺപോൾ എന്നിവർ നിർമിച്ച ചിത്രം താര ഗ്രൂപ്പ് ഓഫ് കമ്പനിയും ബ്ലാക്ക്ഹാറ്റ് മീഡിയ ഹൗസും സംയുക്തമായി ചേർന്ന് അവതരിപ്പിക്കുന്നു.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-സന്ദീപ് തോമസ് മഞ്ഞളി, വിമേഷ് വർഗീസ്, ചായാഗ്രഹണം-ബിപിൻ ബാലകൃഷ്ണൻ.

ബീയാർ പ്രസാദ് എഴുതിയ വരികൾക്ക് നിഖിൽ രാജൻ സംഗീതം പകരുന്നു. പശ്ചാത്തല സംഗീതം-രമേഷ് കൃഷ്ണൻ, ചിത്രസംയോജനം-ജിത്ത് ജോഷി, വിഷ്ണു നാരായണൻ, ആർട്ട്-അനീസ് നാടോടി, സൗണ്ട് ഡിസൈൻ-സവിത നമ്പ്രത്ത്, ഫൈനൽ മിക്സ്-അനീഷ് പൊതുവാൾ, കോസ്റ്റ്യൂംസ്-നിസാർ റഹ്മത്ത്, മേക്കപ്പ്-അമൽ ചന്ദ്രൻ, പ്രൊഡക്ഷൻ കൺട്രോളർ-ജാവേദ് ചെമ്പ്, സ്റ്റിൽസ്-ഇബ്സെൻ മാത്യു, അസോസിയേറ്റ് ഡയറക്ടർ-ഗ്രാഷ്, അബ്രു സൈമൺ കളറിസ്റ്റ്-ലിജു പ്രഭാകർ, വിഎഫ്എക്സ്-ഫോക്സ് ഡോട്ട് മീഡിയ, വൈറ്റ് വേവ്സ് ഡിസൈൻസ്-സനൽ പി.കെ, ലൈം ടീ.

തൊണ്ണൂറുകളിൽ ബാലു എന്ന കുട്ടിയുടെ കഥ പറയുന്ന ഒരു ഫാമിലി എന്റർടൈനർ ചിത്രമാണ് 'ത തവളയുടെ ത'. കാസർഗോഡ്, എറണാകുളം എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാക്കിയ ഈ ചിത്രം ഫെബ്രുവരി പതിനാലിന് പ്രദർശനത്തിനെത്തുന്നു.

# 'ശാന്തി-ദി റിഫ്ളക്ഷൻ ഓഫ് ട്രൂത്ത്' ഷൂട്ടിംഗ് പൂർത്തിയായി

സാധാരണക്കാരിയായ ശാന്തി എന്ന സ്ത്രീയുടെ ദുരന്തപൂർണമായ ജീവിതാനുഭവങ്ങൾ ചിത്രീകരിക്കുന്ന 'ശാന്തി ദി റിഫ്ളക്ഷൻ ഓഫ് ട്രൂത്ത്' എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് മൈസൂർ, തിരുവനന്തപുരം, വയനാട്, ഊട്ടി എന്നിവിടങ്ങളിലായി പൂർത്തിയായി. റെഡ് ആർക് സ്റ്റുഡിയോസിന്റെ ബാനറിൽ മോഹൻ മുതിരയിൽ, ഗോകുൽ കാർത്തിക് എന്നിവർ ചേർന്നു നിർമിക്കുന്ന ഈ ചിത്രം ഗോകുൽ കാർത്തിക്, സാംബ്രാജ് എന്നിവരാണ് സംവിധാനം ചെയ്തത്.




കെപിഎസി നാടകങ്ങളിലൂടെയും സിനിമകളിലൂടെയും ശ്രദ്ധേയമായ ശുഭ വയനാണ് ആണ് ശാന്തി എന്ന കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്നത്. സുധീർ കരമന, രാജേഷ് ശർമ, മോഹൻ മുതിരയിൽ, കൊല്ലം തുളസി, ശിവമുരളി, ആര്യൻ, അജിത നമ്പിയാർ, ഷൈലജ പി. അമ്പു, അശ്വതി, ബിനീഷ് എസ്. കുമാർ എന്നിവർ മറ്റു പ്രധാന വേഷങ്ങളിൽ എത്തുന്നു. യെസ്കുമാർ-തിരക്കഥ, ജോയ് സ്റ്റീഫൻ, ഗോകുൽ കാർത്തിക്-ഛായാഗ്രഹണം, ഗോകുൽ കാർത്തിക്-എഡിറ്റിംഗ് എന്നിവർ അണിയറ പ്രവർത്തകരാണ്.

# 'ഓട്ടം തുള്ളൽ' ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്ത്

സംവിധായകൻ ജി. മാർത്താണ്ഡൻ ഒരുക്കുന്ന ഏറ്റവും പുതിയ ചിത്രമായ 'ഓട്ടം തുള്ളൽ' ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്ത്. ഒരു തനി നാടൻ തുള്ളൽ എന്ന ടാഗ് ലൈനുമായാണ് ചിത്രം ഒരുക്കുന്നത്. ജികെഎസ് പ്രൊഡക്ഷൻസിന്റെ ബാനറിൽ മോഹനൻ നെല്ലിക്കാട്ട് നിർമ്മിക്കുന്ന ഈ ചിത്രം അവതരിപ്പിക്കുന്നത് ആധ്യ സജിത്ത് ആണ്.

ബിനു ശശിറാം രചന നിർവ്വഹിച്ചിരിക്കുന്ന ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത് വിജയരാഘവൻ, കലാഭവൻ ഷാജോൺ, വിഷ്ണു ഉണ്ണികൃഷ്ണൻ, ഹരിശ്രീ അശോകൻ എന്നിവരാണ്. ആദ്യാവസാനം പ്രേക്ഷകരെ പൊട്ടിച്ചിരിപ്പിക്കുന്ന ഒരു പക്കാ ഫാമിലി കോമഡി എന്റർടെയ്നർ ആയാണ് ചിത്രം ഒരുക്കുന്നതെന്നാണ് സൂചന.

പോളി വത്സൻ, ടിനി ടോം, മനോജ് കെ.യു, കുട്ടി അഖിൽ, ബിനു ശശിറാം, ജിയോ ബേബി എന്നിവരും ചിത്രത്തിന്റെ താരനിരയിലുണ്ട്. മമ്മൂട്ടി നായകനായ ദൈവത്തിന്റെ സ്വന്തം ക്ലീറ്റസ്, അച്ഛാ ദിൻ, പൃഥ്വിരാജ് നായകനായ സൂപ്പർഹിറ്റ് ചിത്രം പാവാട, കുഞ്ചാക്കോ ബോബൻ നായകനായ ജോണി ജോണി യെസ് അപ്പ, റോഷൻ മാത്യു-ഷൈൻ ടോം ചാക്കോ ടീം വേഷമിട്ട മഹാറാണി എന്നിവയ്ക്കു ശേഷം ജി. മാർത്താണ്ഡൻ ഒരുക്കുന്ന ആറാമത്തെ ചിത്രമാണ് ഓട്ടം തുള്ളൽ. ഹിരൺ മഹാജൻ, ജി. മാർത്താണ്ഡൻ എന്നിവരാണ് ചിത്രത്തിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർമാർ.



ഛായാഗ്രഹണം- പ്രദീപ് നായർ, സംഗീതം- രാഹുൽ രാജ്, ക്രിയേറ്റീവ് ഹെഡ്-അജയ് വാസുദേവ്, ശ്രീരാജ് എകെഡി, എഡിറ്റർ- ജോൺകുട്ടി, ആർട്ട്- സുജിത് രാഘവ്, മേക്കപ്പ്- അമൽ സി. ചന്ദ്രൻ, വസ്ത്രാലങ്കാരം- സിജി തോമസ് നോബൽ, പിആർഒ- വാഴൂർ ജോസ്.

# ആഗോള ഭീകരവാദം: അന്താരാഷ്ട്ര സഹകരണം ശക്തമാക്കണം

ന്യൂഡൽഹി: ആഗോള ഭീകരവാദത്തെ നേരിടാൻ അന്താരാഷ്ട്ര സഹകരണം ശക്തിപ്പെടുത്തണമെന്ന് വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ. 'ഭീകരവാദത്തോട് സന്ധിയില്ല' എന്ന നിലപാട് വിട്ടുവീഴ്ചയില്ലാത്ത സാർവത്രികമാനദണ്ഡമാകണമെന്നും അദ്ദേഹം പറഞ്ഞു. ഡൽഹിയിൽ ജനുവരി 31-ന് ശനിയാഴ്ച നടന്ന ഇന്ത്യ-അറബ് വിദേശമന്ത്രിതല യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യ ആതിഥ്യംവഹിക്കുന്ന യോഗത്തിൽ അറബ് മേഖലയിലെ 20 രാജ്യങ്ങളിലെ വിദേശകാര്യമന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്തു. ഇന്ത്യയും യുഎഇയും ചേർന്നാണ് അദ്ധ്യക്ഷത വഹിച്ചത്. ഏതുരൂപത്തിലുള്ള ഭീകരവാദവും ഭീഷണിയാണ്. അതിർത്തികടന്നുള്ള ഭീകരവാദം അനുവദിക്കാനാകില്ല. കാരണം, അത് അന്താരാഷ്ട്രബന്ധങ്ങളുടെയും നയതന്ത്ര ബന്ധങ്ങളുടെയും അടിസ്ഥാനതത്ത്വങ്ങളെ തകർക്കുന്നു. ഭീകരവാദികൾ ലക്ഷ്യമിടുന്ന സമൂഹങ്ങൾക്ക് സ്വയം പ്രതിരോധിക്കാൻ അവകാശമുണ്ട്. ഇപ്പോൾ അന്താരാഷ്ട്ര സമൂഹത്തിന്റെ ശ്രദ്ധ ഗാസയിലേക്കാണ്. സമാധാനപദ്ധതിയുമായി ബന്ധപ്പെട്ട് ഒട്ടേറെ രാജ്യങ്ങൾ തങ്ങളുടെ നയങ്ങളും നിലപാടുകളും ഉയർത്തുന്നുണ്ടെന്നും ജയ്ശങ്കർ പറഞ്ഞു.

സൗദി അറേബ്യ, ബഹ്റൈൻ, ജോർദാൻ, കുവൈത്ത്, യെമെൻ, ലെബനൻ, സിറിയ, ലിബിയ, ഇറാഖ്, ഒമാൻ, പലസ്തീൻ, സുഡാൻ, ഈജിപ്ത്, ജിബോട്ടി, അൾജീരിയ, കൊമോറസ്, സൊമാലിയ, മൗരിറ്റാന തുടങ്ങിയ രാജ്യങ്ങളുടെ പ്രതിനിധികളും ലീഗ് ഓഫ് അറബ് സ്റ്റേറ്റ്സിന്റെ സെക്രട്ടറി ജനറൽ അഹമ്മദ് അലി അഹമ്മദ് അബൈലൈറ്റ് എന്നിവരും യോഗത്തിൽ പങ്കെടുത്തു. പത്തുവർഷത്തിനുശേഷമാണ് വിദേശകാര്യമന്ത്രിതല യോഗം നടന്നത്.

പലസ്തീൻ ജനതയ്ക്കുള്ള ഇന്ത്യയുടെ പിന്തുണ ആവർത്തിച്ച് പ്രധാനമന്ത്രി മോദി. ഇന്ത്യ-അറബ് വിദേശമന്ത്രിതല യോഗത്തിനെത്തിയ വിദേശകാര്യമന്ത്രിമാരുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് മോദി ഇക്കാര്യം വ്യക്തമാക്കിയത്. ഗാസ സമാധാനപദ്ധതി ഉൾപ്പെടെ നിലവിലുള്ള സമാധാനശ്രമങ്ങളെ പ്രധാനമന്ത്രി സ്വാഗതം ചെയ്തു. പ്രാദേശികസമാധാനവും സുസ്ഥിരതയും നിലനിർത്തുന്നതിനുള്ള ശ്രമങ്ങളിൽ അറബ് ലീഗ് വഹിക്കുന്ന പ്രധാന പങ്കിനെ അദ്ദേഹം അഭിനന്ദിച്ചു. 20 അറബ് രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാർ, അറബ് ലീഗ് സെക്രട്ടറി ജനറൽ, വിവിധ അറബ് പ്രതിനിധിസംഘങ്ങളുടെ തലവന്മാർ എന്നിവരുമായി മോദി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും അറബ് ലോകവും തമ്മിലുള്ള ആഴമേറിയതും ചരിത്രപരവുമായ ബന്ധം ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി, ഈ ബന്ധം വർഷങ്ങളായി ഉഭയകക്ഷിബന്ധങ്ങളെ പ്രചോദിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്ന് പറഞ്ഞു.

വരുംവർഷങ്ങളിലെ ഇന്ത്യ-അറബ് പങ്കാളിത്തത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പ്രധാനമന്ത്രി വ്യക്തമാക്കി.

ഇരുരാജ്യത്തെയും ജനങ്ങളുടെ പരസ്പരപ്രയോജനത്തിനായി വ്യാപാരവും നിക്ഷേപവും, ഊർജം, സാങ്കേതികവിദ്യ, ആരോഗ്യ സംരക്ഷണം, മറ്റു മുൻഗണനാ മേഖലകൾ എന്നിവയിൽ സഹകരണം കൂടുതൽ ശക്തമാക്കുന്നതിനുള്ള ഇന്ത്യയുടെ പ്രതിജ്ഞാബദ്ധത ആവർത്തിച്ചു.



ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ-അറബ് വിദേശകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ അറബ് ലീഗ് വിദേശകാര്യ മന്ത്രിമാരും പ്രതിനിധിസംഘങ്ങളും പ്രധാനമന്ത്രി നരേന്ദ്രമോദിയോടൊപ്പം.

## മോഹൻലാലിനെ അഭിനന്ദിച്ചു

(ഒന്നാം പേജിൽ നിന്നും)

ഒരു മണിക്കൂറോളം നീണ്ട സൗഹൃദസംഭാഷണത്തിൽ മോഹൻലാൽ നാളിതുവരെ മലയാള സിനിമയ്ക്കു നല്കിയ സംഭാവനകളെ ജോസ് മണക്കാട്ട് പ്രകീർത്തിക്കുകയും അദ്ദേഹത്തിന് ഹൃദയപൂർവ്വമായ ആശംസകൾ അറിയിക്കുകയും ചെയ്തു.

കൂടിക്കാഴ്ചയ്ക്കു ശേഷം മോഹൻലാലിനെ അമേരിക്കയിലേക്ക് ഔദ്യോഗികമായി ക്ഷണിച്ചതായി ജോസ് മണക്കാട്ട് അറിയിച്ചു. സൗഹൃദപരമായ ഈ കൂടിക്കാഴ്ച മലയാളി സമൂഹത്തിനും ചലച്ചിത്രലോകത്തിനും ചിക്കാഗോ മലയാളി അസോസിയേഷനും ഒരുപോലെ അഭിമാനകരമായ നിമിഷമായി മാറി.

## ഓട്ടിസം സ്റ്റെം സെൽ ചികിത്സ അംഗീകരിക്കില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ഓട്ടിസം മാറ്റുന്നതിനെന്ന പേരിൽ രക്തമൂലകോശ (സ്റ്റെം സെൽ) ചികിത്സ നൽകുന്നതു തട്ടിപ്പായി പരിഗണിക്കുമെന്നു സുപ്രീംകോടതി. വ്യക്തമായ തെളിവുകളുടെയും ശാസ്ത്രീയ അടിത്തറയുടെയും അടിസ്ഥാനത്തിൽ ഇത് അംഗീകരിക്കപ്പെട്ടിട്ടില്ലെന്ന് വ്യക്തമാക്കിക്കൊണ്ടാണിത്.

ക്ലിനിക്കൽ പരീക്ഷണമെന്ന നിലയിൽ അതു നൽകുന്നതിന് തടസ്സമില്ലെന്നും ജഡ്ജിമാരായ ജെ.ബി പർദിവാല, ആർ. മഹാദേവൻ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ ശുപാർശകൾ പരിഗണിച്ചാണ് കോടതി വ്യക്തത നൽകിയത്.

## രണ്ടാം പിണറായി സർക്കാരിന്റെ അവസാന ബജറ്റ്

(3-ാം പേജിൽനിന്നും)

വിഴിഞ്ഞം തുറമുഖത്തുനിന്നു ചവറയേയും കൊച്ചിയെയും ബന്ധിപ്പിക്കുന്ന റെയർ എർത്ത് കോറിഡോർ ചവറയിൽ സ്ഥാപിക്കും. 42,000 കോടി രൂപയുടെ നിക്ഷേപങ്ങളും 50,000 കോടിയുടെ തൊഴിലവസരങ്ങളും സൃഷ്ടിക്കും. ക്രിട്ടിക്കൽ മിനറൽ മിഷന് 100 കോടി, പ്രതിരോധ ഇടനാഴിക്ക് 50 കോടി. പി.പി.പി. മാതൃകയിൽ കൊച്ചി ഇൻഫോപാർക്കിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും മറ്റ് സാങ്കേതികവിദ്യകളും ചേർന്ന സൈബർവാലിക്ക് 30 കോടി, തൊഴിൽ പരിശീലനത്തിനും നൈപുണ്യ സമ്പാദനത്തിനും ആഗോള സ്കൂളിന് 10 കോടി, വർക്ക് നിയർ ഹോം വ്യാപിപ്പിക്കാൻ 150 കോടി, ഗോത്രമേഖലകളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനായി 60 കോടി ചെലവിൽ സ്പെഷ്യൽ എൻറിച്ച്മെന്റ് പദ്ധതിക്ക് 60 കോടിയും നീക്കിവെച്ചിട്ടുണ്ട്.

ഗിഗ് തൊഴിലാളികൾക്ക് ആധുനികസൗകര്യങ്ങളോടുകൂടിയ ഹബ് - 20 കോടി. ഓട്ടോറിക്ഷ സ്റ്റാൻഡുകളിൽ സോളാർ അധിഷ്ഠിത ചാർജിങ് യൂണിറ്റുകൾ സ്ഥാപിക്കാൻ 20 കോടി. തൊഴിലുറപ്പ് പദ്ധതിക്ക് മുൻവർഷത്തേക്കാൾ അധികമായി 1000 കോടി.

റിട്ടയർമെന്റ് ഹോമുകൾ സജ്ജമാക്കാൻ സംഘടനകൾക്കും ഗ്രൂപ്പുകൾക്കും വ്യക്തികൾക്കും സർക്കാർ സബ്സിഡി - 30 കോടി. വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന വയോധികർക്ക് ഓൺകോൾ വോളണ്ടിയർമാരുടെ സേവനം ലഭ്യമാക്കാൻ 10 കോടി. അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് 20 ലക്ഷമായി ഉയർത്തും.

1-12 ക്ലാസ് വിദ്യാർത്ഥികൾക്ക് അപകട ലൈഫ് ഇൻഷുറൻസ് പദ്ധതിക്ക് 15 കോടി. കാരുണ്യ ആരോഗ്യസുരക്ഷാപദ്ധതി പരിധിക്കു പുറത്തുള്ള കുടുംബങ്ങൾക്ക് പുതിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയ്ക്ക് 50 കോടിയും സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനും കേരള കലാകേന്ദ്രം സ്ഥിരവേദികൾ സ്ഥാപിക്കാനും 10 കോടി വീതവും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## യുഎസ്. സമൻസ് കൈപ്പറ്റാമെന്ന് അദാനി

ന്യൂഡൽഹി: 2.029 കോടി രൂപയുടെ കൈക്കൂലി ഇടപാടുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ ഗൗതം അദാനിയും സഹോദര പുത്രൻ സാഗർ അദാനിയും യുഎസ് ഓഹരിവിപണി നിയന്ത്രണം ഏജൻസിയായ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് കമ്മീഷന്റെ (എസ്ഇസി) സമൻസ് കൈപ്പറ്റാമെന്ന് സമ്മതിച്ചു. യുഎസ് കോടതിയിൽ സമർപ്പിച്ച രേഖയിലാണ് ഇക്കാര്യം പറയുന്നത്.

ഗൗതം അദാനിയും സാഗർ അദാനിയും ഇന്ത്യയിലായതിനാൽ സമൻസ് കൈമാറാൻ സാധിക്കാത്തതിനെ തുടർന്ന് ഒരു വർഷത്തിലേറെയായി നടപടികൾ സ്തംഭിച്ചിരിക്കുകയായിരുന്നു. നോട്ടീസ് കൈപ്പറ്റാനുള്ള സമ്മതം നടപടിക്രമം മാത്രമാണെന്നും എസ്ഇസിയുടെ പരാതി തള്ളാൻ ആവശ്യപ്പെടുകയോ മറുപടി സത്യവാങ്മൂലം നല്കുകയോ ചെയ്യുമെന്ന് അദാനി ഗ്രീൻ എനർജി ലിമിറ്റഡ് സ്റ്റോക് എക്സ്ചേഞ്ചിനെ അറിയിച്ചു. സമൻസ് കൈപ്പറ്റാൻ സമ്മതമറിയിച്ചതോടെ, കേസ് തള്ളണമെന്നാവശ്യപ്പെട്ടുള്ള ഹർജിയോ വാദമോ രേഖപ്പെടുത്താൻ അദാനിക്ക് 90 ദിവസം ലഭിക്കും. ഇതിനെതിരെ എതിർവാദം ഉന്നയിക്കാൻ എസ്ഇസിക്ക് 60 ദിവസവും. ഇതിനു മറുപടി നല്കാൻ ഇരുവർക്കും 45 ദിവസവും ലഭിക്കും. സംസ്ഥാന സർക്കാരുകളിലെ ഉന്നതരുമായി 2,098 കോടി രൂപയുടെ കൈക്കൂലി ഇടപാട് നടത്തിയെന്നാരോപിച്ചാണ് യുഎസ് കോടതിയിൽ കുറ്റപത്രം.

## കോവിഡ് കാലത്തെ വിവരശേഖരണം: വ്യക്തിവിവരങ്ങൾ ചോർന്നിട്ടില്ലെന്ന് ഹൈക്കോടതി

കൊച്ചി: കോവിഡ് കാലത്തെ വിവരശേഖരണത്തിന്റെ ഭാഗമായി വ്യക്തിവിവരങ്ങൾ ചോർന്നുവെന്ന വാദം തള്ളി ഹൈക്കോടതി. കോവിഡ് കാലത്ത് രോഗികളെ തിരിച്ചറിയുന്നതിനു മാത്രമാണ് സർക്കാർ അമേരിക്കൻ കമ്പനിയായ സ്പ്രിംഗ്ലറിന്റെ സേവനം പ്രയോജനപ്പെടുത്തിയത്. നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടായെങ്കിലും മഹാമാരിയുടെ അസാധാരണ സാഹചര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടിയായി മാത്രമേ ഇതിനെ കാണാനാകൂ. അതിനാൽ സർക്കാർ നടപടി ന്യായീകരിക്കത്തക്കതാണെന്നും കോടതി വ്യക്തമാക്കി.

പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ബിജെപി മുൻ സംസ്ഥാന പ്രസിഡണ്ട് കെ. സുരേന്ദ്രൻ തുടങ്ങിയവരടക്കം നൽകിയ പൊതുതാത്പര്യ ഹർജികൾ തീർപ്പാക്കിയാണ് ചീഫ് ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ നിരീക്ഷണം. വ്യക്തിവിവരങ്ങൾ വിദേശ കമ്പനിക്ക് കൈമാറുന്നത് സ്വകാര്യതയുടെ ലംഘനമാണെന്നും ഭരണഘടനയുടെ 299-ാം അനുച്ഛേദം പാലിച്ചില്ലെന്നും ചൂണ്ടിക്കാട്ടിയാണ് ഹർജിക്കാർ കോടതിയെ സമീപിച്ചത്. സ്പ്രിംഗ്ലർ കരാറിന് പിന്നിൽ ഐടി മുൻ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സ്ഥാപിത താത്പര്യമുണ്ടെന്നും ആരോപിച്ചിരുന്നു.

എന്നാൽ, സേവനം സൗജന്യമായിരുന്നുവെന്നും വിവരങ്ങൾ സുരക്ഷിതമാണെന്നുമായിരുന്നു സർക്കാരിന്റെ വാദം.

## കേന്ദ്രബജറ്റ്

(ഒന്നാം പേജിൽ നിന്നും)

ആരോഗ്യ മേഖലയ്ക്ക് പത്ത് ശതമാനം വർദ്ധിപ്പിച്ച് 1.06 ലക്ഷം കോടിയുമാക്കി.

വളർച്ചയ്ക്ക് വേഗം കൂട്ടൽ, പ്രതീക്ഷകളെ യാഥാർത്ഥ്യമാക്കൽ, എല്ലാവരെയും ചേർത്തുള്ള വികസനം എന്നീ മൂന്ന് കർത്തവ്യങ്ങളിലധിഷ്ഠിതമാണ് ബജറ്റ്. കഴിഞ്ഞ ഓഗസ്റ്റിൽ ഉദ്ഘാടനം ചെയ്ത കർത്തവ്യഭവനിൽ വെച്ച് തയ്യാറാക്കിയ ആദ്യ ബജറ്റാണിത്. പുതിയ ആദായനികുതി നിയമം ഏപ്രിൽ ഒന്നിന് നിലവിൽ വരുമെന്നും ലളിതവത്കരിച്ച നികുതിച്ചട്ടങ്ങളും ഫോമുകളും ഉടൻ പുറത്തിറക്കുമെന്നും ധനമന്ത്രി അറിയിച്ചു.

16-ാം ധനകാര്യ കമ്മീഷന്റെ ശിപാർശകളിൽ കേരളത്തിന് പ്രതീക്ഷിച്ചത് കിട്ടിയില്ല. അടുത്ത അഞ്ചുവർഷം കേന്ദ്രത്തിൽനിന്നുള്ള നികുതിവിഹിതം 1.925 ശതമാനത്തിൽനിന്ന് 2.382 ശതമാനമാക്കിയത് നേട്ടമാണെങ്കിലും മുൻ കമ്മീഷൻ അനുവദിച്ച റവന്യൂക്കമ്മി നികത്തുന്നതിനുള്ള ഗ്രാന്റും വിവിധ മേഖലകൾക്ക് നൽകുന്ന സഹായധനവും ഇത്തവണയില്ല.

സംസ്ഥാനങ്ങൾക്ക് ഇത്തരം ഗ്രാന്റ് നൽകേണ്ടതില്ലെന്നാണ് കമ്മീഷൻ നിലപാട്. കേന്ദ്രം സംസ്ഥാനങ്ങളുമായി പങ്കുവെക്കുന്ന നികുതിവിഹിതം 41 ശതമാനത്തിൽനിന്ന് 50 ആക്കണമെന്ന കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ആവശ്യവും പരിഗണിച്ചില്ല.


നടപ്പുവർഷം കേന്ദ്രത്തിൽനിന്ന് കിട്ടിയ നികുതിവിഹിതം 26,814.70 കോടിയായിരുന്നു. ഇത് 36,355.39 കോടിയാവും. 9,540.69 കോടിയുടെ വർധന. എന്നാൽ, ഗ്രാന്റുകൾ ഇല്ലാതാകുന്നതോടെ ധനക്കമ്മീഷൻ ശിപാർശവഴി കിട്ടുമെന്ന് പ്രതീക്ഷിച്ച് കേരളം ബജറ്റിൽ ഉൾപ്പെടുത്തിയതിൽ അടുത്ത സാമ്പത്തികവർഷംമാത്രം 32,000 കോടിയുടെ കുറവുവരും.

15-ാം ധനകാര്യകമ്മീഷൻ റവന്യൂക്കമ്മി നികത്താൻ 37,814 കോടിയും വിവിധ മേഖലകൾക്കായി 2412 കോടിയും ഗ്രാന്റായി അനുവദിച്ചിരുന്നു. അന്ന് കമ്മീഷൻ നിലവിൽവരുന്നതിനു മുൻപ് ഇടക്കാലത്തേക്കു അനുവദിച്ചതുകൂടി ചേർത്താൽ 54,000 കോടിയാണ് കമ്മി നികത്താൻ കിട്ടിയിരുന്നത്.

15-ാം ധനക്കമ്മീഷൻ റവന്യൂക്കമ്മി നികത്തുന്നതിനുള്ള ഗ്രാന്റ് അനുവദിച്ചതിനാൽ അഞ്ചുവർഷംകൊണ്ട് സംസ്ഥാനങ്ങളുടെ റവന്യൂക്കമ്മി പൂജ്യമാകേണ്ടതാണ്.

അതിനാൽ ഇത്തരം ഗ്രാന്റുകൾ അനുവദിക്കുന്നില്ലെന്നാണ് 16-ാം കമ്മീഷന്റെ തീരുമാനം. ഈ തീരുമാനം സർക്കാർ ഗൗനിക്കുന്നുവെന്നാണ് നടപടി റിപ്പോർട്ടിൽ കേന്ദ്രസർക്കാർ രേഖപ്പെടുത്തിയിരിക്കുന്നത്.


PARADISE AUDIO MINISTRIES FLORIDA-U.S.A.
PARADISE AUDIO MINISTRIES
FLORIDA - USA
Presents...
SUSAN B JOHN FLORIDA
(LYRICS, MUSIC & PRODUCER)
വാഗ്ദത്തം ചെയ്ത പരൻ
LYRICS, MUSIC & PRODUCER - SUSAN B JOHN FLORIDA
VOX - NILA JOSEPH | ORCHESTRATION - SERHA COMPANY
MIXED AND MASTERED BY KAY ESS @ SS DIGITAL STUDIOS, THIRUVANANTHAPURAM
CHORUS- SERHA PRAMOD, ANGEL SP JOHANA PRAMOD,
VIJIN S JOSEPH,ROSHINI, NELSON JOHN
··· COMING SOON ···


DOULOS BIBLICAL SEMINARY VECHOOCHIRA, RANNI
DOULOS INT. MINISTRIES,INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG
'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി
DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.
ZOOM
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA
Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)
FOUNDER PRESIDENT
PR. DR. V. P. JOSE
PRINCIPAL
PR. DR. JOHN. K. MATHEW
VICE. PRINCIPAL
PR. ANIL KODITHOTTAM
DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath
26 YEARS IN CHRISTIAN MINISTRY
CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289


Grace CONVENTION CENTER
Punnamoodu, Mavelikara
DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)
SERVICES
PHOTOGRAPHY
STAGE DECORATION
CATERING SERVICE:
(Kerala sadhya, Christian Meals, Dum Biriyani, North Indian Food)
FUSION, TALLMAN SECURITY,
PREMIUM CARS, ENTERTAINMENT
CHURCH CHOIR, ANCHORING
LED WALL, LIVE STREAMING
EVENTS
WEDDING PLANNING,
ENGAGEMENT
FUNERAL SERVICE,
BETROTHAL, BAPTISM,
BIRTHDAY PARTIES,
HOUSE WARMING,
BUSINESS CONFERENCE
GET TOGETHER Etc;
Celebrate your Dreams With Us...
TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR
GRACE CONVENTION CENTER
Celebrate your Dreams with Us

# തോമസ് വടക്കേലിന് ആദരാഞ്ജലി

## തോമസ് വടക്കേൽ: ജീവിതരേഖ

മുപ്പത് വർഷക്കാലം കേരളാ എക്സ്പ്രസ്സിന്റെ കേരള ഘടകം എഡിറ്റർ ആയിരുന്ന തോമസ് വടക്കേൽ കൈവെച്ച മേഖലകളിലെല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയാണ്. അദ്ദേഹത്തിന്റെ ജീവിത വഴിയിലൂടെ....

പൂഞ്ഞാർ വടക്കേൽ വി.ടി. കുര്യൻ- കുഞ്ഞു മറിയം ദമ്പതികളുടെ ഏകപുത്രനാണ് തോമസ് വടക്കേൽ (ഉമ്മച്ചൻ). ഭാര്യ: ദീനാമ്മ തോമസ് (മുൻ അദ്ധ്യാപിക അമലാംബിക കോളജ്, കോട്ടയം, സെന്റ് ജോൺസ് കോളജ് തിരുവല്ല).

മക്കൾ: സിറിൾ തോമസ് വടക്കേൽ (യു.കെ), ജോർജ്കുട്ടി തോമസ് (യു.കെ), അമൃത ബിജു (രാമങ്കരി, ആലപ്പുഴ).

മരുമക്കൾ: ബിജു നാല്പതാംകളം (രാമങ്കരി, ആലപ്പുഴ), സ്വപ്ന ചാക്കോ (യു.കെ).

കൊച്ചുമക്കൾ: ഏഞ്ചൽ ബിജു (എൽഎൽ.ബി വിദ്യാർത്ഥിനി), ആൻ റോസ് ബിജു (പ്ലസ് വൺ വിദ്യാർത്ഥിനി), ഡാനിയേൽ തോമസ് ജോർജ്, ജോയൽ ജെയിംസ് ജോർജ്, ജോഷ്വ തോമസ് ജോർജ് (മൂവരും യു.കെയിൽ വിദ്യാർത്ഥികൾ).

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തോമസ് വടക്കേൽ തേവര സേക്രഡ് ഹാർട്ട് കോളജ്, എറണാകുളം മഹാരാജാസ് കോളജ് എന്നിവിടങ്ങളിൽ പഠിച്ച് മലയാള ഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തരബിരുദമെടുത്തു. തുടർന്നു ദീപിക പത്രാധിപസമിതിയംഗമായി. പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർത്ത് സിനിമയെക്കുറിച്ച് ആധികാരികമായി ദീപിക പഠിപ്പിച്ചു. തുടർന്നു നിയമപഠനവും നടത്തി.

പിതൃസഹോദരൻ മാത്യു വടക്കേലിന്റെ പ്രചോദനമുൾക്കൊണ്ടും പ്രേരണകൊണ്ടും ഉമ്മച്ചൻ സ്കൂൾ വിദ്യാർത്ഥിയായിരിക്കെത്തന്നെ സാഹിത്യരചന ആരംഭിച്ചു. 23 വയസ്സിനിടയിൽ ഇരുന്നൂറിലേറെ ചെറുകഥകൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. എറണാകുളം മഹാരാജാസ് കോളജിൽ പഠിക്കുമ്പോൾതന്നെ ദീപിക പത്രത്തിന്റെ ചലച്ചിത്ര നിരൂപകനായി. ദീപികയിൽ ജോലിയിൽ പ്രവേശിച്ചതിനെത്തുടർന്ന് ഫിലിം പേജിന്റെ ചുമതല കൂടി ഏറ്റെടുത്തു.

കുട്ടികളുടെ ദീപികയുടെ എഡിറ്ററാകുന്ന ആദ്യത്തെ അല്മായൻ തോമസ് വടക്കേലാണ്. കുട്ടികളുടെ ദീപികയുടെ എഡിറ്റോറിയലായ കൊച്ചേട്ടന്റെ കത്ത്, വിമർശന പംക്തികളായ അമ്മാവൻ, തങ്കമ്മചേച്ചി എന്നിവയും ഈ കാലയളവിൽ കൈകാര്യം ചെയ്തിരുന്നു. ദീപികയിൽ മാത്രം ആയിരത്തിലേറെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ രണ്ടായിരത്തിലേറെ നിരൂപണങ്ങളും. സത്യധരൻ, വിക്ടർ, ടീവി എന്നീ തൂലികാ നാമങ്ങളിലും എഴുതി.

ദീപിക വർക്കിംഗ് ജേർണലിസ്റ്റ് യൂണിയൻ പ്രസിഡണ്ട്, കോട്ടയം പ്രസ്ക്ലബ് വൈസ് പ്രസിഡണ്ട്, ജോ. സെക്രട്ടറി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു.

ചലച്ചിത്ര നിരൂപകരുടെ സംഘടനയായ കേരളാ ഫിലിം ക്രിട്ടിക്സ് അസോസിയേഷൻ രൂപംകൊണ്ടത് തോമസ് വടക്കേലിന്റെ നേതൃത്വത്തിലാണ്. ദീർഘകാലം ഇതിന്റെ സാരഥികളിലൊരാളുമായിരുന്നു. ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്താറുള്ള താരനിശയും യേശുദാസിന്റെ ഗാനമേളയും 1983-ൽ കോട്ടയത്തു നടത്തിയത് തോമസ് വടക്കേൽ കൺവീനറായിട്ടാണ്.

ചിത്രകലയിലും പ്രാവീണ്യമുണ്ടായിരുന്ന ഉമ്മച്ചൻ സ്കൂൾ വിദ്യാർത്ഥിയായിരിക്കെ യുവജനോത്സവങ്ങളിൽ പലവട്ടം സമ്മാനം നേടി. കോളജ് വിദ്യാഭ്യാസത്തിനിടയിൽ ചെറുകഥ, കവിത, ലേഖനം എന്നിവയിൽ യൂണിവേഴ്സിറ്റി തലത്തിൽ ഒട്ടേറെ മത്സരങ്ങളിൽ ഒന്നാമനായി.



കേരളാ കോൺഗ്രസിന്റെ വിദ്യാർത്ഥിവിഭാഗമായ കെ.എസ്.സിക്ക് എറണാകുളം മഹാരാജാസ് കോളജിൽ യൂണിറ്റ് സ്ഥാപിക്കുന്നതിനു നേതൃത്വം നൽകി. കേരളാ കോൺഗ്രസ് ഏറ്റുമാനൂർ നിയോജക മണ്ഡലത്തിലെ സജീവ പ്രവർത്തകനും ഭാരവാഹിയുമായിരുന്നു.

എറിക് സെഗാളിന്റെ ബെസ്റ്റ് സെല്ലർ നോവലായ 'ലൗ സ്റ്റോറി' മലയാളത്തിലേക്കു വിവർത്തനം ചെയ്ത് 'ജെന്നി' എന്ന പേരിൽ പ്രസിദ്ധീകരിച്ചു. ഈ നോവലാണ് 'മദനോത്സവം' എന്ന പേരിൽ സിനിമയായത്. പാലാ കെ.എം. മാത്യു ചീഫ് എഡിറ്ററായി പ്രസിദ്ധീകരിച്ച 101 ബാലകഥകൾ, 101 മഹാന്മാർ എന്നീ ഗ്രന്ഥങ്ങളുടെ രചനയിലും എഡിറ്റിംഗിലും മുഖ്യപങ്കു വഹിച്ചു.

ചലച്ചിത്രലോകവുമായി അടുത്തബന്ധം പുലർത്തിയിരുന്നു. പ്രേംനസീർ, പി.ജെ. ആന്റണി, അടൂർഭാസി, വീരൻ എന്നീ മലയാള നടന്മാരും രാജ് കപൂർ, മനോജ് കുമാർ തുടങ്ങിയ ഹിന്ദിയിലെ പ്രഗത്ഭരും പ്രശസ്ത ഗായകനായ മുഹമ്മദ് റാഫിയും തോമസ് വടക്കേലിന്റെ സുഹൃത് വലയത്തിലുണ്ടായിരുന്നവരാണ്.

തോമസ് വടക്കേലിനെക്കുറിച്ച് മാത്തുക്കുട്ടി ജെ. കുന്നപ്പള്ളി ഒരു ലേഖനവും ഫാ. ചെറിയാൻ കുനിയന്തോടത്ത് രണ്ടു ലേഖനങ്ങളും എഴുതിയിട്ടുണ്ട്. ഇത് 24 വയസ് തികയുന്നതിന് മുമ്പാണ്.

1987-ൽ ദീപികയിൽനിന്നും രാജിവെച്ച് സഖിവാരികയുടെ ചീഫ് എഡിറ്ററായി. തുടർന്ന് അമേരിക്കയിലെ ചിക്കാഗോയിൽനിന്നും പ്രസിദ്ധീകരണമാരംഭിച്ച കേരളാ എക്സ്പ്രസ് പത്രത്തിന്റെ എഡിറ്ററായി 30 വർഷം സേവനമനുഷ്ഠിച്ചു.

വടക്കേൽ കുടുംബത്തിൽനിന്നും എം.എ. ബിരുദമെടുക്കുന്ന ആദ്യ വ്യക്തിയാണ് തോമസ് വടക്കേൽ.

### പ്രധാന രചനകൾ

പുഴ ഒഴുകും വഴി (നോവൽ) ദീപിക വാരാന്തപ്പതിപ്പ്

ജെന്നി (നോവൽ) കുടുംബദീപം

ആചാര്യ രജനീഷിനെക്കുറിച്ചുള്ള ലേഖന പരമ്പര (ദീപിക വാരാന്തപ്പതിപ്പ്)

മൾട്ടിപ്പിൾ മർഡർ കേസ് (ദീപിക)

എന്തെഴുതണം, എങ്ങനെ എഴുതണം (സാഹിത്യ രചന നടത്തുന്നവർക്കു വേണ്ടിയുള്ള ലേഖന പരമ്പര)

എത്രയെത്ര ചുവന്ന തെരുവുകൾ (പരമ്പര മംഗളം വാരിക)

കഴുതയും ഞാനും അഗ്രഹാരങ്ങളും (ദീപിക)

നിരവധി ചെറുകഥകൾ

ആയിരത്തോളം എഡിറ്റോറിയലുകൾ

നിരവധി അഭിമുഖങ്ങൾ

**തോമസ് വടക്കേലിന്റെ നിര്യാണത്തിൽ**
**കേരളാ എക്സ്പ്രസ്സ് കുടുംബത്തിന്റെ ആദരാഞ്ജലികൾ**

Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**